# നിയമധ്വനി

വാല്യം 2
ഇഷ്യു 1
ഏപ്രിൽ 2018

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം



എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ



HAPPY
VIShU

# നിയമ ധ്വനി



കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

67/2018 - 1

## പത്രാധിപ സമിതി

| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | **ബി. ജി. ഹരീന്ദ്രനാഥ്**<br>നിയമ സെക്രട്ടറി |
| *എഡിറ്റർ* | : | **എൽ. ശോഭാ നായർ**<br>അഡീഷണൽ നിയമ സെക്രട്ടറി |
| *അംഗങ്ങൾ* | : | **ഗ്രാൻസി റ്റി. എസ്.**<br>ജോയിന്റ് സെക്രട്ടറി |
| | | **സോണിഷ്, കെ.**<br>സെക്ഷൻ ആഫീസർ |
| | | **ലക്ഷ്മി പ്രതാപൻ**<br>ലീഗൽ അസിസ്റ്റന്റ് |
| *പുറംതാൾ രൂപകല്പന* | : | **അദീപ് അൻവർ** |
| *വിലാസം* | : | നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ)<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം-695 001. |
| *ഫോൺ* | : | 0471-2517064, 0471-2517066<br>നിയമ സെക്രട്ടറി |


ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനത്തിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റേയോ നിയമവകുപ്പിന്റേയോ അല്ലായെന്നും അവ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

*—പത്രാധിപ സമിതി*



# പ്രസാധക കുറിപ്പ്

ഭരണത്തിന്റെ സമസ്ത മേഖലകളിലും ഇന്ന് മലയാളഭാഷയുടെ പ്രയോഗം സമഗ്രമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമെന്നോണം നിയമ (ഔദ്യോഗികഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പ് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും സുപ്രധാനമായ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി, പ്രസിദ്ധീകരിക്കുന്നു. ഇതിലൂടെ ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതിയും പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളെക്കുറിച്ച് സാധാരണ ജനത്തിന് അവബോധം സൃഷ്ടിക്കാനും അതോടൊപ്പം നിയമവാഴ്ച ഉയർത്തി പിടിക്കുന്നതിലും നടപ്പാക്കുന്നതിനും കോടതികൾ പുലർത്തുന്ന കർത്തവ്യബോധത്തിനെ കുറിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിനും ഇടവരുത്തും എന്നതിൽ സംശയമില്ല.

നിയമധ്വനിയുടെ ഓരോ പതിപ്പിനും മാന്യ വായനക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം എല്ലാ വായനക്കാർക്കും ഐശ്വര്യത്തിന്റേയും സമ്പൽ സമൃദ്ധിയുടെയും **വിഷു ആശംസകൾ** നേർന്ന് കൊണ്ട്,

നിയമ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
തിരുവനന്തപുരം,
22-03-2018.

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

## ഉൾത്താളുകളിൽ......

### സുപ്രീം കോടതി വിധിന്യായങ്ങൾ

1. എം.സി. മേത്ത *Vs* യൂണിയൻ ഓഫ് ഇൻഡ്യയും മറ്റുള്ളവരും ഇൻ റി: വിശ്വജോതി ഓവർസീസ് (പി) എൽ.റ്റി.ഡി.-യും മറ്റുള്ളവരും ..... 03

2. രാംജി സിംഗ് പട്ടേൽ *Vs* ഗ്യാൻ ചന്ദ്ര ജയ്സ്വാൾ ..... 19

3. ജയപ്രകാശും മറ്റുള്ളവരും *Vs* റ്റി.എസ്. ഡേവിഡും മറ്റുള്ളവരും ..... 25

4. മൻജീത് സിംഗ് *Vs* നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡും മറ്റുള്ളവരും ..... 29

### ഹൈക്കോടതി വിധിന്യായങ്ങൾ

1. മെസ്സേഴ്സ് ഹോട്ടൽ ഡെലിസ റസിഡൻസി *Vs* കേരള സർക്കാരും മറ്റുള്ളവരും ..... 35

2. അർഷാദും മറ്റുള്ളവരും *Vs* കേരള സംസ്ഥാനവും മറ്റൊരാളും ..... 42

3. 2017-ലെ ഐ.എ. നമ്പരുകൾ 15973 & 15979, 15980 കൂടെ ക്രിമിനൽ എം.സി. നം. 2017-ലെ 5684 ..... 45

4. അംബിക *Vs* കെ. അരവിന്ദാക്ഷൻ ..... 53

5. ലക്ഷ്മി വി. പി. *Vs* കേരള സർക്കാരും മറ്റുള്ളവരും ..... 59

6. കെ. ആർ. സിനിമോൾ *Vs* (പൊതു) വിവാഹങ്ങളുടെ പ്രാദേശിക രജിസ്ട്രാർ (ജനന മരണങ്ങളുടെ രജിസ്ട്രാർ), നായരമ്പലം ഗ്രാമപഞ്ചായത്തും മറ്റുള്ളവരും ..... 62

7. മഞ്ചുലാൽ *Vs* യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ..... 64

GPM. 5/267/2018-1

# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് മദൻ ബി ലോകുർ

&

ബഹു. ജസ്റ്റിസ് ദീപക് ഗുപ്ത

ഇടക്കാല അപേക്ഷകൾ നം. 93010 & 93007/2017

റിട്ട് ഹർജി (സിവിൽ) നം. 4677/1985

എം. സി. മേത്ത

*Vs*

യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും

ഇൻ റി: വിശ്വജോതി ഓവർസീസ് (പി) എൽ.റ്റി.ഡി.-യും മറ്റുള്ളവരും

2017 ഡിസംബർ 15-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഡൽഹിയിലെ വാസയോഗ്യമായതും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ പ്രദേശങ്ങളിൽ അനധികൃതമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന മലിനീകരണമാണ് ഈ ഹർജിക്ക് ആസ്പദമായ വിഷയം. മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ഡൽഹിയിലെ പൗരന്മാരുടെ ആരോഗ്യത്തെയും സ്വൈര്യ ജീവിതത്തെയും ബാധിക്കുന്നതും ആയത്, അധികാരവും നിയന്ത്രണശക്തിയും കൈയാളുന്നവരുടെ ഒത്താശയോടെയാണെന്നും കാണുന്നു. മേൽ വിഷയത്തിൽ കോടതി പുറപ്പെടുവിച്ച പല ഉത്തരവുകളും നടപ്പാക്കാൻ അധികാരികൾ ഉചിതനടപടികൾ സ്വീകരിച്ചിട്ടില്ല. നിരീക്ഷണ സമിതി രൂപീകരിക്കുകയും മേൽ സമിതി, അപേക്ഷകർ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.**

### വിധിന്യായം

ജസ്റ്റിസ് മദൻ ബി. ലോകൂർ,

നൂറു വർഷങ്ങളോളമായി ഡൽഹിയെ അക്രമികൾ കൊള്ളയടിച്ചിരുന്നു, എന്നാൽ, കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി അതിനെ കൊള്ളയടിക്കുന്നത് അതിന്റെ തന്നെ പൗരന്മാരും തലസ്ഥാന നഗരം ഭരിക്കുന്ന ഉദ്യോഗസ്ഥന്മാരുമാണ്-ഞങ്ങൾ പരാമർശിക്കുന്നത്, അനധികൃത നിർമ്മാണങ്ങളെയും ഭവന പരിസരങ്ങൾ വ്യവസായത്തിനും മറ്റു വാണിജ്യ ഉദ്ദേശ്യങ്ങൾക്കുമായി ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ചാണ് ഈ കോടതി, വിവിധ തീരുമാനങ്ങളിൽ ഈ നിയമാനുസൃതമല്ലാത്ത നടപടികളിലേക്ക് ശ്രദ്ധ തിരിച്ചിട്ടുള്ളതും നഗര ജീവിതത്തിന് കുറച്ച് സ്വസ്ഥബുദ്ധി നൽകുന്നതിന് ശ്രമിക്കുന്നതിനും സമയാസമയങ്ങളിൽ

നിർദ്ദേശങ്ങൾ നൽകിയിരുന്നതും, എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. ഞങ്ങളുടെ മുന്നിലുള്ള ഈ അപേക്ഷകൾ, ഈ അപേക്ഷകളിലേക്കു നയിക്കുന്ന, ഗതകാല പരമായ സംഭവങ്ങളും ചരിത്രപരമായ വികസനങ്ങളും ഇങ്ങനെയുള്ള ചില തർക്കങ്ങളിൽ ഞങ്ങളുടെ ഭരണഘടനാ പരമായ ചുമതലകൾ മനസിൽ വച്ചുകൊണ്ട് പ്രതിഫലിപ്പിക്കുവാനും തീരുമാനിക്കുവാനും ഇടവരുത്തി.

**2004 മെയ് 7-ലെ തീരുമാനം**

2. പണ്ട്, 1990-കളിൽ തലസ്ഥാന നഗരമായ ഡൽഹിയിൽ വിവിധങ്ങളായ അനധികൃത പ്രവർത്തനങ്ങൾ, താമസയോഗ്യ മായതോ അനുയോജ്യമല്ലാത്ത പ്രദേശ ങ്ങളിലോ സ്ഥാപിച്ചിട്ടുള്ള വ്യവസായങ്ങളെ സംബന്ധിച്ചും അതുപോലെ തന്നെ മറ്റു വാണിജ്യ ആവശ്യങ്ങൾക്കായി ഭവന പരിസരങ്ങൾ ദുരുപയോഗം ചെയ്തു വരുന്നതായി ഈ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഫയൽ ചെയ്ത ഒരപേക്ഷ യിൽ, അധികാരസ്ഥാനത്തും നിയന്ത്രണ ശക്തിയിലുമിരിക്കുന്നവർ ആപൽക്കര മായതും അറപ്പുളവാക്കുന്നതുമായ വ്യവസായ ങ്ങളെയും, ഈടുള്ളതും ബൃഹത്തായ വ്യവസായങ്ങളെയും തുടർച്ചയായുള്ള നിയമലംഘനങ്ങളോ അല്ലെങ്കിൽ തന്നെ ഭവനപരിസരങ്ങൾ ഒരു വാണിജ്യ ആവശ്യ ത്തിനായി ദുരുപയോഗം ചെയ്യുന്നത് നിർത്ത ലാക്കുന്നതിനോ ഡൽഹിക്കു പുറത്തേക്കു നീക്കുന്നതിനോ നടപടികൾ എടുക്കുന്നതിൽ ശ്രദ്ധാലുക്കളല്ലായെന്നും ഈ കോടതി തിരിച്ചറിഞ്ഞു. അധികാരികളുടെ മനോഭാവം, ഡൽഹിയിലെ പൗരന്മാരുടെ അഭ്യുദയ ത്തിനെ ബാധിക്കുന്ന ഒരു തർക്കം തെറ്റായനിർവ്വഹണമോ നിർവ്വഹിക്കാ തിരിക്കലോ ഉയർത്തി കാട്ടേണ്ടതാ ണെന്നിരിക്കെ, അധികാരസ്ഥാനത്തും നിയന്ത്രണശക്തിയോടും കൂടി ഇരിക്കുന്ന വരുടെ തോന്ന്യാസങ്ങൾക്കും താല്പര്യ ങ്ങൾക്കും ഒരു മൂക സാക്ഷിയാകാൻ ഒരിക്കലും പറ്റില്ലായെന്നും ഈ കോടതിക്കു ബോധ്യപ്പെട്ടു. ഡൽഹിയിലെ പൗരന്മാർക്കു വേണ്ടി നിയമം നടപ്പാക്കാൻ അധികാര ത്തിലും നിയന്ത്രണശക്തിയിലും ഇരിക്കുന്ന വരോട് നിർദ്ദേശിക്കേണ്ടത് ആവശ്യമാണെന്ന് കൂടി അതിന് ബോധ്യപ്പെട്ടു. നിയമ വാഴ്ചയ്ക്ക് ബന്ധപ്പെട്ട ആഫീസർമാരിൽ നിന്നും യാതൊരു സഹായവുമില്ലാത്തതും, ഇന്ന്, ഡൽഹിയിലെ പൗരന്മാർ അഭിമുഖീ കരിക്കുന്നതും സാക്ഷിയാവുന്നതും, മറ്റു പ്രശ്നങ്ങൾക്കിടയിൽ ഡൽഹിയിൽ നിഷ്ഠൂരമായ തലങ്ങളിലുള്ള മലിനീകരണ മൊത്തമായും നിയമ വാഴ്ചയോടുള്ള താല്പര്യമില്ലായ്മ കൊണ്ടാണ്-ശ്വസിക്കു വാൻ അസാദ്ധ്യമായി മലിനപ്പെട്ട വായുവും അനന്തരഫലമായി അവരുടെ ശ്വാസകോശ ത്തിനുണ്ടാകുന്ന ക്ഷതവും ശ്വാസോച്ഛ്വാസ വൈഷമ്യങ്ങളും ശിശുക്കളുടെയും കുട്ടികളു ടെയും തലച്ചോറിന് സംഭവിക്കാവുന്ന ക്ഷതവുമൊക്കയായി ഡൽഹിയിലെ പൗരന്മാർ ഭാരിച്ച വില നൽകിക്കൊണ്ടിരി ക്കുകയാണ് എന്ന സ്ഥിതിവിശേഷം ഈ കോടതി അഭിമുഖീകരിച്ചു.

3. എം.സി മേത്ത, ഒരു പരി:സ്ഥിതി പ്രവർത്തകൻ, നിലവിലുള്ള ഒരു റിട്ട് ഹർജിയിൽ, ഡൽഹിയിലെ വായൂമലിനീ കരണത്തിന് ഒരു പരിഹാരം കാണുന്നതി ലേയ്ക്കായി ഒരപേക്ഷ ഈ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതാണ്. അദ്ദേഹം വിവിധ പരിഹാരങ്ങൾ തേടിയിട്ടുണ്ടെങ്കിലും, ആ കോടതി, ആദ്യമായി വാസയോഗ്യമായ പ്രദേശങ്ങൾ വ്യാവസായിക ആവശ്യങ്ങൾ ക്കായി ഉപയോഗിക്കുന്നതിലേക്കും, പിന്നീട്, ഭവനപരിസരങ്ങൾ മറ്റു വാണിജ്യപ്രവർത്തന ങ്ങൾക്കായി ദുരുപയോഗം ചെയ്യുന്ന

തിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ഈ വിവാദങ്ങൾ ആദ്യം ഉയർന്നത്, അയാളുടെ അപേക്ഷയിന്മേൽ, 2002-സെപ്റ്റംബർ 30-നും 2003 ആഗസ്റ്റ് 19-നും ഈ കോടതി പ്രാരംഭ ഉത്തരവ് പാസ്സാക്കിയപ്പോഴാണ്. അതിനുശേഷം, വാസയോഗ്യമായ പ്രദേശങ്ങൾ വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ വിവാദം ഈ കോടതി അഭിസംബോധന ചെയ്യുന്നത് 2004 മെയ് 7-ാം തീയതിയിലെ എം.സി മേത്ത *Vs* യൂണിയൻ ഓഫ് ഇന്ത്യ (2004) 6 എസ്സിസി 588 ഒരു വിധി ന്യായത്തിലും ഉത്തരവിലുടെയുമാണ്.

4. 2004 മെയ് 7-ാം തീയതിയിലെ വിധിന്യായത്തിന്റെയും ഉത്തരവിന്റെയും ഒരു വായനയിൽ ഡൽഹിയുടെ ഭരണവുമായി ബന്ധപ്പെട്ട എല്ലാവരും നിയമവാഴ്ചയുമായി സഹകരിക്കുമെന്നും അതിന്റെ നടപ്പാക്കൽ ഉറപ്പാക്കുമെന്നും ഈ കോടതി പ്രതീക്ഷിച്ചിരുന്നു എന്ന് വ്യക്തമാണ്. നിർഭാഗ്യവശാൽ, നിയമം നടപ്പാക്കുന്നതിനായി എടുത്തിട്ടുള്ള നടപടികളുടെ പേരിലും വിശ്വാസം അർപ്പിച്ചിരുന്നത്, ഡൽഹിക്കു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിലും വ്യാവസായിക പ്രവർത്തനങ്ങൾ പ്രദേശങ്ങളിൽ തുടർന്നിരുന്നതിനാലും അതുകൊണ്ട് അർത്ഥമാക്കുന്നത് ഡൽഹിയിലെ വാസയോഗ്യ പ്രദേശങ്ങളിൽ അനധികൃത വ്യാവസായിക പ്രവർത്തനങ്ങൾ തുടർന്നില്ലായെന്നുവെന്നത് കളവാണെന്ന് വിശദീകരിക്കുന്ന സംഭവങ്ങളാൽ ഈ കോടതി മനോവേദനയിലാണ്.

5. ഭാരത സർക്കാരോ ഡൽഹി സർക്കാരോ മറ്റേതെങ്കിലും നിയമാനുസൃത അധികാരസ്ഥാനമോ ഡൽഹിയിൽ മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് നിർലജ്ജമായ ലംഘനത്തിലൂടെ അനധികൃതവും നിയമാനുസൃതമല്ലാത്തതുമായ വ്യാവസായിക പ്രവർത്തനങ്ങൾ ആരംഭിക്കുകയും തുടരുകയും ചെയ്യുന്നതും ബന്ധപ്പെട്ട അധികാരികൾ യാതൊരു നടപടിയോ ഫലപ്രദമല്ലാത്ത നടപടിയോ എടുത്തിട്ടില്ലായെന്ന തർക്കം ഉന്നയിച്ചിട്ടില്ലായെന്നുള്ളതും കോടതി ശ്രദ്ധിച്ചു. അവരുടെ ബന്ധപ്പെട്ട ഭവനങ്ങൾ ക്രമത്തിൽ കൊണ്ടുവരാതെ, നടപടി എടുക്കേണ്ട ഉത്തരവാദിത്വം ഓരോ അധികാരസ്ഥാനവും പരസ്പരം കൈമാറിയും പഴിചാരി കൊണ്ടും-അത് ഭാരത സർക്കാരോ ഡൽഹി സർക്കാരോ നിയമാനുസൃത അധികാരസ്ഥാനങ്ങളോ, തമ്മിൽ ഒരു കുറ്റപ്പെടുത്തൽ മത്സരം ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദാരുണമായി, ഈ സ്ഥിതി വിശേഷം ഇപ്പോഴും തുടരുന്നതും സഹിക്കേണ്ടിവരുന്നവർ ഡൽഹിയിലെ പൗരന്മാരാണ്, സഹനത്തിൽ വരുന്നത് ഹാനീകരമായതും മാരകമായതുമായ വായു ശ്വസിക്കുക മാത്രമല്ല, ഡൽഹിയിൽ വസിക്കുന്ന കുട്ടികളും ശിശുക്കളും ഉൾപ്പെടെയുള്ള ആയിരക്കണക്കിനാളുകളുടെ ആരോഗ്യവും അതിൽ വരും. മറ്റൊരുതരത്തിൽ, ഡൽഹിയിൽ നിയമവാഴ്ച നടപ്പാക്കുന്നതിൽ വന്ന വീഴ്ചയുടെ അനന്തരഫലം, ഒരു തലമുറ വരെ പ്രഭാവമുള്ളതും അതു വിനാശകരമല്ലാതെ മറ്റൊന്നുമല്ല.

6. ഡൽഹി സർക്കാരിനെ സംബന്ധിച്ചിടത്തോളം, മാസ്റ്റർ പ്ലാൻ നടപ്പാക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ ചുമതലയല്ലെന്ന് ഈ കോടതി ശ്രദ്ധിച്ചിരുന്നു. ഭാരത സർക്കാരിനെ സംബന്ധിച്ചിടത്തോളം, അത് നടപ്പാക്കൽ ഏജൻസിയല്ലായെന്നും, ഇതേ സംബന്ധിച്ച് ഭാരത സർക്കാർ ഒരു മലക്കം മറിച്ചിലാണ് എടുത്തിട്ടുള്ളതെന്നും ഈ കോടതി ശ്രദ്ധിച്ചിരുന്നു., ഡൽഹിയിലെ മറ്റു നിയമാനുസൃത അധികാരസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം, അവരും നിഷ്ക്രിയത്വത്തിന് ഏതെങ്കിലും ഉത്തരവാദിത്വം ചുമലിലേറ്റുന്നതിൽ നിന്ന് ഒഴിഞ്ഞു.

സംസ്ഥാനത്തെ ഓരോ അധികാരസ്ഥാന ങ്ങളും സൗകര്യാർത്ഥം നിയമവ്യവസ്ഥ കൾക്ക് യാതൊരു ആദരവും നൽകാതെയും നിയമവാഴ്ചയോട് നിർലജ്ജമായ ലംഘന ത്തിലൂടെയും അവരുടെ നിലപാട് മാറ്റി കൊണ്ടിരുന്നു. ഇതിലെല്ലാം, ബാഹ്യ പ്രേരണകളുടെ. ഗൂഢാലോചന വ്യവസായ ത്തിൽ ഉള്ളതായി ഈ കോടതി അസ്പഷ്ട മായ സൂചന നൽകി.

7. അതനുസരിച്ച്, ഡൽഹിയിലെ താമസയോഗ്യമായതോ യോഗ്യമല്ലാത്ത പ്രദേശങ്ങളിലോ ഉള്ള വ്യാവസായിക പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ കോടതി, അതിന്റെ 2004 മെയ് 7-ലെ തീരുമാനത്തിലെ നിർദ്ദേശങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന തിനും നടപ്പാക്കൽ ഉറപ്പാക്കുന്നതിനും ഒരു നിരീക്ഷണ സമിതിയെ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്ന് മനസ്സിലാക്കുന്നു.

## 2006 ഫെബ്രുവരി 16-ലെ തീരുമാനം

8. ശേഷമുള്ള തീരുമാനമായ 2006 ഫെബ്രുവരി 16-ാം തീയതിയിലെ **എം.സി.മേത്ത *Vs* യൂണിയൻ ഓഫ് ഇൻഡ്യയിൽ**, നിരവധി വർഷങ്ങളായി ഈ കോടതിയുടെ ശ്രദ്ധ ആകർഷിക്കുന്ന പരിസ്ഥിതി നിയമങ്ങൾക്കു പുറമേ മുനിസിപ്പാലിറ്റി നിയമങ്ങൾ, മാസ്റ്റർ പ്ലാനും മറ്റു പ്ലാനുകൾ ഉൾപ്പെടെയുള്ള വിവിധ നിയമങ്ങളുടെ ഗൗരവമേറിയ ലംഘനങ്ങൾ ഈ കോടതിക്ക് വീണ്ടും ബോദ്ധ്യപ്പെട്ടു. കാലാകാലങ്ങളിൽ വിവിധ ഉത്തരവുകൾ പാസ്സാക്കിയിട്ടുള്ളത്, നിയമങ്ങൾ നടപ്പാക്കു ന്നത് സുദൃഢമാക്കുവാനും, പൗരന്മാരുടെ മൗലികവകാശങ്ങൾ സംരക്ഷിക്കുന്നതിനും അത് ഈ കോടതിയുടെ ഭരണഘടനാ പരമായ ചുമതലയാണെന്നും ശ്രദ്ധിച്ചിട്ടുണ്ട്.

9. ഈ കോടതി അങ്ങേയറ്റം പ്രസക്ത മായ ഒരു തർക്കം കൂടി പരിഗണിച്ചു:

പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നിയമത്താൽ ചുമതല പ്പെടുത്തിയവർ തന്നെ, അത് ലംഘിക്കുന്ന വരാകുകയോ ലംഘനങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നവരാകുകയോ ചെയ്താൽ എന്തു സംഭവിക്കും? അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷത്തിൽ, അഭിമുഖീകരി ക്കേണ്ടി വരുന്ന ദുർഘടമായ ജോലി, ഈ കോടതി അതിന്റെ ഭരണഘടനാപരമായ ചുമതലയുടെ ഒരു ഭാഗമായി, ജനങ്ങൾക്ക് അതിലുള്ള വിശ്വാസം നഷ്ടപ്പെടാതിരി ക്കുന്നതിനും നിയമവാഴ്ചയെ നിയമം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളവർ തന്നെ ലംഘിക്കുന്നത് ചൂണ്ടിക്കാട്ടുന്നതിനും നിയമവാഴ്ച സംരക്ഷിക്കപ്പെടേണ്ടതാണ്. ഈ തർക്കം നിയമത്തിന്റെ അഭാവം അല്ല മറിച്ച് അതിന്റെ നടപ്പാക്കലാണ് എന്ന് നിരീക്ഷിച്ചു.

10. 2004 മെയ് 7-ന് ഡൽഹിയിലെ അനധികൃത വ്യാവസായിക പ്രവർത്തന ങ്ങളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കൊണ്ട് ഒരു നിരീക്ഷണ സമിതി സ്ഥാപിക്കാൻ നിർബന്ധിച്ചു കൊണ്ടും ഈ കോടതി, ഡൽഹിയിലെ പൗരന്മാർ നേരിടുന്ന മറ്റൊരു പ്രശ്നത്തിലേക്ക് അതായത്, വാസയോഗ്യമായ ഗൃഹപരിസരങ്ങളും വാണിജ്യ ഉദ്ദേശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നതിനെ കുറിച്ച് അതിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. 2006 ഫെബ്രുവരി 16-ാം തീയതിയിലെ **എം.സി മേത്തയിലെ** തീരുമാനത്തിൽ, റിപ്പോർട്ടിന്റെ 53-ാം ഖണ്ഡികയിൽ, നിയമം പാലിക്കുന്നവരുടെ പരിസ്ഥിതിയും ആരോഗ്യകരമായ ജീവനവും നിയമലംഘനത്താൽ ബാധിക്കുമ്പോൾ അതിന് മൂകസാക്ഷിയായിരിക്കാൻ സാധിക്കില്ലായെന്ന് ഈ കോടതി വ്യക്തമാക്കിയിട്ടുണ്ട്. അത് സമർത്ഥിച്ചിരി ക്കുന്നു, ഈ കോടതിയുടെ വ്യാകുലത വളരെ വ്യക്തമാണ്.

''അതിന്റെ കഷ്ടപ്പാടിലും നിയമം അനുസരിക്കുന്നവരുടെ പരിസ്ഥിതിയെയും ആരോഗ്യകരമായ ജീവനത്തെയും കൂടി നിയമലംഘനങ്ങൾ ബാധിക്കുമ്പോൾ ഈ കോടതിക്ക് ഒരു മൂകസാക്ഷിയായി നോക്കിയിരിക്കാൻ സാധിക്കില്ല. **ഈ പ്രശ്നത്തിന്റെ ഘോരത, വലിയ ഒരളവ് വരെ, അധികാരസ്ഥാനങ്ങൾ തന്നെയുണ്ടാക്കുന്നതും, സംഗതികൾ ശരിയായ ദിശയിലാക്കുന്നതിന് ആരംഭം കുറിക്കാൻ പാടില്ലായെന്ന് അർത്ഥമാക്കുന്നില്ല.** അതിന്റെ ബൃഹത്തായ സ്വഭാവം കൊണ്ട് മുഴുവൻ ദുരുപയോഗക്കാരെയും ഒരേ സമയം നിർത്തലാക്കാൻ സാധിക്കുന്നില്ലായെങ്കിൽ, അപ്പോൾ പ്രബലരായ ലംഘനക്കാരിൽ തുടങ്ങി ഘട്ടംഘട്ടമായി അത് നിർത്തലാക്കേണ്ടതാണ്. **അത് ചെയ്യുന്നതിന് ഒരു നിശ്ചയദാർഢ്യം ആവശ്യമാണ്.** ഇതിനു മുമ്പും കഴിഞ്ഞ കുറെ വർഷങ്ങളായി പുറപ്പെടുവിച്ച ഉത്തരവുകൾ ചുരുക്കത്തിൽ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു, എന്നാൽ, അവ അധികാരസ്ഥാനങ്ങളിൽ യാതൊരു വിധ പ്രതികരണവും ഉണ്ടാക്കിയതായി കാണുന്നില്ല. എല്ലാക്കാലവും സംഗതികൾ ഈ രീതിയിൽ പോകുവാൻ അനുവദിച്ചു കൂടാ. ഒരു വശത്ത്, വിവിധ നിയമങ്ങൾ ഉണ്ടാക്കുകയും പ്രഗല്ഭരായ പദ്ധതി ആസൂത്രകർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ, നിലവിലുള്ള പ്രശ്നമായ അനധികൃത നിർമ്മാണങ്ങളെയും ദുരുപയോഗക്കാരെയും കൈകാര്യം ചെയ്യുന്നതിന് പദ്ധതികളിൽ വ്യവസ്ഥയുണ്ടാക്കുകയും, മറു വശത്ത്, അത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയമത്തിനോടോ മറ്റു പൗരന്മാരോടോ ബഹുമാനമോ സ്നേഹാദരങ്ങളോ ഇല്ലാതെ എല്ലാവരുടെയും കണ്ണിനു കീഴിൽ പരസ്യമായി അടങ്ങാതെ നടന്നുവരുന്നു.'' [ഞങ്ങൾ ഊന്നൽ നൽകുന്നു]

11. നിയമങ്ങൾ നടപ്പാക്കിയില്ലെങ്കിലും നിയമങ്ങൾ നടപ്പാക്കാനുള്ള കോടതികളുടെ ഉത്തരവുകൾ അവഗണിക്കുമ്പോഴും സമ്പൂർണ്ണ അരാജകത്വം മാത്രമായിരിക്കും ഫലം. 2006 ഫെബ്രുവരി 16-ലെ തീരുമാനത്തിൽ, ഈ കോടതി ഡൽഹിയിലെ വസ്തുക്കൾ വാണിജ്യ ആവശ്യങ്ങൾക്കായി അത്തരത്തിൽ വലിയ തോതിലുള്ള നിർലജ്ജമായ ദുരുപയോഗം ആഫീസർമാരുടെ ഗൂഢാലോചനയില്ലാതെ നടക്കാത്തതും പൗരന്മാരുടെ അവകാശങ്ങൾക്കു നേരെയുള്ള അഴിമതിയും സ്വജനപക്ഷപാതവും സമ്പൂർണ്ണ ഉദാസീനതയും നിയന്ത്രിക്കുവാൻ നടപടിയെടുക്കേണ്ടത് അതിനാൽ ആവശ്യമാണെന്നത് തികച്ചും പ്രത്യക്ഷമായും മറയില്ലാതെയും ചൂണ്ടിക്കാണിച്ചിരുന്നു, കൂടാതെ, ഞങ്ങൾ കൂട്ടിചേർക്കട്ടെ, കലാപവും ദുരന്തവും, നിയമം ലംഘിക്കുന്നവർക്കു മാത്രമല്ല വാണിജ്യാവശ്യങ്ങൾക്കായി വാസയോഗ്യമായ പരിസരങ്ങൾ ദുരുപയോഗം ചെയ്യുന്നവരോടും കണ്ണടച്ച് വഴിതെറ്റിക്കുന്ന ആഫീസർമാരോടും കുറച്ച് ഉത്തരവാദിത്വമുണ്ടായിരിക്കേണ്ടതാണെന്ന് ഈ കോടതി നിർദ്ദേശിച്ചിരിക്കുന്നു. റിപ്പോർട്ടിലെ 61-ാം ഖണ്ഡികയിൽ താഴെ പറയും പ്രകാരം നിരീക്ഷിച്ചിരിക്കുന്നു.

"നിയമങ്ങൾ പാസ്സാക്കിയിട്ടും (ഡൽഹി) ഹൈക്കോടതിയുടെയും ഈ കോടതിയുടെയും ആവർത്തിച്ചുള്ള ഉത്തരവുകളുണ്ടെങ്കിലും, **നിയമങ്ങളുടെ നടപ്പിലാക്കലും ഉത്തരവുകളുടെ നടപ്പാക്കലും** തികച്ചും **അപര്യാപ്തമാണ്.** നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാത്തതും നിയമങ്ങൾക്ക് പ്രാബല്യം നൽകാനും നടപ്പാക്കാനുമുള്ള കോടതി ഉത്തരവുകൾ അവഗണിച്ചാലും ഫലം അരാജകത്വമായിരിക്കും. അതുകൊണ്ട്, ഈ സ്ഥിതി വിശേഷത്തിന് ഉത്തരവാദികളായ ആഫീസർമാരെ തിരിച്ചറിയേണ്ടതും


GPM. 5/267/2018-2

ഉചിതമായ നടപടി എടുക്കേണ്ടതും ആവശ്യമാണ്. **അത്തരത്തിൽ പ്രകടമായ സ്ഥാവരജംഗമസ്വത്തുക്കളുടെ വലിയ തോതിലുള്ള ദുരുപയോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ രഹസ്യധാരണയിലൂടെയല്ലാതെ സാധിക്കില്ല. അതും അഴിമതിയുടെ ഒരു സ്രോതസാണ്. അതുകൊണ്ട്, പൗരന്മാരുടെ അവകാശങ്ങൾക്കു നേരെയുള്ള അഴിമതി, സ്വജനപക്ഷപാതം, സമ്പൂർണ്ണ ഉദാസീനതയും ചെറുക്കുന്നതിന് നടപടി ആവശ്യമാണ്.** ദുരുപയോഗം ചെയ്ത വസ്തുവകകളുടെ ഉടമയായിരിക്കുന്നവർക്കും തദ്ദേശവാസികൾക്കുണ്ടായ കഷ്ടപ്പാടിനും, അസൗകര്യത്തിനും, ദുരിതത്തിനും മൂന്നാം കക്ഷികൾക്ക് ഉണ്ടായ നഷ്ടങ്ങൾക്കും പരോക്ഷമായ ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട്, ദുരുപയോഗക്കാരനെ തടയുന്നതിന് മാത്രമല്ല, മറ്റുള്ളവർക്കുണ്ടായ നഷ്ടങ്ങൾക്ക് വീഴ്ച വരുത്തുന്ന ഉടമസ്ഥരും കൂടി ഉത്തരവാദികളാകുന്നതാണ്. സമാനമായതാണ്, വീഴ്ച വരുത്തുന്ന ആഫീസർമാരുടെ ഉത്തരവാദിത്വവും എന്തെന്നാൽ പ്രഥമദൃഷ്ട്യാ അങ്ങനെയുള്ള വലിയതോതിലുള്ള ദുരുപയോഗക്കാരന് **ഉദ്യോഗസ്ഥന്മാരുടെ സജീവ ഗൂഢാലോചനയില്ലാതെ നിയമങ്ങൾ ലംഘിക്കുവാൻ സാധ്യമല്ല**. ആഫീസർമാരാണ് ദുരുപയോഗക്കാരനെ തടയുവാൻ ഫലപ്രദമായ എന്തു നടപടികളാണ് എടുത്തത് എന്നു കാണിക്കേണ്ടത്.'' [ഞങ്ങൾ ഊന്നൽ നൽകുന്നു]

12. മുകളിലുള്ളത് പ്രകാരം, ഡൽഹി മുൻസിപ്പൽ കോർപ്പറേഷനോട് (ചുരുക്കത്തിൽ എം.സി.ഡി) പ്രമുഖ പത്രങ്ങളിൽ വാസയോഗ്യമായ പ്രദേശങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യുന്നവർ അവരുടെ ദുരുപയോഗം നിർത്തലാക്കുന്നതിന്റെ ആവശ്യകതയെകുറിച്ച് വ്യാപകമായ പ്രചാരണം നൽകുവാൻ, ഈ കോടതി നിർദ്ദേശിച്ചു. പൊതു നോട്ടീസുകൾ നൽകി 30 ദിവസങ്ങൾക്ക് ശേഷം, ദുരുപയോഗം നിർത്തിയില്ലെങ്കിൽ കെട്ടിടവും പരിസരങ്ങളും അടച്ചു മുദ്ര വയ്ക്കുവാനുള്ള പ്രക്രിയ ആരംഭിക്കേണ്ടതാണെന്നും കൂടി നിർദ്ദേശിച്ചു. 30 ദിവസക്കാലയളവ് ഏതാണ്ട്, 2006 മാർച്ച് 29-ന് അവസാനിച്ചിട്ടുള്ളതാണ്.

13. നിർഭാഗ്യവശാൽ, നിയമലംഘനക്കാരിലും, നിയമവാഴ്ച നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളവരിലും പൊതു നോട്ടീസുകൾ പുറപ്പെടുവിച്ചതിന് യാതൊരു സുശക്ത ഫലവും ഉണ്ടായിട്ടില്ല. ഒരുപക്ഷേ, ഈ കോടതി നിരീക്ഷിച്ചതു പോലെ, ദശാബ്ദങ്ങളായ നിയമ വിരുദ്ധ പ്രവർത്തനങ്ങളുടെ ആഘാതം, ഇപ്പോൾ അഭിമുഖീകരിക്കുന്ന ഡൽഹിയിലെ പൗരന്മാരുടെ അവകാശങ്ങൾക്ക്, നേരെയുള്ള ഗൂഢാലോചനയും, അഴിമതിയും, സ്വജനപക്ഷപാതവും സമ്പൂർണ്ണ ഉദാസീനതയും കാരണമാണ്.

14. ഈ സ്ഥിതി വിശേഷം നേരിടുമ്പോൾ, അതിന്റെ 2006 മാർച്ച് 24-ലെ **എം.സി.മേത്ത *Vs* യൂണിയൻ ഓഫ് ഇന്ത്യ [(2006) 3 എസ്സിസി 429]**-യിൽ എം.സി.ഡി സമുചിത നോട്ടീസുകൾ പുറപ്പെടുവിച്ചിട്ടും വാസയോഗ്യമായ പരിസര പ്രദേശങ്ങളിൽ വാണിജ്യാവശ്യങ്ങൾക്കു (വ്യവസായേതര) ഉപയോഗിക്കുന്നിടത്ത് നിയമം നടപ്പാക്കുന്നത് നോക്കാതിരിക്കുന്നിടത്ത്, അതിക്രമവിധേയമായ പരിസരം അടച്ചു മുദ്ര വയ്ക്കുന്നതാണ് ഉചിതം. അതുകൊണ്ട്, എം.സി.ഡി.യിലെ ആഫീസർമാർക്ക് ഏതെങ്കിലും വിവേചനം നൽകുന്നതിന് പകരം (വ്യക്തമായ കാരണങ്ങളാൽ) മിസ്റ്റർ കെ.ജെ.റാവു (തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻ ഉപദേശകൻ) മിസ്റ്റർ. ഭുറേലാൽ, ചെയർമാൻ, ഇ.പി.സി.എയും മേജർ ജനറൽ (റിട്ടയേർഡ്) സോം ജിഹംഗനും ഉൾപ്പെട്ട ഒരു നിരീക്ഷണ സമിതി നിയമിച്ചു. ഗതാഗതം, സെക്രട്ടേറിയൽ സേവനങ്ങൾ, ഹൊണറേറിയം

മുതലായവ ഉൾപ്പെട്ട എല്ലാ അവശ്യ സൗകര്യങ്ങളും നിരീക്ഷണ സമിതിയിലെ അംഗങ്ങൾക്ക് എം.സി.ഡി. നൽകണമെന്ന് നിർദ്ദേശിച്ചു.

15. ഇതിന്റെ ശാസനയുടെ ഒരു ഭാഗമായി, 2006 മാർച്ച് 29 മുതൽ നിരീക്ഷണ സമിതി മുദ്ര വെപ്പിനുള്ള പ്രക്രിയ ആരംഭിച്ചു. പരിസരങ്ങൾ ദുരുപയോഗം ചെയ്യുന്നവരിൽ ചിലർ, ബദൽ സംവിധാനങ്ങൾ ഏർപ്പാടാക്കുന്നതിന് വേണ്ടി ന്യായമായ സമയം ആവശ്യപ്പെട്ടു. അവർ ഈ കോടതിയിൽ, ദുരുപയോഗം നിർത്തുമെന്ന ഒരു ഉറപ്പു നൽകുമ്പോൾ, 2006 ഏപ്രിൽ 30-നോ അതിനു മുൻപോ അവർ ദുരുപയോഗം നിർത്തേണ്ടതാണെന്ന് കോടതി നിർദ്ദേശിച്ചു. മറ്റു ചിലർ, 2006 ജൂൺ 30-നോ അതിന് മുൻപോ ദുരുപയോഗം നിർത്തുമെന്നും കൂടുതൽ സമയം തേടുകയില്ലെന്നും പ്രസ്താവിച്ചു കൊണ്ട് ഒരു സത്യവാങ്മൂലം ഫയൽ ചെയ്തതിന് വിധേയമായി 2006 ജൂൺ 30 വരെ സമയം നൽകി. 2006 ജൂൺ 30-ഓടെ ദുരുപയോഗം അവസാനിപ്പിച്ചില്ലെങ്കിൽ, കള്ള സത്യത്തിനും കോടതിയലക്ഷ്യത്തിനും അവർ വിധേയരാകുമെന്ന തരത്തിലുള്ള ഒരു ഉറപ്പ് നൽകണമെന്നു കൂടി ആവശ്യപ്പെട്ടു. മുദ്രവയ്ക്കൽ ഉത്തരവുകളുടെ നടപ്പാക്കൽ ഉറപ്പു വരുത്തുന്നതിന്, ഏതെങ്കിലും കോടതി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ തന്നെയും മുദ്രവയ്ക്കൽ പ്രക്രിയ തുടരുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതും, മുദ്രവയ്ക്കൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സമ്പൂർണ്ണ പിന്തുണ നൽകുവാൻ ഡൽഹി പോലീസിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**2006-ലെ ഡൽഹി നിയമങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റും-ഇടക്കാല സ്റ്റേയും**

16. ഈ കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ, അത്, അധികാരങ്ങൾക്ക് പ്രത്യക്ഷമായി അസ്വസ്ഥത ഉളവാക്കുന്നത് അതിലംഘിക്കുന്നതിന് വേണ്ടി ഡൽഹി വികസന അതോറിറ്റി (ഡിഡിഎ) മിശ്രഭൂമി ഉപയോഗത്തിന്മേലുള്ള അദ്ധ്യായത്തെ സംബന്ധിച്ചിടത്തോളം ഡൽഹിക്കു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ, 2006 മാർച്ച് 28-ന് പരിഷ്കരിച്ചു. അതിനുശേഷം, ഉടനെ, ഒരു പക്ഷേ, യാദൃച്ഛികമായി, ആറുമാസക്കാലയളവിനുള്ളിൽ വാസയോഗ്യമായ പ്രദേശങ്ങളിൽ റോഡുകൾ/തെരുവുകളുടെ മിശ്ര ഉപയോഗം തിരിച്ചറിയുന്നതിന് വേണ്ടിയുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ ഡൽഹിയിലെ തദ്ദേശ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്നതിനായി, ഭാരതസർക്കാർ, ഈ കോടതിയിൽ ഇടക്കാല അപേക്ഷ 1931-ൽ സമർപ്പിച്ചു. ഈ അപേക്ഷയുടെ ഫലമായും പരിഹാരം നൽകുന്ന ഉദ്ദേശത്തോടു കൂടിയും, ഒരു താൽക്കാലികാടിസ്ഥാനത്തിൽ, ചില പ്രദേശങ്ങളെ സംബന്ധിച്ച്, ഈ കോടതി, 2006 ഏപ്രിൽ 28-ന് നിരീക്ഷണ സമിതി മുമ്പാകെ വിശദമായ വസ്തുതകൾ സമർപ്പിക്കുന്നതിന് ഭാരത സർക്കാറിനെ അനുവദിച്ചു. ഭാരതസർക്കാർ, നിരീക്ഷണ സമിതി മുമ്പാകെ, ആവശ്യമായ വസ്തുതകൾ സമർപ്പിക്കുകയും, അത് ഭാരതസർക്കാർ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരെയും കേൾക്കുകയും 2006 മെയ് 4-ന് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 2006 മെയ് 11-ന് നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിനൊപ്പം ഭാരത സർക്കാർ സമർപ്പിച്ചിരുന്ന അപേക്ഷയും ഈ കോടതി മുമ്പാകെ പരിഗണനയ്ക്ക് വന്നപ്പോൾ, ഭാരതസർക്കാർ അതിന്റെ അപേക്ഷ പിൻവലിച്ചു.

17. ഇത് എന്തുകൊണ്ട് തിരിഞ്ഞുവന്നു? 2006 ജനുവരി 1 മുതൽ പൂർവ്വസ്ഥിതി നൽകുന്നതിനു വേണ്ടി ഏതെങ്കിലും കോടതിയുടെ വിധിന്യായമോ, ഡിക്രിയോ ഉത്തരവോ ഉണ്ടെങ്കിലും, മറ്റ് പലതിന്റേയും

ഇടയിൽ, അനധികൃതമായ വികസനത്തെ സംബന്ധിച്ചുള്ള എല്ലാ പ്രതികൂല നടപടിയ്ക്കും ഒരു മൊറട്ടോറിയം കൽപ്പിച്ചു കൊണ്ടുള്ള ഒരു ബിൽ, പാർലമെന്റിൽ നിലനിൽക്കുന്നതോ ഒരു പക്ഷേ അവതരിപ്പിച്ചിരുന്നതോ ആകാം. ഒരു വർഷത്തേക്കു വേണ്ടിയുള്ള ഒരു താൽക്കാലിക നടപടിയായിട്ടാണ് ബില്ലിനെ ഉദ്ദേശിച്ചതെങ്കിലും, ഒരു രൂപത്തിലോ അല്ലെങ്കിൽ മറ്റൊരു രൂപത്തിലോ വീണ്ടും നിയമനിർമ്മാണം നടത്തുകയും ഇപ്പോൾ 2017 ഡിസംബർ 31 വരെ ഇത് പ്രാബല്യത്തിലിരിക്കുന്നതുമാണ്. ബില്ലിലെ 3-ാം വകുപ്പ് (അന്തിമനിയമനിർമ്മാണ പ്രകാരം) മുകളിൽ വ്യവസ്ഥ ചെയ്ത പോലെയും താഴെപറയും പ്രകാരവും വായിക്കാവുന്നതാണ്:

3.(1) ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളിലോ, റഗുലേഷനുകളിലോ ബൈ-ലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് ഒരു വർഷക്കാലയളവിനുള്ളിൽ, ഭാരതസർക്കാർ താഴെ പ്രതിപാദിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച്, അനധികൃത വികസനത്തിന്റെ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് മാനദണ്ഡങ്ങളും പദ്ധതി മാർഗ്ഗരേഖകളും സാദ്ധ്യമായ ഉപായങ്ങളും അന്തിമമാക്കുന്നതിന് സ്വീകാര്യമായ എല്ലാ നടപടികളും എടുക്കേണ്ടതാണ്, അതായത്:-

(എ) മാസ്റ്റർ പ്ലാനിന് അനുസൃതമല്ലാത്ത മിശ്രഭൂമിയുടെ ഉപയോഗം;

(ബി) അംഗീകൃത പ്ലാനുകൾക്ക് അതീതമായ നിർമ്മാണം; കൂടാതെ

(സി) ചേരിയിലും ജുംഗി-ജോംബ്രി നിവാസികളുടേയും വഴിവാണിഭക്കാരുടെയും തെരുവ് കച്ചവടക്കാരുടേയും കയ്യേറ്റവും, അപ്രകാരം ഡൽഹിയുടെ വികസനം സുസ്ഥിരവും ആസൂത്രിതമായ രീതിയിലും നടപ്പാക്കുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായും ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2006 ജനുവരി-1-ൽ ഉണ്ടായിരുന്ന പൂർവ്വസ്ഥിതി (1)-ാം ഉപവകുപ്പിൽ പ്രതിപാദിച്ച അനധികൃത വികസന വിഭാഗങ്ങളെ സംബന്ധിച്ച് നിലനിർത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള അനധികൃത വികസന വിഭാഗങ്ങൾക്കെതിരെ നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നോട്ടീസുകളും, നിർത്തിവെച്ചതായി കരുതപ്പെടേണ്ടതും പ്രസ്തുത ഒരു വർഷകാലയളവിൽ യാതൊരു ശിക്ഷാ നടപടികളും എടുക്കാൻ പാടില്ലാത്തതുമാകുന്നു.

(4) ഈ ആക്റ്റിൽ മറ്റ് ഏതെങ്കിലും വ്യവസ്ഥ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന്, ഒരു വർഷം അവസാനിക്കുന്നതിന് മുൻപ്, ഏത് സമയത്തും, അതത് സംഗതിപോലെ, (2)-ാം ഉപവകുപ്പിലോ (3)-ാം ഉപവകുപ്പിലോ പ്രതിപാദിച്ചിട്ടുള്ള ഒന്നോ അതിലധികമോ അനധികൃത വികസന വിഭാഗങ്ങളെ സംബന്ധിച്ച്, ഒഴിവാക്കൽ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം മൂലം, പിൻവലിക്കാവുന്നതാണ്.

ബില്ലിലെ 2 (1) (i) വകുപ്പിൽ അനധികൃത വികസനം (അന്തിമമായി നിയമമാക്കിയ പ്രകാരം) താഴെപ്പറയുന്ന വാക്കുകളിൽ നിർവ്വചിച്ചിട്ടുണ്ട്;

(i) "അനധികൃത വികസനം" എന്നാൽ, അംഗീകൃത പ്ലാനുകൾ ലംഘിച്ചുകൊണ്ടോ പ്ലാനുകൾക്ക് അംഗീകാരം ലഭിക്കാതെയോ, അതത് സംഗതിപോലെ, മാസ്റ്റർ പ്ലാനിനോ സോണൽ പ്ലാനിനോ ലേഔട്ട് പ്ലാനിനോ കീഴിൽ ഭൂമി ഉപയോഗം അനുവദിച്ചത് ലംഘിച്ചു കൊണ്ടോ നടത്തുന്ന ഭൂമിയുടെ ഉപയോഗമോ കെട്ടിടത്തിന്റെ ഉപയോഗമോ അല്ലെങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണമോ എന്നർത്ഥമാകുന്നതും, അതിൽ, കൈയ്യേറ്റം ഉൾപ്പെടുന്നതുമാകുന്നു.

18. 2006 മെയ് 12-ന് ലോക്സഭ 2006-ലെ ഡൽഹി നിയമങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) ബിൽ പാസ്സാക്കുകയും ആയത്, രാജ്യസഭ 2006 മെയ് 15-ന് പാസ്സാക്കുകയും ചെയ്തു. 2006 മെയ് 19-ന് ബില്ലിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും അതേ ദിവസം തന്നെ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ആ നിയമത്തിനെ ഇതിനു ശേഷം ആക്റ്റ് എന്ന് പരാമർശിക്കുന്നു.

19. തൊട്ടടുത്ത ദിവസം, 2006 മെയ് 20-ന് ഭാരതസർക്കാർ, തദ്ദേശ അധികാര സ്ഥാനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നോട്ടീസുകളെയും സംബന്ധിച്ച് ഒരു മൊറട്ടോറിയം സ്ഥാപിച്ചുകൊണ്ട് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും, ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുവാൻ അവരോട് നിർദ്ദേശിക്കുകയും പകരം, ആയത് യഥാർത്ഥത്തിൽ, മുൻപിലെ പൂർവ്വസ്ഥിതി പുനഃസ്ഥാപിക്കുകയും ചെയ്ത് താഴെ പറയുന്നത് വിജ്ഞാപനം ചെയ്തു:

(1) 2006 ജനുവരി 1-ാം തീയതിക്ക് ശേഷം, ഏതെങ്കിലും കോടതിയുടെ ഒരു വിധിന്യായത്തെയോ ഉത്തരവിനോയോ ഡിക്രിയെയോ തുടർന്ന്, ഏതെങ്കിലും തദ്ദേശ അധികാര സ്ഥാനം മുദ്രവച്ച പരിസരങ്ങൾ, 2006 ജനുവരി 1-ാം തീയതിയിൽ ലഭിച്ചിരുന്ന അതേ സ്ഥിതിയിലേക്ക്, 2006 മെയ് 19-ാം തീയതി മുതൽ പ്രാബല്യത്തിൽ, ഒരു വർഷക്കാലത്തേക്ക്, പുനഃസ്ഥാപിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) എല്ലാ വാണിജ്യസ്ഥാപനങ്ങൾക്കും, അവരുടെ പരിസരങ്ങളിൽ, നടത്തുന്ന വാണിജ്യസംബന്ധമായ പ്രവർത്തനങ്ങൾ നിർത്തേണ്ടി വന്നത്, 2006 മെയ് 19-ാം തീയതി മുതൽ പ്രാബല്യത്തിൽ, ഒരു വർഷക്കാലത്തേക്ക് 2006 ജനുവരി 1-ാം തീയതി നടത്തിവന്നതുപോലെ അത്തരം പ്രവർത്തനങ്ങൾ തുടരാവുന്നതാണ്.

20. എന്നിരുന്നാലും, ആക്റ്റ് നിയമമാക്കുകയും 2006 മെയ്-ലെ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്ന സമയത്ത്, നിരീക്ഷണസമിതി, തികച്ചും നടുക്കത്തോടെ, 40814 സത്യവാങ്മൂലങ്ങൾ സ്വീകരിക്കുകയുണ്ടായി. ഈ സത്യവാങ്മൂലങ്ങളിൽ, ദുരുപയോഗം 2006 ജൂൺ 30-ഓടെ അവസാനിപ്പിക്കുമെന്ന് പ്രസ്താവിച്ചിരിക്കുന്നു. ഇതിനുപുറമേ, ആ സമയത്ത്, 5006 വാണിജ്യസ്ഥാപനങ്ങൽ മുദ്ര ചെയ്യപ്പെട്ടിരുന്നു. ഇത്, വാണിജ്യാവശ്യങ്ങൾക്കായി ഡൽഹിയിൽ വാസയോഗ്യമായ പരിസരങ്ങൾ ദുരുപയോഗം ചെയ്തതിന്റെ വ്യാപ്തിയുടെ ഒരു സൂചന നൽകുന്നു.

21. നിയമലംഘനവും അതിക്രമവും നടത്തുന്നവർക്ക് നിയമപരമായ സംരക്ഷണം നൽകുന്നതിൽ സങ്കടപ്പെട്ടു കൊണ്ട് ചില പൊതുകാര്യ പ്രസക്തരായ വ്യക്തികൾ ആക്റ്റിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണെന്ന് പറഞ്ഞ് ചോദ്യം ചെയ്തു. 2006 മെയ് 20-ാം തീയതിയിലെ വിജ്ഞാപനവും ചോദ്യം ചെയ്യപ്പെട്ടിരുന്നു. ഡൽഹിയിലെ ഒരു മുൻ ലെഫ്റ്റനന്റ് ഗവർണർ, ശ്രീ. പി.കെ ദവേയും

ഹർജിക്കാരിലുണ്ടായിരുന്നു. ആക്റ്റിന്റെയും 2006 മെയ് 20-ാം തീയതിയിലെ വിജ്ഞാപനത്തിന്റെയും പ്രവർത്തനം സ്റ്റേ ചെയ്യുന്നതിന് വേണ്ടി ഹർജിക്കാർ ഒരു അപേക്ഷ നൽകി. **ഡൽഹി പ്രദേശ് സിറ്റിസൺസ് കൗൺസിൽ *Vs* യൂണിയൻ ഓഫ് ഇൻഡ്യ [(2006) 6 എസ്.സി.സി 305)]**-ൽ 2006 ആഗസ്റ്റ് 10-ന് ഈ കോടതി ഇടക്കാല ഉത്തരവിനു വേണ്ടിയുള്ള അപേക്ഷ പരിഗണിച്ചു. ആ തീയതിയിൽ ചോദ്യം ചെയ്യപ്പെട്ട നിയമനിർമ്മാണത്തിനെ പൂർണ്ണമായും സ്റ്റേ ചെയ്യുന്നതിനുള്ള വാദം ഈ കോടതി അംഗീകരിക്കാതിരിക്കുകയും എന്നാൽ, 2006 മെയ്-20-ലെ വിജ്ഞാപനത്തിൽ, അടങ്ങിയിട്ടുള്ള മുകളിൽ പ്രതിപാദിച്ച രണ്ട് നിർദ്ദേശങ്ങൾ സ്റ്റേ ചെയ്യുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ ഈ കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും, ഉത്തരവുകളുടേയും, നിർദ്ദേശങ്ങളുടേയും അനന്തരഫലമായി എടുത്ത നടപടികളും അതിലംഘിക്കുന്നതിന് തുല്യമാണെന്ന് ഈ കോടതിക്ക് അഭിപ്രായമുള്ളതാണ്. സ്റ്റേ ഉത്തരവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, 5006 മുദ്രവെച്ചിട്ടുള്ള് പരിസരങ്ങൾ (ഡീ-സീൽഡ് ആണെങ്കിൽ) വീണ്ടും മുദ്രവയ്ക്കണം എന്നതാണ്. 2006 ജൂൺ 30-ഓടെ, ദുരുപയോഗം നിർത്തുന്നതിന് നൽകിയ ഉറപ്പുകൾ പുനരുജ്ജീവിക്കുന്നു എന്നുകൂടി അർത്ഥമാകുന്നു. എന്നിരുന്നാലും, നടന്നിട്ടുള്ള സംഭവങ്ങളും അത് പോലെതന്നെ നിരീക്ഷണസമിതിയുടെ റിപ്പോർട്ടും പരിഗണിച്ചുകൊണ്ട്, 40814 വാണിജ്യസ്ഥാപനങ്ങളെ സംബന്ധിച്ച് നൽകിയിട്ടുള്ള ഉറപ്പ് പാലിക്കുന്നതിനും ദുരുപയോഗം അവസാനിപ്പിക്കുന്നതിന് നൽകിയിട്ടുള്ള സമയം 2006 സെപ്റ്റംബർ 15 വരെ നീട്ടിയിട്ടുണ്ട്.

**2006 സെപ്റ്റംബർ 29-ലെ തീരുമാനം**

22. തികച്ചും പ്രകടമായിട്ടുള്ളതു പോലെ, ഈ കോടതിയുമായി അധികാരികൾ ഒരു എലിയും പൂച്ചയുംകളി ആരംഭിച്ചിട്ടുള്ളത്, ഒരു പക്ഷേ, നിയമവാഴ്ചയ്ക്ക് യാതൊരു ബഹുമാനവും ഇല്ലാത്തവരുടെ നിക്ഷിപ്ത താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണ്. മത്സരത്തിന്റെ ഒരു ഭാഗമായി, നിർദ്ദിഷ്ട പരിഷ്കരണങ്ങൾക്ക് ആക്ഷേപങ്ങൾ ക്ഷണിച്ചു കൊണ്ട് മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുന്നതിനു വേണ്ടി **ഡിഡിഎ**, നേരത്തെ, 2006 ജൂലൈ 21-ന് പൊതു അറിയിപ്പുകൾ നൽകിയിട്ടുള്ളതാണ്. അതിനുശേഷം ഉടനെ പൊതു ന്യായ വിചാരണകൾ നടത്തിയിട്ടുള്ളതും, 2006 സെപ്റ്റംബർ 5-ന് മാസ്റ്റർ പ്ലാനിന് **ഡിഡിഎ** ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മിശ്രഉപയോഗത്തിനായി ഏകദേശം 2002 തുണ്ടുനിലങ്ങൾ/തെരുവുകൾ വിജ്ഞാപനം ചെയ്തിട്ടുള്ളതും, അതനുസരിച്ച്, 2006 സെപ്റ്റംബർ 7-നും 2006 സെപ്റ്റംബർ 15-നും മാസ്റ്റർപ്ലാൻ ഭേദഗതി ചെയ്തിട്ടുള്ളതുമാണ്.

23. അപ്പോൾ ഈ കോടതിയുടെ പരിഗണനയ്ക്കായി ഉയർന്നിട്ടുള്ള ചോദ്യം, 2006 ആഗസ്റ്റ് 10 -ന് നൽകിയിട്ടുള്ള സ്റ്റേ പരിഷ്കരിക്കേണ്ടതുണ്ടോ എന്നതും, 2006 സെപ്റ്റംബർ 7-ലെ വിജ്ഞാപനം സ്റ്റേ ചെയ്യേണ്ടതുണ്ടോ എന്നുമാണ്. ഈ കോടതി അതിന്റെ 2006 സെപ്റ്റംബർ 29-ലെ **എം.സി. മേത്ത *Vs* യൂണിയൻ ഓഫ് ഇൻഡ്യ** [(2006) 7 എസ്സ്സിസി 456] - ഈ ചോദ്യം പരിഗണിച്ചിട്ടുള്ളതും, അധികാര സ്ഥാനങ്ങൾ ഇപ്പോൾ ജുഡീഷ്യൽ ചുമതലകൾ പ്രാവർത്തികമാക്കുകയും-ഫലത്തിൽ സുപ്രീം കോർട്ട് ഓഫ് ഇൻഡ്യയുടെ ഉത്തരവുകൾ അതിലംഘിക്കുകയും

ചെയ്യുന്നു. അതനുസരിച്ച്, ഒരു ഭാഗിക സ്റ്റേ അനുവദിക്കുകയും, റിപ്പോർട്ടിന്റെ 20-ാം ഖണ്ഡികയിൽ ഇപ്രകാരം വിധിച്ചിട്ടുള്ളതുമാണ്.

**"ഈ കോടതി അനുവദിച്ച സമയം നീട്ടിനൽകുന്നതിന് നിയമനിർമ്മാണത്തിന്റെ അധികാരം വിനിയോഗിക്കുന്നത് വിവക്ഷിക്കുന്നതിൽ നിയമനിർമ്മാണസഭയ്ക്ക് ക്ഷമതയില്ലാത്തതാണെങ്കിൽ യാതൊരു സംശയവുമില്ല, ആയത്, ഫലത്തിൽ, ജുഡീഷ്യൽ ചുമതലകൾ വിനിയോഗിക്കുന്നതാകും. അങ്ങനെയുള്ള ചുമതലകൾ നിയമനിർമ്മാണ സഭയിൽ നിക്ഷിപ്തമല്ല. സത്യത്തിൽ, ഉറപ്പുകൾ നൽകിയവരെല്ലാം, 30-6-2006-ഓടെ ദുരുപയോഗം അവസാനിപ്പിക്കാതെ, ഇതിനകം തന്നെ ഉറപ്പുകൾ ലംഘിച്ചു. കോടതിയുടെ മഹത്വവും അധികാരവും, ഏതെങ്കിലും വ്യക്തിക്ക് വേണ്ടി മാത്രമല്ല**, എന്നാൽ, നിയമവാഴ്ച പാലിക്കുന്നതിന് വേണ്ടി സംരക്ഷിക്കപ്പെടേണ്ടതാണ്. തുടർന്നുള്ള വികസനത്തിന്റെ വെളിച്ചത്തിൽ ഉറപ്പുകൾ നൽകിയിട്ടുള്ളവരെ വഴിതെറ്റിച്ചിട്ടുണ്ടെന്നുള്ള വസ്തുത, ഉറപ്പുകൾ ലംഘിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം പരിഗണിക്കുമ്പോൾ ആശ്വാസം നൽകുന്ന ഒരു ഘടകം മാത്രമാണ്. കൂടുതലായി, ഈ കോടതിയ്ക്കു ഉറപ്പു നൽകി സമയം നേടിയിട്ടുള്ളവരെ സംബന്ധിച്ച്, ഒരു ആനുകൂല്യവും ഇല്ലാത്തതും, മറ്റ് വിധത്തിൽ, അവരുടെ പരിസരങ്ങൾ 29-3-2006-നോ അതിനു ശേഷം ഉടനെയോ മുദ്രവയ്ക്കേണ്ടതുമാണ്. ഉറപ്പുകൾ നൽകിയിട്ടുള്ളവരിൽ കൂടുതൽ പേരും നടത്തിയിട്ടുള്ള തൊഴിലിന്റെ രീതി മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ആക്റ്റിന്റെയും വിജ്ഞാപനത്തിന്റെയും സാധുത, ഗൗരവതരമായി ചോദ്യം ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ചുള്ള തീരുമാനത്തിനിരിക്കുമ്പോൾ വിജ്ഞാപനത്തിന്റെ എന്തെങ്കിലും ആനുകൂല്യം അവകാശപ്പെടാൻ അങ്ങനെയുള്ള വ്യക്തികളെ അനുവദിക്കുവാൻ സാധിക്കില്ല. (ഞങ്ങൾ ഊന്നൽ നൽകുന്നു).

മിസ്റ്റർ പി.കെ. ദാവേ, ഡൽഹിയിലെ ഒരു മുൻ ലഫ്റ്റനന്റ് ഗവർണറെ കൂടാതെ ഡൽഹിയിലെ ഒരു മുൻ ചീഫ് സെക്രട്ടറി മിസ്റ്റർ ഒമേഷ് സെഹ്ഗാളും ഈ കോടതി മുമ്പാകെ ഒരു പരാതിക്കാരനായിരുന്നെന്ന് സംഗതിവശാൽ, പ്രതിപാദിച്ചേക്കാവുന്നതും, മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുന്നതിനുവേണ്ടി ആക്ഷേപങ്ങൾ ക്ഷണിക്കുന്നതിനും മുമ്പ് ഒരു തീരുമാനം എടുത്തു കഴിഞ്ഞിട്ടുള്ളത് കൊണ്ട് ഡിഡിഎ നൽകിയിട്ടുള്ള വാദങ്ങൾ, അയാൾ ഒരു പ്രഹസനനാടകമായി ചിത്രീകരിച്ചിട്ടുള്ളതാണ്. റിപ്പോർട്ടിന്റെ 14-ാമത്തെ ഖണ്ഡികയിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

24. മേൽ പശ്ചാത്തലത്തിൽ, ഈ കോടതി 2006 സെപ്റ്റംബർ 29-ൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

(i) ഉറപ്പുകൾ നൽകിയിട്ടുള്ളതുമായി ബന്ധപ്പെട്ട പരിസരങ്ങൾ: സംബന്ധിച്ച്

ഉറപ്പുകൾ നൽകിയിട്ടുള്ളവർ നടത്തുന്ന വാണിജ്യപ്രവർത്തനങ്ങൾ ഉടൻതന്നെ അവസാനിപ്പിക്കുന്നതിന് അർഹിക്കപ്പെടുന്നു. പരിഗണിക്കുമ്പോൾ, എങ്ങനെയായിരുന്നാലും, വരാനിരിക്കുന്ന മുഖ്യമായ ആഘോഷങ്ങളുടെ വാദത്തിന് 31.10.2006-നോ അതിനു മുമ്പോ ദുരുപയോഗം നിർത്തുന്നതിനുവേണ്ടി ഞങ്ങൾ ഉറപ്പുനൽകിയവരെ അനുവദിച്ചു.

(ii) XXX XXX XXX

(iii) 7.9.2006 തീയതിയിലെ വിജ്ഞാപനത്തിലൂടെ സംരക്ഷണം ദീർഘിപ്പിച്ചിട്ടുള്ള മറ്റു പരിസരങ്ങളുടെ സംരക്ഷണം സംബന്ധിച്ച്

7-9-2006 തീയതിയിലെ വിജ്ഞാപനം 15.9.2006-ലേതുമായി കൂട്ടി വായിച്ചതിൽ, ഉൾപ്പെട്ടിരിക്കുന്ന ശേഷിക്കുന്ന പരിസരങ്ങളെ സംബന്ധിച്ച്, ഈ കോടതിയുടെ നിർദ്ദേശങ്ങൾ പ്രകാരം ദുരുപയോഗം അവസാനിപ്പിക്കേണ്ടതും, ഈ ആക്റ്റ് അസാധുവാക്കുകയും അല്ലെങ്കിൽ ഈ വിജ്ഞാപനം റദ്ദാക്കുകയും ചെയ്യുന്ന പക്ഷം, 10-11-2006-നോ അതിനു മുമ്പോ, നിരീക്ഷണ സമിതി മുമ്പാകെ, ഉറപ്പുകളിൻ മേൽ ഫയൽ ചെയ്യുന്ന ഹർജികൾ തീർപ്പാക്കാത്തിടത്തോളം പ്രസ്തുത പരിസരങ്ങൾ മുദ്ര വയ്ക്കാവുന്നതല്ലായെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

(iv) 7-9-2006 തീയതിയിലെ വിജ്ഞാപനത്തിൽ സംരക്ഷണം വ്യാപിപ്പിക്കാത്ത പരിസരങ്ങളെ: സംബന്ധിച്ച്

7-9-2006-ലേയും 15-9-2006 തീയതിയിലേയും വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത പരിസരങ്ങളെ സംബന്ധിച്ച് 16.2.2006 ലേയും 10.8.2006 തീയതിയിലേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുദ്രവയ്ക്കൽ പ്രക്രിയകൾ തുടരുന്നതാണ്..."

25. മുകളിലത്തെ കൂടാതെ, അതുകൊണ്ട്, എലിയും പൂച്ചയും കളിയ്ക്ക് തീവ്രത കൂടാത്തതും, ഈ കോടതിയുടെ സമ്മതമില്ലാതെ, വാസയോഗ്യമായ പരിസരങ്ങളെ വാണിജ്യഉപയോഗത്തിനായി രൂപഭേദം വരുത്തുന്നതിന് വേണ്ടി മറ്റേതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ നിന്നും എതിർകക്ഷികളെ (ഭാരതസർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും) ഈ കോടതി വിലക്കി.

**ഇടക്കാല അപേക്ഷ നമ്പരുകൾ 93007 ഉം 93010 ഉം**

26. ഈ പശ്ചാത്തലത്തിൽ, (വിശ്വജ്യോതി ഓവർസീസ് (പ്രൈവറ്റ്) ലിമിറ്റഡ്, ഗീതാഞ്ജലി ഓവർസീസ് (പ്രൈവറ്റ്) ലിമിറ്റഡ്, സുമംഗൽ പ്രൊമോട്ടേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡും, ലക്ഷ്യ കൺസ്ട്രക്ഷൻ (പ്രൈവറ്റ്) ലിമിറ്റഡ്), അപേക്ഷകരായി ഫയൽ ചെയ്തിട്ടുള്ള ഇടക്കാല അപേക്ഷകൾ നം. 93007-ഉം 93010-ഉം പരിഗണിക്കുവാൻ ഞങ്ങളോടാവശ്യപ്പെട്ടു. അവർ അവരുടെ വസ്തു, അതായത്, 5 സിക്കന്ദ്ര റോഡ്, ന്യൂഡൽഹി, 2006 ഡിസംബർ 27-ാം തീയതിയിലെ ഒരു പാട്ട ഉടമ്പടി പ്രകാരം ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റത്തിന് നൽകി. വിഷയ വസ്തു ഒരു വാസയോഗ്യമായ പ്രദേശത്തിരുന്നുവെങ്കിലും, പാട്ടം നൽകിയത് വാണിജ്യാവശ്യത്തിനുവേണ്ടി ആയിരുന്നതും, അതുവഴി, ഈ കോടതിയുടെ ഉത്തരവുകൾ ലംഘിക്കുന്നതു വഴി, ശിക്ഷിക്കപ്പെടുകയില്ല എന്ന ധൈര്യവും അവർ ആസ്വദിക്കുന്ന സംരക്ഷണത്തിന്റെ സ്വഭാവവും ചൂണ്ടിക്കാണിക്കുന്നു.

27. ഏതു സംഭവത്തിലും, ഈ കോടതിയുടെ ഉത്തരവുകളുടെ ലംഘനം, നിരീക്ഷണ സമിതിയുടെ ശ്രദ്ധയിൽ പെടുകയും വിഷയ വസ്തു 2007 ഒക്ടോബർ 12-ന് മുദ്രവയ്ക്കുകയും ചെയ്തു. വിഷയ വസ്തുവിന്റെ മുദ്രവെയ്പ്പിൽ പ്രത്യക്ഷമായി സങ്കടപ്പെട്ടുകൊണ്ട് അത് ഡീ-സീൽ ചെയ്യുന്നതിനുവേണ്ടി, ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റംസ് (അവിടെ ഇതിനെ ഇൻഫിനിറ്റി ബിസിനസ്സ് സ്കൂൾ എന്നു കൂടി വിവരിക്കാം). ഈ കോടതിയിൽ, 2195-96 നമ്പർ ഇടക്കാല അപേക്ഷകൾ സമർപ്പിച്ചു. നിരീക്ഷണ സമിതിയിൽ നിന്നും ഒരു റിപ്പോർട്ട് കിട്ടിയതിൻ മേൽ (2007 നവംബർ 12-ാം തീയതിയിലെ 46-ാം നമ്പർ റിപ്പോർട്ട്) 2006-2007-ലേയും 2007-2008-ലേയും രൂപഭേദപ്പെടുത്തിയതിന്റെ ചാർജ്, നിക്ഷേപിക്കലോ വിഷയ വസ്തു കൈവശപ്പെടുത്തിയ തീയതി മുതലോ അതിൽ ദുരുപയോഗത്തിനുള്ള പിഴയായി ഏതാണോ പിന്നീടുള്ളത്, ആയതിനു വിധേയമായി ഈ

കോടതി ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റംസിനെ 2008 ജൂൺ 30 വരെ വിഷയ വസ്തുവിൽ തുടരാൻ അനുവദിച്ചു കൊണ്ട് ഒരു ഉത്തരവ് 2007 നവംബർ 13-ന് പുറപ്പെടുവിച്ചു. ആവശ്യമുളള തുക നിക്ഷേപിക്കാമെന്ന് രേഖാമൂലമുളള ഒരു ഉറപ്പു നൽകുന്നതിനും ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റത്തിനോട് ആവശ്യപ്പെട്ടു.

28. ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റത്തിന്റെ മാനേജിംഗ് ഡയറക്ടർ 2007 നവംബർ 15-ന് രേഖാമൂലമുളള ഒരു ഉറപ്പ് കൊടുക്കുകയും, രൂപഭേദപ്പെടുത്തിയതിന്റെ ചാർജ് അടയ്ക്കുന്നതിനു വിധേയമായി, 2007 ഡിസംബർ 11-ന് ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റത്തിനെ 2008 ജൂൺ 30 വരെ പരിസരങ്ങൾ ഉപയോഗിക്കുന്നതിന് അനുവദിച്ചു. ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റംസ് രൂപഭേദപ്പെടുത്തിയതിന്റെ ചാർജുകൾ അടച്ചിട്ടുണ്ടെന്നും വിഷയ വസ്തു 2008 ജനുവരി 14-ന് ഡി-സീൽ ചെയ്തുവെന്നതിനും യാതൊരു തർക്കവുമില്ല. അതിനുശേഷം, വിഷയ വസ്തുവിന്റെ ദുരുപയോഗം നിർത്താമെന്നുളള ഉറപ്പിന്റെ അടിസ്ഥാനത്തിൽ 2008 ജൂലൈ 1-ന് ഇതിനെ പുനർമുദ്രണം ചെയ്യുകയും വിഷയ വസ്തു ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റംസ് ഒഴിഞ്ഞിട്ടുളളതാണെന്ന് ഞങ്ങളോട് പറയുകയും ചെയ്തു. അപ്പോൾ മുതൽ വിഷയ വസ്തു മുദ്രവച്ച നിലയിൽ കിടക്കുകയാണ്.

**2013 ഏപ്രിൽ 30-ലെ തീരുമാനം**

29. 2013 ഏപ്രിൽ 30-ന്, ഈ കോടതി **എം.സി.മേത്ത *Vs* യൂണിയൻ ഓഫ് ഇൻഡ്യ**-ൽ [(2013) 16 എസ്സിസി 336] ഒരു സുപ്രധാന വിധിന്യായവും ഉത്തരവും പുറപ്പെടുവിച്ചു. ഈ തീരുമാനം, ആക്റ്റിനും ആക്റ്റിലെ വ്യവസ്ഥകൾ വ്യാപിപ്പിക്കുന്നതിന് വേണ്ടി തുടർന്നുളള നിയമനിർമ്മാണങ്ങളേയും ചോദ്യം ചെയ്യുന്നു. കുറച്ച് നിർദ്ദേശങ്ങൾ പുറപ്പെടിവിക്കുകയുണ്ടായെങ്കിലും, അതിൽ രണ്ടെണ്ണത്തിന് പ്രത്യേക പ്രതിപാദ്യം ആവശ്യമുളളതാണ്: (i) 2006-ലെ ഡൽഹി നിയമങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റും (ആക്റ്റിലെ വ്യവസ്ഥകൾ ഫലത്തിൽ വ്യാപിപ്പിക്കുന്ന തുടർന്നുളള നിയമനിർമ്മാണങ്ങളും) അതുമായി ബന്ധപ്പെട്ടുളള ഇടക്കാല അപേക്ഷകളും. മുൻപുളള ഒരു തീയതിയിൽ, മുൻഗണന നൽകി, മുഴുവൻ രേഖകളും പേപ്പറുകളും കിട്ടി ഒരു വർഷത്തിനുളളിൽ വസ്തുതകൾ കേൾക്കണമെന്ന ഒരു അപേക്ഷയോടെ ഡൽഹി ഹൈക്കോടതിയിലേക്ക് മാറ്റി. (ii) ഈ കോടതി 2012 ജനുവരി-3-ന് **എം.സി.മേത്ത *Vs* യൂണിയൻ ഓഫ് ഇൻഡ്യ**യിൽ [(2012) 11 എസ്സിസി 759] താഴെപ്പറയുന്ന അർത്ഥത്തിൽ പുറപ്പെടുവിച്ചിട്ടുളള ഉത്തരവ് തുടരുന്നതാണ്;

"കോടതി ഈ സംഗതി കേൾക്കുന്നതു വരെ, നിരീക്ഷണ സമിതി അതിന്റെ പരിശോധനയിലുളള പരിസരങ്ങളുടെ മുദ്രവയ്ക്കലിന് വീണ്ടും ഉത്തരവിടരുത്. നിരീക്ഷണ സമിതിയുടെ പരിശോധനയുടെ വിഷയമായിട്ടുളള പരിസരങ്ങളിൽ, താത്കാലികമോ സ്ഥിരമോ ആയ യാതൊരു നിർമ്മാണവും നടത്തരുതെന്നും, സർക്കാരോ മറ്റേതെങ്കിലും അധികാരസ്ഥാനമോ അത്തരം നിർമ്മാണം നിയമാനുസൃതമാക്കുന്നതിനോ ഉപയോക്താവിന്റെ മാറ്റാനുമതിയോ നൽകികൊണ്ടുളള യാതൊരു ഉത്തരവും പുറപ്പെടുവിക്കരുതെന്ന് കൂടി ഞങ്ങൾ നിർദ്ദേശിക്കുന്നു."

30. 2006-ലെ ഡൽഹി നിയമങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) ആക്റ്റിനെയും അതേ വിഷയത്തിൻമേൽ തുടർന്നുളള നിയമനിർമ്മാണത്തേയും ചോദ്യം ചെയ്തുകൊണ്ടുളള എല്ലാ നിലവിലുളള റിട്ട് ഹർജ്ജികളും, മുകളിലത്തെ ഉത്തരവുകളിലൂടെ, ഈ കോടതി തീർപ്പാക്കി.



GPM. 5/267/2018-3

31. നിരീക്ഷണ സമിതിയുടെ നിർദ്ദേശത്താൽ പുറപ്പെടുവിച്ചിട്ടുളള മുദ്രവയ്ക്കൽ ഉത്തരവുകളെ സംബന്ധിച്ച്, മറ്റു കാര്യങ്ങൾക്കിടയിൽ, ഇപ്രകാരം നിർദ്ദേശിച്ചിരുന്നു, അതായത്: (i) പരിസരങ്ങൾ ഡി-സീൽ ചെയ്യുന്നതിനുവേണ്ടി ഈ കോടതിയിൽ ഫയൽ ചെയ്തിട്ടുളള ഇടക്കാല അപേക്ഷകൾ സ്റ്റാറ്റ്യൂട്ടറി അപ്പീലുകളായി കണക്കാക്കേണ്ടതും ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രൈബ്യൂണലിന് തീർപ്പാക്കുന്നതിന് വേണ്ടി മാറ്റിയതായി നിലകൊളളുന്നു. (ii) ഇടക്കാല അപേക്ഷകളോ, സ്റ്റാറ്റ്യൂട്ടറി അപ്പീലുകളോ ഫയൽ ചെയ്തിട്ടില്ലാത്തിടത്ത്, തീർപ്പാക്കലിനു വേണ്ടി ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യുന്നതിന്, ഈ കോടതി, 30 ദിവസത്തെ സമയം അനുവദിച്ചു.

32. 2013 ഏപ്രിൽ 30-ാം തീയതിയിലെ വിധിന്യായത്തെയും ഉത്തരവിനെയും തുടർന്ന്, മുദ്രവയ്ക്കൽ ഉത്തരവിനെതിരെ ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീലിനുള്ള അനുവാദത്തിനു വേണ്ടി വിഷയ അപേക്ഷകൾ ഫയൽ ചെയ്തു. ഏതാണ്ട്, 2017 സെപ്റ്റംബർ 15-നോ അതിനടുത്തോ ഫയൽ ചെയ്തിരുന്ന അപേക്ഷകൾ ഈ കോടതി അനുവദിച്ച 30 ദിവസ ഗ്രേയ്സ് പീരിയേഡിനു (ആനുകൂല്യസമയം) അപ്പുറവുമാണ്.

33. 1,00,000 രൂപ ചെലവായി അടയ്ക്കുന്നതിനു വിധേയമായി, കാലതാമസം വന്ന അപ്പീലുകൾ ഫയൽ ചെയ്യുന്നതിന് അനുവദിച്ചു കൊണ്ട് ഈ കോടതി നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുളളതായി അപേക്ഷകർക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ ഈ കോടതി മുമ്പാകെ ബോധിപ്പിച്ചു. അതുകൊണ്ട്, ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രൈബ്യൂണലിന്, മെറിറ്റിൽ കേൾക്കുന്നതിനായി അപ്പീൽ ഫയൽ ചെയ്യുന്നതിനു അപേക്ഷകരെ അനുവദിച്ചു. ഈ കോടതിയുടെ രജിസ്ട്രിയിൽ 1,00,000 രൂപ ഇതിനകം തന്നെ നിക്ഷേപിച്ചിട്ടുളളതായി അപേക്ഷകർ പറയുന്നു.

34. അവരുടെ അപേക്ഷയിൽ പറഞ്ഞിട്ടുള്ളതു പോലെ, അപേക്ഷകർ ചോദ്യത്തിലെ പരിസരങ്ങൾ വാസയോഗ്യമായ ഉദ്ദേശങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിൽ ഉത്സുകരാണെന്ന്, ഞങ്ങൾക്ക് കാണാം. തർക്ക വിഷയത്തിലെ പരിസരങ്ങൾ വാണിജ്യ ആവശ്യങ്ങൾക്കോ നിയമം അനുവദിച്ചിട്ടില്ലാത്ത മറ്റ് ഏതെങ്കിലും ഉദ്ദേശത്തിനോ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേകമായ യാതൊരു ഉദ്ദേശവുമില്ലായിരുന്നു. അവസ്ഥ അങ്ങനെ ആയിരിക്കെ, പ്രത്യക്ഷമായി, വളരെയധികം അപ്പീലുകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന അപ്പലേറ്റ് . ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷകരോട് യഥാവിധി അപ്പീൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നപക്ഷം, അതിന് യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. ഇത്, അതിനാൽ, ചില നിബന്ധനകൾക്ക് വിധേയമായി തർക്ക വിഷയത്തിലെ പരിസരങ്ങൾ സംഗതികൾക്ക് അനുയോജ്യമായ വിധത്തിൽ ഡി-സീൽ ചെയ്യേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

35. ഞങ്ങളുടെ അഭിപ്രായത്തിൽ, ഇൻഫിനിറ്റി നോളഡ്ജ് സിസ്റ്റത്തെ സംബന്ധിച്ച്, താഴെപ്പറയുന്ന നിബന്ധനകൾ നീതിയുടെ ലക്ഷ്യം നിർവ്വഹിക്കുന്നതും വാണിജ്യ (വ്യാവസായികേതര) ഉദ്ദേശങ്ങൾക്കുവേണ്ടി വാസയോഗ്യമായ പരിസരങ്ങളിൽ സാധ്യമായ ദുരുപോയോഗത്തിനെതിരെ സുരക്ഷാസംവിധാനം നൽകുന്നതിനു കൂടി വ്യവസ്ഥ ചെയ്യുന്നു:

(1) തർക്കവിഷയത്തിലെ പരിസരങ്ങൾ താമസത്തിനു വേണ്ടി മാത്രവും എന്തുതന്നെയായാലും മറ്റ് യാതൊരു ഉദ്ദേശത്തിനും ഉപയോഗിക്കില്ലെന്ന് പറഞ്ഞുകൊണ്ട് അപേക്ഷകർ, നിരീക്ഷണ സമിതി മുമ്പാകെ ഒരു സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്. ചോദ്യത്തിലെ പരിസരങ്ങൾ ആരുടെ താമസസൗകര്യത്തിനാണോ ഡി-സീൽ ചെയ്യേണ്ടതെന്ന് അപേക്ഷകർ തിരിച്ചറിയേണ്ടതാണ്. എന്തെങ്കിലും മാറ്റം നിരീക്ഷണ സമിതിയെ അറിയിക്കേണ്ടതാണ്.

(2) അപേക്ഷകർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ, തർക്കവിഷയത്തിലെ പരിസരങ്ങളുടെ ഏതെങ്കിലും ദുരുപയോഗത്തിന് ഉത്തരവാദിയായ വ്യക്തിയുടെ പേരും മേൽവിലാസവും മറ്റ് വിവരങ്ങളും, അതായത്, താമസത്തിനല്ലാതെ മറ്റേതെങ്കിലും ഉദ്ദേശത്തിന് വേണ്ടി തർക്കവിഷയത്തിലെ പരിസരങ്ങളുടെ ഉപയോഗം സംബന്ധിച്ചും ഉണ്ടായിരിക്കേണ്ടതാണ്.

(3) മേൽ 2-ാം നമ്പർ വ്യവസ്ഥ പ്രകാരം, ഉത്തരവാദിയായ ആളായി തിരിച്ചറിഞ്ഞിട്ടുള്ള വ്യക്തി, തർക്കവിഷയത്തിലെ പരിസരങ്ങൾ അയാളോ അവളോ താമസാവശ്യത്തിന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന്, ഉറപ്പു വരുത്തുകയും തർക്കവിഷയത്തിലെ പരിസരങ്ങൾ, താമസത്തിനല്ലാതെ മറ്റേതെങ്കിലും ഉദ്ദേശത്തിന് ഉപയോഗിക്കുന്ന സന്ദർഭത്തിൽ പ്രസ്താവം നൽകുന്നയാൾ ഈ കോടതിയുടെ അലക്ഷ്യത്തിന് ബാദ്ധ്യസ്ഥനാകുമെന്നും വ്യക്തമായി പറഞ്ഞുകൊണ്ട് കൂടി ഒരു സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്.

(4) അപേക്ഷകർ സ്റ്റാറ്റ്യൂട്ടറി അധികാര സ്ഥാനത്തിന് രൂപഭേദം വരുത്തുന്നതിനുള്ള ചാർജുകൾ കൊടുത്തതിന്റെ തെളിവ് നിരീക്ഷണ സമിതിയ്ക്ക് ഫയൽ ചെയ്യേണ്ടതാണ്.

(5) സത്യവാങ്മൂലങ്ങൾ നിരീക്ഷണ സമിതി മുമ്പാകെ ഫയൽ ചെയ്യേണ്ടതും ആയതിന്, ഉചിതമായേക്കാവുന്ന അങ്ങനെയുള്ള മറ്റു കൂടുതൽ നിബന്ധനകളും ചുമത്താവുന്നതുമാണ്.

36. തർക്കവിഷയത്തിലെ പരിസരങ്ങൾ ഡി-സീൽ ചെയ്യേണ്ടതാണെന്ന് നിരീക്ഷണ സമിതിക്ക് ബോധ്യപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനത്തോട് തർക്ക വിഷയത്തിലെ പരിസരങ്ങൾ ഡി-സീൽ ചെയ്യുന്നതിന്, അതിന് ആവശ്യപ്പെടാവുന്നതാണ്. തർക്കവിഷയത്തിലെ പരിസരങ്ങൾ ഡി-സീൽ ചെയ്യേണ്ടതാണെന്ന് നിരീക്ഷണ സമിതിക്ക് ബോധ്യപ്പെടാത്തപക്ഷം, ഉചിതമായ ഉത്തരവുകൾക്കായി ഈ കോടതിയെ സമീപിക്കുവാൻ അപേക്ഷകർക്ക് സ്വാതന്ത്ര്യമുണ്ട്. 2007 നവംബർ 12-ാം തീയതിയിലെ 46-ാം നമ്പർ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, തർക്കവിഷയത്തിലെ പരിസരങ്ങളിൽ മുദ്രണം ചെയ്തിട്ടുളള മറ്റെല്ലാ വാണിജ്യ പ്രവർത്തനങ്ങൾക്കും ഈ ഉത്തരവ് ബാധകമല്ല എന്ന് ഞങ്ങൾ വ്യക്തമാക്കുന്നു.

37. നിരീക്ഷണ സമിതിയുടെ നിർദ്ദേശത്തിൽ, ഏതെങ്കിലും വ്യക്തിയുടെ വാസയോഗ്യമായ പരിസരങ്ങൾ ഏതെങ്കിലും വാണിജ്യപരമായ (വ്യാവസായിക ആവശ്യത്തിനല്ലാതെ) ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്തതിന് മുദ്രണം ചെയ്തിട്ടുണ്ടെങ്കിൽ, ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ മേലാൽ ഒരു അപ്പീൽ ഫയൽ ചേയ്യേണ്ട ആവശ്യമില്ലെന്നു ഞങ്ങൾ ഇവിടെ വ്യക്തമാക്കുന്നു. ഇതിനു പകരമായി, ആ വ്യക്തിക്ക് പരിഹാരത്തിനു വേണ്ടി നിരീക്ഷണ സമിതിയിൽ 100,000/- രൂപ കെട്ടിവച്ചതിനു ശേഷം, നിരീക്ഷണ സമിതിയെ നേരിട്ട് സമീപിക്കുവാൻ കഴിയുന്നതും, ആയത്, അത് സ്വീകരിച്ചിട്ടുള്ള തുകയുടെ ഒരു അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. ഉചിതമായ സ്റ്റാറ്റ്യൂട്ടറി അപ്പലേറ്റ് ട്രിബ്യൂണൽ മുമ്പാകെ ഏതെങ്കിലും വ്യക്തി ഇതിനകം ഒരു അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും, എന്നാൽ, നിരീക്ഷണ സമിതിയെ സമീപിക്കുന്നതിന് താത്പര്യപ്പെടുന്നതുമാകയാൽ, അപ്പീൽ പിൻവലിക്കാവുന്നതും,. മേൽ നിബന്ധനകളിലും വ്യവസ്ഥകളിലും പരിഹാരത്തിനായി 1,00,000 രൂപ ചെലവിനായി നിരീക്ഷണ സമിതിയിൽ നിക്ഷേപിച്ചു കൊണ്ട്, നിരീക്ഷണ സമിതിയെ സമീപിക്കേണ്ടതും, എന്നാൽ, നിരീക്ഷണ സമിതിയുടെ നിർദ്ദേശത്താൽ ആ പരിസരങ്ങളിൽ മുദ്രണം ചെയ്തതായിരിക്കണം. നിരീക്ഷണ സമിതിയുടെ തീരുമാനത്തിന്റെ ഏതൊരു ചോദ്യംചെയ്യലിനും ഈ കോടതിയെ മാത്രമേ ആശ്രയിക്കാൻ പാടുള്ളൂ. അഴിമതിയും സ്വജനപക്ഷ

പാതവും സംബന്ധിച്ച നിരീക്ഷണങ്ങളും ചില വസ്തുക്കൾ തമ്മിലുള്ള പ്രകടമായ ഒരു ബന്ധത്തിൽ, ഈ കോടതിയുടെ, കൂടുതൽ ഗൗരവതരമായ നിരീക്ഷണങ്ങളും കേസ്സിന്റെ ചരിത്രം നൽകുന്ന ഈ ഉത്തരവ്, പുറപ്പെടുവിക്കുന്നതിന് ഞങ്ങൾ നിർബന്ധിതരും ബാദ്ധ്യസ്ഥരുമാണ്.

38. വാസയോഗ്യമായ പരിസരങ്ങൾ വാണിജ്യ ആവശ്യങ്ങൾക്ക് (വ്യാവസായികേതര) വേണ്ടി ഉപയോഗിക്കുകയോ മറ്റേതെങ്കിലും താമസേതര ആവശ്യത്തിനും നിരീക്ഷണസമിതിയുടെ നിർദ്ദേശത്തിൽ ആരുടെയൊക്കെ പരിസരങ്ങൾ മുദ്രണം ചെയ്തിട്ടുണ്ടോ അവർക്കെല്ലാം ആ ആനുകൂല്യം ഈ ഉത്തരവ് ഇണക്കിച്ചേർക്കുമെന്ന് ഇതിനാൽ ഞങ്ങൾ വ്യക്തമാക്കുന്നു. എന്തുതന്നെയായാലും, ഏതെങ്കിലും തരത്തിലോ, സ്വഭാവത്തിലുള്ളതോ ആയ ഏതെങ്കിലും വ്യാവസായിക പ്രവർത്തനത്തിന് വേണ്ടി ആരെങ്കിലും വാസയോഗ്യമായ പരിസരങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതല്ല.

39. ഡൽഹി ഹൈക്കോടതിയിലേക്ക് മാറ്റിയിട്ടുള്ള ആക്റ്റിനേയും തുടർന്നുള്ള നിയമനിർമ്മാണങ്ങളെയും ചോദ്യം ചെയ്യുന്ന റിട്ട് ഹർജികളുടെ കാര്യത്തിൽ ഡൽഹി ഹൈക്കോടതിയുടെ വെബ്സൈറ്റിന്റെ ഒരു പരിശോധന നടത്തിയതിൽ നിന്ന് ഒന്നോ മറ്റേതെങ്കിലും കാരണത്താൽ ഈ ഹർജികൾ നാളിതുവരെ കേട്ടിട്ടില്ലായെന്ന് ഞങ്ങൾ കണ്ടു. ഡൽഹി ഹൈക്കോടതിയ്ക്ക് ഏതെങ്കിലും പിശകുപറ്റിയതായിട്ട് ഞങ്ങൾ കാണുന്നില്ല. ഈ കോടതി, ഡൽഹി ഹൈക്കോടതിയിൽ റിട്ട് ഹർജികൾ മാറ്റിയത്, ഒരു വർഷത്തിനുള്ളിൽ ത്വരിതഗതിയിൽ അവയുടെ തീർപ്പാക്കലിന് മുൻഗണന നൽകുന്നത് ഉദ്ദേശിച്ചാണ്. ഈ ഉദ്യമത്തിൽ യാതൊരു തീരുമാനവും ഇല്ലാതെ ഏകദേശം നാല് വർഷം കടന്നുപോയി. അതുകൊണ്ട്, നിരീക്ഷണ സമിതിയുടെ റിപ്പോർട്ടുകളിൽ നിന്നും വെളിപ്പെടുന്ന പ്രകാരം, സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ത്വരിതഗതിയിൽ ഈ കോടതി റിട്ട് ഹർജികൾ, കേൾക്കേണ്ടത് ഉചിതമാണെന്ന് ഞങ്ങൾ കരുതുകയും, അതിനനുസരിച്ച് ഡൽഹി ഹൈക്കോടതിയിലേക്ക് മാറ്റിയിട്ടുള്ള റിട്ട് ഹർജികൾ പിൻവലിച്ച് ഈ കോടതിയിലേക്ക് മാറ്റിയിട്ടുള്ളതാണ്. 2018 ജനുവരി 12-ലെ നിർദ്ദേശങ്ങൾക്കുവേണ്ടി ഡൽഹി ഹൈക്കോടതിയിൽ നിന്നും ഈ റിട്ട് ഹർജികൾ കിട്ടുമ്പോൾ ഇവ രജിസ്ട്രിയിൽ വയ്ക്കേണ്ടതാണ്.

40. മുകളിൽ പരാമർശിച്ച പ്രകാരം, ഈ കോടതി പുറപ്പെടുവിച്ചിട്ടുള്ള തീരുമാനങ്ങൾ, മുതിർന്ന അഭിഭാഷകനായ മിസ്റ്റർ രഞ്ജിത് കുമാർ ഈ കോടതിയെ അമിക്കസ് ക്യൂറിയായി സഹായിച്ചിരുന്നു എന്നു ചൂണ്ടിക്കാണിക്കുന്നു. അയാളെ വിടുതൽ ചെയ്തതായും ഇവിടെ കാണപ്പെടുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ, മാറിവന്നിട്ടുള്ള സാഹചര്യങ്ങളിൽ, ഈ വിഷയത്തിൽ ഞങ്ങളെ സഹായിക്കുന്നത് തുടരാൻ രഞ്ജിത് കുമാറിനോട് അപേക്ഷിക്കുന്നത് വീണ്ടും ആവശ്യമാകുന്നു. അപ്രകാരം ഞങ്ങൾ അതു ചെയ്യുന്നു.

41. ഡൽഹിയിലെ പൗരന്മാർക്ക്, നിരീക്ഷണ സമിതി കാര്യക്ഷമമായ സേവനം ചെയ്തിട്ടുള്ളതും ധാരാളം റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഡൽഹിയിലെ പൗരന്മാർക്ക്, ലഭ്യമാകുന്ന തരത്തിൽ ഒരു വെബ്സൈറ്റ് സ്ഥാപിക്കുവാനും, ഈ റിപ്പോർട്ടുകൾ എല്ലാംതന്നെ, ശരിയായി സൂചിക തയ്യാറാക്കി വെബ്സൈറ്റിൽ കാണിക്കുവാനും ഞങ്ങൾ നിരീക്ഷണ സമിതിയോട് ആവശ്യപ്പെടുന്നു.

*———————*

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. കെ. സിക്രി

&

ബഹു. ജസ്റ്റിസ് അശോക് ഭൂഷൺ

സിവിൽ അപ്പീൽ നമ്പരുകൾ. 1799-1800/2018

രാംജി സിംഗ് പട്ടേൽ

*Vs*

ഗ്യാൻ ചന്ദ്ര ജയ്സ്വാൾ

2018 ജനുവരി 11-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തെയും ഡിക്രിയെയും ചോദ്യം ചെയ്തുകൊണ്ടാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ഈ അപ്പീലിലെ എതിർകക്ഷി അയാളുടെ താമസ സ്ഥലത്തിൽ ധാന്യങ്ങൾ പൊടിക്കുന്നതിനുള്ള മില്ലും, എണ്ണ ആട്ടുന്ന മില്ലും എക്സപെല്ലറിന്റെയും, ഐസ് പ്ളാന്റ് മുതലായവയുടെ ബിസിനസ് തുടങ്ങി. അപ്പീൽ വാദി, 2003 മുതൽ എതിർകക്ഷി ഡീസൽ എൻജിൻ ഉപയോഗിച്ച് ബിസിനസ് ചെയ്യുവാൻ തുടങ്ങിയത് മൂലം ഉണ്ടായ പ്രകമ്പനങ്ങളും, വായു മലിനീകരണവും കാരണം അപ്പീൽ വാദിയുടെയും കുടുംബത്തിന്റെയും സ്വൈര്യത നഷ്ടപ്പെട്ട് ജീവിതം ദുസ്സഹമായി എന്ന് വാദിച്ചു. അപ്പീൽവാദിയുടെ പരാതിയെ തുടർന്ന് അന്വേഷണം ആരംഭിച്ചതും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേഷൻ ഹൗസ് ആഫീസർക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് നിർദ്ദേശം നൽകിയത് പ്രകാരം അന്വേഷണം നടത്തുകയും എതിർകക്ഷിയോട് ഉപദ്രവവും, മലീനീകരണവും നിർത്താൻ സ്റ്റേഷൻ ഹൗസ് ആഫീസർ നിർദ്ദേശിച്ചു. എതിർകക്ഷി, തന്റെ ബിസിനസിൽ അപ്പീൽ വാദി ഇടപെടുന്നതിനെതിരെ ശാശ്വത നിരോധനം ആവശ്യപ്പെട്ട് വ്യവഹാരം സമർപ്പിച്ചു. അപ്പീൽവാദി, ഉപദ്രവിക്കുന്നതും, മലിനീകരണം നടത്തുന്നതുമായ ബിസിനസ് നിർത്തുവാൻ ഉത്തരവ് ഉണ്ടാവണം എന്ന് ആവശ്യപ്പെട്ട് എതിർകക്ഷി വ്യവഹാരം സമർപ്പിച്ചു. വിചാരണക്കോടതി എതിർകക്ഷിക്കെതിരെ വിധി പുറപ്പെടുവിച്ചു. വിചാരണക്കോടതിയുടെ വിധിയിൽ സങ്കടപ്പെട്ടുകൊണ്ട് എതിർകക്ഷി അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് കോടതിയെ സമീപിച്ചു. മേൽ കോടതി വിചാരണ കോടതിയുടെ വിധി ശരിവച്ചു. ആയതിൽ സങ്കടപ്പെട്ടുകൊണ്ട്

**പ്രതി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി, പ്രതിയുടെ അപ്പീൽ അംഗീകരിക്കുകയും സിവിൽ ജഡ്ജി പുറപ്പെടുവിച്ച വിധിയെയും അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ് പുറപ്പെടുവിച്ച വിധിയെയും അസാധുവാക്കി. ഹൈക്കോടതി എതിർകക്ഷിയുടെ അപ്പീൽ അനുവദിച്ചത് കേസിന് ആധാര വിഷയമായ യന്ത്രങ്ങളുടെ പ്രവർത്തനം വഴിയുള്ള ബിസിനസ് തുടങ്ങിയ നാളുകളിൽ അപ്പീൽവാദി പരാതി നൽകിയിട്ടില്ല എന്നും പരാതി നൽകിയത് 14 വർഷം കഴിഞ്ഞാണ് ആയതിനാൽ വ്യവഹാരം കാലഹരണപ്പെട്ടതാണ് എന്ന കാരണത്താലാണ്. ഹൈക്കോടതി വിധി കൽപ്പിക്കാൻ അടിസ്ഥാനമാക്കിയിട്ടുള്ള കാരണങ്ങൾ കണ്ടെത്തിയതിൽ പിശക് പറ്റിയിരിക്കുന്നു. ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തുന്നു.**

**വിധിന്യായം**

**ജസ്റ്റിസ് എ. കെ. സിക്രി**

1. അനുമതി നൽകി.

2. ഈ അപ്പീലുകൾ * മുഖാന്തിരം, അപ്പീൽവാദി, 29-5-2013-ൽ 2013-ലെ 622-ഉം, 2013-ലെ 623-ഉം സെക്കന്റ് അപ്പീലുകളിൽ അലഹബാദ് ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തെയും ഉത്തരവിനെയുമാണ് ചോദ്യം ചെയ്തിരിക്കുന്നത്, ആയതിലൂടെ, ഹൈക്കോടതി എതിർകക്ഷി സമർപ്പിച്ച ഈ അപ്പീലുകൾ അനുവദിക്കുകയും വിചാരണ കോടതി അപ്പീൽവാദിക്ക് അനുകൂലമായി പുറപ്പെടുവിച്ചതും ആദ്യ അപ്പീൽകോടതി കൂടി ശരിവെച്ച ഉത്തരവും വിധിയും അസാധുവാക്കുകയും ചെയ്തു. സംഭവത്തിന്റെ കാലക്രമം താഴെപ്പറയുന്ന പ്രകാരമാണ്:

3. എതിർകക്ഷി, അയാളുടെ താമസ സ്ഥലത്തിൽ നിന്നുള്ള വൈദ്യുതിയാൽ പ്രവർത്തിപ്പിക്കുന്ന ധാന്യമില്ല്, ഓയിൽമില്ലും, എക്സ്പെല്ലർ, ഐസ് ഫാക്ടറി മുതലായവ യുടെ ബിസിനസ് തുടങ്ങി. അപ്പീൽവാദി, ഒരു അഭിഭാഷകനാകുന്നതും എതിർകക്ഷി യുടെ വീടിന് തൊട്ടടുത്ത് പൊതുമതിലിനോട് കൂടിയ വീടിന്റെ ഉടമസ്ഥനും താമസ ക്കാരനുമാണ്.

4. അപ്പീൽ വാദി പറയുന്ന പ്രകാരം, 2003 മുതൽ എതിർകക്ഷി മുകളിൽ പറഞ്ഞ ധാന്യമിൽ, മെഷീനുകളോട് ഡീസൽ എൻജിനിൽ പ്രവർത്തനമാരംഭിച്ചത് കനത്ത പ്രകമ്പനങ്ങൾക്കും വായു മലീനീകരണ ത്തിനും ഇടയാക്കുന്നു. യന്ത്രങ്ങൾ ഉണ്ടാക്കുന്ന പ്രകമ്പനങ്ങൾ, അപ്പീൽ വാദിയുടെ മതിലിന് വിള്ളലുണ്ടാക്കുകയും പുറന്തള്ളുന്ന മാലിന്യം അപ്പീൽവാദി യുടെയും അയാളുടെ കുടുംബാംഗ ങ്ങളുടേയും ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു. അപ്പീൽവാദി ഒരു അഭിഭാഷകൻ ആകയാൽ അയാളുടെ വീട്ടിൽ തന്നെ ചെയിംബെർ നടത്തുന്നതും അതുകൊണ്ട് അയാളുടെ തൊഴിൽപരമായ പ്രവർത്തനങ്ങളെ കനത്ത പ്രകമ്പനവും വായുമലിനീകരണവും പ്രതികൂലമായി ബാധിക്കുവാൻ തുടങ്ങി.

5. മുകളിൽ പറഞ്ഞ ഉപദ്രവവും ശല്യവും കാരണം, അപ്പീൽ വാദി സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് പരാതി നൽകുകയും, അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ അപ്പീൽവാദിയുടെ പരാതി യിന്മേൽ അയാളുടെ റിപ്പോർട്ട് ഫയൽ ചെയ്യുവാനും നിർദ്ദേശിച്ചു. അഡ്മിനി സ്ട്രേറ്റീവ് ആഫീസർ അന്വേഷണത്തിനു ശേഷം 2-12-2003-ൽ അയാളുടെ റിപ്പോർട്ട് സമർപ്പിച്ചു.

6. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ, സബ്ഡിവിഷനൽ മജിസ്ട്രേറ്റ് സ്റ്റേഷൻ ഹൗസ് ആഫീസറോട് ആ സംഗതി അന്വേഷിക്കുന്നതിന് നിർദ്ദേശിച്ചു. എസ് എച്ച് ഒ, എതിർകക്ഷിയോട് ശല്യം ചെയ്യുന്നതും മലിനീകരണം നടത്തുന്നതും നിർത്തുവാൻ നിർദ്ദേശിച്ചു, എന്നാൽ, എതിർകക്ഷി, പ്രസ്തുത നിർദ്ദേശം പാലിച്ചില്ല. ആ ഘട്ടത്തിൽ, എതിർകക്ഷി, അപ്പീൽവാദിക്കെതിരെ ഒറിജിനൽ സ്യൂട്ട്. നം.2518/2003 ഫയൽ ചെയ്യുകയും, ആയതിൽ, എതിർകക്ഷിയുടെ ബിസിനസ് നടത്തിപ്പിൽ അപ്പീൽവാദി ഇടപെടുന്നതിനെതിരെ ശാശ്വത നിരോധനം എതിർകക്ഷി ആവശ്യപ്പെട്ടു.

7. അതിനുശേഷം അപ്പീൽവാദി ഒറിജിനൽ സ്യൂട്ട് 26/2004 കൂടി എതിർ കക്ഷിക്കെതിരെ ഫയൽ ചെയ്യുകയും, ആയതിൽ, ശല്യം ചെയ്യുന്നതും മലിനീകരണം നടത്തുന്നതുമായ എതിർകക്ഷിയുടെ ബിസിനസ് നടത്തിപ്പിനെതിരെ ശാശ്വത നിരോധനത്തിനായി അപ്പീൽവാദി ആവശ്യപ്പെടുകയും ചെയ്തു. വിചാരണയ്ക്കുശേഷം, അപ്പീൽവാദിയുടെ വ്യവഹാരം തീർപ്പാക്കുകയും, വിചാരണ കോടതി 3-12-2012-ൽ ശാശ്വത നിരോധന ഉത്തരവിലൂടെ വായു ശബ്ദ മലിനീകരണം പരത്തുന്ന പ്രസ്തുത യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞു. നേരെ മറിച്ച് അതേ തീയതിയിലെ വിധിയിലൂടെ എതിർകക്ഷി സമർപ്പിച്ച വ്യവഹാരം തള്ളുകയും ചെയ്തു.

8. എതിർകക്ഷി, സിവിൽ ജഡ്ജ് (ജൂനിയർ ഡിവിഷൻ) സക്രി, അലഹബാദ് പുറപ്പെടുവിച്ച വിധിന്യായങ്ങളിലും ഡിക്രിയിലും സങ്കടപ്പെട്ടുകൊണ്ട് അഡീഷണൽ ഡിസ്ട്രിക് ജഡ്ജ്, കോടതി നം. 2, അലഹബാദ് മുമ്പാകെ സിവിൽ അപ്പീൽ നം. 206/12 ഉം 207/12-ഉം ഫയൽ ചെയ്തു. അലഹബാദിലെ അഡീഷണൽ ഡിസ്ട്രിക് ജഡ്ജ് 25.02.2013-ലെ പൊതു സ്ഥിരീകരണ വിധി ന്യായവും ഡിക്രിയും ഇപ്രകാരം നിരീക്ഷിച്ചു കൊണ്ട് 2012 സിവിൽ അപ്പീൽ നം. 206-ഉം 207-ഉം തീർപ്പാക്കി:

i. എതിർകക്ഷിയുടെ ഭവനത്തിന്റെ സമീപത്താണ് അപ്പീൽ വാദിയുടെ ഭവനവും, ഈ രണ്ടു വീടുകളുടെയും ഇടയിൽ 4 ഇഞ്ച് വീതിയുള്ള ഒരു മതിലുണ്ട്.

ii. എതിർകക്ഷിക്ക്, ധാന്യമില്ല്, ഓയിൽ മില്ലും, എക്സ്പെല്ലറും, ഐസ് ഫാക്ടറി മുതലായവയുടെ ബിസിനസ് ഉള്ളതും അയാൾ ഡീസലിൽ പ്രസ്തുത മെഷീനുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

iii. എതിർകക്ഷി, അയാളുടെ ബിസിനസ് 1990 ആരംഭിച്ചിരുന്നു, എന്നാൽ ആ സമയം അയാളുടെ മെഷീനുകൾ വൈദ്യുതിയിൽ ആയിരുന്നു പ്രവർത്തിപ്പിച്ചിരുന്നത്.

iv. 2003-ൽ, എതിർകക്ഷി, എക്സ്പെല്ലർ, മെഷീൻ മുതലായ ഉപയോഗിക്കാൻ തുടങ്ങുകയും അവ ഡീസലിൽ പ്രവർത്തിച്ചിരുന്നത് കൊണ്ട് ആയത്, ധാരാളം പ്രകമ്പനങ്ങളും വായു ശബ്ദമലിനീകരണവും ഉണ്ടാക്കുകയും ചെയ്തു.

v. പ്രസ്തുത യന്ത്രങ്ങൾ ഉണ്ടാക്കുന്ന പ്രകമ്പനങ്ങളാൽ അപ്പീൽ വാദിയുടെ വശത്തുള്ള മതിലിൽ പല സ്ഥലങ്ങളിലും വിള്ളൽ ഉണ്ടായിട്ടുണ്ട്.

vi. അയാളുടെ ബിസിനസ് നടത്തുന്നത്, അപ്പീൽ വാദിയുടെയും, അയാളുടെ കുടുംബത്തിന്റെയും ആരോഗ്യത്തിന് ഹാനികരമാണ്.

vii. എതിർകക്ഷി ഉപയോഗിക്കുന്ന യന്ത്രങ്ങൾ പ്രകമ്പനവും വായു ശബ്ദമലിനീകരണവും ഉണ്ടാക്കും എന്നത് സാക്ഷിമൊഴിയിൽ നിന്നും വ്യക്തമാണ്.

viii. യന്ത്രങ്ങൾ വായുശബ്ദമലിനീകരണം ഉണ്ടാക്കുമെന്ന് എതിർകക്ഷി സമ്മതിച്ചിട്ടുള്ളതാണ്.

ix. പ്രസ്തുത ബിസിനസ് നടത്തുന്നത് സ്വകാര്യവ്യക്തികൾക്ക് ഉപദ്രവമാകുന്നതും ജനങ്ങളുടെ ശാരീരികവും, മാനസികവുമായ ആരോഗ്യത്തിന് വലിയതോതിൽ ഹാനികരമായതിനാൽ വാസയോഗ്യയായ സ്ഥലങ്ങളിൽ അത്തരം പ്രവർത്തികൾ നടത്തുവാൻ പാടില്ലാത്തതാണ്.

x. അപ്പീൽ വാദി 1990-ൽ ഈ വീട്ടിൽ താമസം തുടങ്ങിയപ്പോൾ എതിർകക്ഷി യന്ത്രങ്ങൾ വൈദ്യുതിയിൽ ഉപയോഗിച്ചിരുന്നതിനാലും, പ്രകമ്പനങ്ങൾക്കും മലിനീകരണത്തിനും കാരണമായി ഡീസലിൽ യന്ത്രങ്ങൾ എതിർകക്ഷി പ്രവർത്തിപ്പിക്കുവാൻ 2003-ൽ ആരംഭിച്ചിട്ടുള്ളതിനാലും, *വോളന്റി നോൺ ഫിറ്റ് ഇൻജൂറിയ* എന്ന എതിർവാദം നിലനിൽക്കുന്നതല്ല.

xi. അപ്പീൽ വാദിക്ക് എതിർകക്ഷിക്കെതിരായ ശാശ്വത നിരോധനത്തിന് അവകാശമുണ്ട്.

9. സിവിൽ അപ്പീൽ നമ്പർ 206/2012-ലും 207/2012-ലും അലഹബാദ് അഡീഷണൽ ജഡ്ജി പുറപ്പെടുവിച്ച വിധിന്യായത്തിലും ഡിക്രിയിലും സങ്കടപ്പെട്ടു കൊണ്ട് എതിർകക്ഷി 622/2013-ഉം 623/2013-ഉം സെക്കന്റ് അപ്പീലുകൾ അലഹബാദ് ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ഹൈക്കോടതി രണ്ട് അപ്പീലുകളും ഇച്ഛാശക്തിയോടെ അനുവദിക്കുകയും സിംഗിൾ ജഡ്ജി (ജൂനിയർ ഡിവിഷൻ) സക്രി, അലഹബാദ് 08.10.2012-ൽ പുറപ്പെടുവിച്ച വിധിന്യാവും ഡിക്രിയും 25.02.2013-ൽ അഡീഷണൽ ഡിസ്ട്രിക്റ്റ് ജഡ്ജി കോടതി നമ്പർ-2 അലഹബാദ് പുറപ്പെടുവിച്ച ഉത്തരവ് അസ്ഥിരപ്പെടുത്തുകയും ഒ എസ് നം.26/2004 തള്ളുകയും ചെയ്തു.

10. ഹൈക്കോടതി വിധി പരിശോധിച്ചതിൽ, ഇത് വിചാരണ കോടതി രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അവിദഗ്ദ്ധ കണ്ടെത്തലുകൾ തീർക്കുന്നതല്ലാത്തതും, ആദ്യ അപ്പീൽ കോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. നേരെ മറിച്ച്, ഹൈക്കോടതി രൂപം നൽകിയ നിയമ വിഷയം ബന്ധപ്പെട്ടിരിക്കുന്നത് താഴെ പറയും പ്രകാരം വ്യവഹാരം ഫയൽ ചെയ്യുന്നത് കാലഹരണപ്പെട്ടിട്ടുള്ളതാണോ എന്നാണ്:

ഒരു പരിധിവരെ അന്യായത്തിൽ തേടിയിട്ടുള്ള. പരിഹാരം കാണിക്കുന്നത്, വ്യവഹാര കാരണം 1990-ൽ ഉത്ഭവിച്ചിട്ടുള്ളതാണെങ്കിലും, വ്യവഹാരം 2004-ൽ ഫയൽ ചെയ്തിട്ടുള്ളതും കാലപരിധി തീർച്ചയായും 3 വർഷം മാത്രമായിട്ടുള്ളതിനാൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന വ്യവഹാരം, സമയ പരിധി കഴിഞ്ഞുള്ളതാണോ എന്നാണ്.

11. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, രേഖകൾ പ്രകാരമുള്ള തെളിവുകൾ കാണിക്കുന്നത് 'ആട്ട ചക്കി' ആദ്യമായി സ്ഥാപിച്ചത് 1990-ൽ ആണെന്നും, എന്നാൽ, ഇതിലെ അപ്പീൽ വാദിക്ക് ഇതിന്റെ പേരിൽ യാതൊരുവിധ അസൗകര്യവും അനുഭവപ്പെട്ടിട്ടില്ല എന്നും ആയതിനാൽ അയാൾ പരാതിയൊന്നും നൽകിയില്ല എന്നുമാണ്. എതിർകക്ഷി ആ സമയത്ത് പ്രസ്തുത യന്ത്രങ്ങൾ വൈദ്യുതി ഉപയോഗിച്ച്

പ്രവർത്തിപ്പിച്ചിരുന്നതും ആയത് യാതൊരു മലിനീകരണമോ ഏതെങ്കിലും അസൗകര്യമോ ഉണ്ടാക്കിയിരുന്നില്ല, പിന്നീട് 2013 മുതൽ എതിർകക്ഷി ഡീസൽ ജനറേറ്റർ (ഡി.ജി.സെറ്റ്) ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ, ഡി 6 സെറ്റ് സൃഷ്ടിച്ച പുകയും ശബ്ദവും ഗുരുതരമായ വായുവും മറ്റു മലിനീകരണത്തിനും ഇടയാക്കി എന്നതാണ് ആകെയുള്ള വിശദീകരണം. ഈ വിശദീകരണം ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചില്ല. അതുകൊണ്ട് 'ആട്ട ചക്കി' 1990-ൽ തുടങ്ങിയതാണെന്നും വ്യവഹാരം 14 വർഷം കഴിഞ്ഞതിനു ശേഷമാണ് ഫയൽ ചെയ്തതെന്നും, അതായത്, 2004-ൽ ആയതിനാൽ അത് കാലഹരണപ്പെട്ടതാണെന്നും വിധിച്ചു.

12. കക്ഷികളുടെ വിദ്വാൻമാരായ അഭിഭാഷകരെ കേട്ടതിനു ശേഷം, ഹൈക്കോടതിയുടെ ഈ സമീപനവുമായി ഞങ്ങൾക്ക് യോജിപ്പില്ല. വാദി/അപ്പീൽവാദി ഫയൽ ചെയ്ത വ്യവഹാരത്തിൽ, അയാൾ എഴുതി സമർപ്പിച്ചതിൽ അങ്ങനെയുള്ള യാതൊരു വാദവും ആദ്യതവണ എതിർകക്ഷി സ്വീകരിക്കാത്തതും കാലഹരണത്തിൻ മേൽ യാതൊരു തർക്കവും ഉന്നയിക്കാത്തതുമാണ്. അങ്ങനെയുള്ള ഏതെങ്കിലും തർക്കത്തിന്റെ രൂപപ്പെടുത്തലിന്റെ അഭാവത്തിൽ, കക്ഷികൾ ഏതെങ്കിലും തെളിവിൽ എത്തിച്ചേർന്നിട്ടില്ലാത്തതുമാണ്. കാലപരിധിയെ സംബന്ധിച്ച് ഏതെങ്കിലും നിർദ്ദിഷ്ട തർക്കത്തിന്റെ അഭാവത്തിലാണെങ്കിലും, കാലഹരണ ആക്റ്റിന്റെ 3-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, വ്യവഹാരം കാലപരിധിക്കുള്ളിലാണോ കാലഹരണപ്പെട്ടതാണോ എന്ന് നോക്കുന്നതിന് കോടതിക്ക് അധികാരം നൽകിയിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നിരുന്നാലും, കാലപരിധിയുടെ ഒരു തികഞ്ഞ നിയമ പ്രശ്നം ഉദിച്ചിട്ടുണ്ടായിരുന്നെങ്കിൽ മാത്രമേ, ഹൈക്കോടതി മുമ്പാകെയുള്ള സെക്കന്റ് അപ്പീലിൽ എതിർകക്ഷിക്ക് അങ്ങനെയുള്ള ഒരു വാദം സ്വീകരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോഴത്തെ കേസ്സിൽ, ഇത് നിയമവും വസ്തുതയും സമ്മിശ്രമായ ഒരു ചോദ്യമായി ഞങ്ങൾ കാണുന്നു, കൂടാതെ, അതുകൊണ്ട്, എതിർകക്ഷി ഫയൽ ചെയ്ത സെക്കന്റ് അപ്പീലിൽ ആദ്യമായി, ഹൈക്കോടതിയ്ക്ക് ഇത് പരിഗണനയ്ക്കെടുക്കാൻ സാധിച്ചില്ല.

13. ഇത് കൂടാതെ, മെറിറ്റിലും ഹൈക്കോടതിയുടെ സമീപനത്തിൽ ഞങ്ങൾ ദോഷം കാണുന്നു. അതിലേയ്ക്കായി താഴെ പറയുന്ന കുറഞ്ഞത് രണ്ടു കാരണങ്ങളുണ്ട്.

എ) അപ്പീൽ വാദി നൽകിയ വിശദീകരണം നീതികരിച്ചു. 2003-ൽ എതിർകക്ഷി, ഡി 6 സെറ്റ് സ്ഥാപിച്ചപ്പോൾ പ്രസ്തുത 'ആട്ട ചക്കി' (ഫ്ളവർ മില്ല്)-യുടെ പ്രവർത്തനത്തിൽ അത് പുക പുറന്തള്ളുകയും അതിനാൽ വായുമലിനീകരണം സൃഷ്ടിക്കുകയും ശബ്ദമലിനീകരണവും സൃഷ്ടിക്കുവാൻ ആരംഭിച്ചതും ശല്യമുണ്ടാക്കാൻ തുടങ്ങിയതായും അയാൾ ഉറപ്പിച്ചു പറഞ്ഞു. ആയതിനാൽ ഈ വ്യവഹാരം സമർപ്പിക്കുവാനുള്ള കാരണം ഡി ജി സെറ്റ് സ്ഥാപിച്ചതും, ആയത്, 2003-ലാണ് സ്ഥാപിച്ചത്. വ്യവഹാരം സമർപ്പിച്ചത് 2004-ലാണ്. ആതിനാൽ സമയത്തിനുള്ളിലാണ്.

ബി) കൂടുതലായി, ഹൈക്കോടതി ഈ വിഷയത്തിൽ ഹ്രസ്വവീക്ഷണം സ്വീകരിച്ചതായി ഞങ്ങൾ കാണുന്നു. കീഴ്ക്കോടതി രേഖപ്പെടുത്തിയ വസ്തുതകളുടെ കണ്ടെത്തൽ വ്യക്തമാക്കുന്നത്, എതിർകക്ഷി ഡിജി സെറ്റ് ഉപയോഗിച്ച ശേഷം, അത് ഉണ്ടാക്കുന്ന പ്രകമ്പനങ്ങൾ മുഖാന്തിരവും അതിലൂടെയുള്ള യന്ത്രങ്ങളുടെ പ്രവർത്തനവും അപ്പീൽവാദിയുടെ മതിലിന്റെ ഭാഗത്ത് പല സ്ഥലങ്ങളിലും വിള്ളലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് സംഭവിച്ചത് 2003-ന് ശേഷമാണ്. മറ്റൊരു പ്രധാന കണ്ടെത്തൽ,

ബിസിനസ് നടത്തിപ്പ് അപ്പീൽവാദിയുടെയും അയാളുടെ കുടുംബത്തിന്റെയും ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നു. എതിർകക്ഷി യുടെ ഫ്ളവർമിൽ ശബ്ദം അതേപോലെ തന്നെ വായു മലിനീകരണത്തിന് കാരണ മാകുന്നതായി ഒരിക്കലുള്ള നിശ്ചിതമായ കണ്ടെത്തലുകൾ, അത് തുടർച്ചയായി നിലനിൽക്കുന്ന ഒരു കാരണമായി ത്തീരുന്നതാണ്. ഈ മില്ലിന്റെ പ്രവർത്തന ത്തിന്റെ അങ്ങനെയുള്ള ഒരു ഗുരുതരമായ അനന്തരഫലം ഹൈക്കോടതി അവഗണിക്കു വാൻ പാടില്ലാത്തതായിരുന്നു.

14. ചുരുക്കി പറയുകയാണെങ്കിൽ, മുകളിൽ പറഞ്ഞ രീതിയിൽ അപ്പീലുകൾ അനുവദിച്ചതിൽ ഹൈക്കോടതിക്ക് പിശക് പറ്റിയതായി ഞങ്ങൾ കണ്ടെത്തുന്നു. ആയതിനാൽ, ഈ അപ്പീലുകൾ അനുവദി ക്കുകയും ദോഷം ആരോപിക്കപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം അസ്ഥിര പ്പെടുത്തുകയും കീഴ്ക്കോടതികൾ പുറപ്പെടു വിച്ച വിധി പുനഃസ്ഥാപിക്കുകയും ചെയ്യുന്നു.

15. ചെലവിനെ സംബന്ധിച്ച് യാതൊരു ഉത്തരവുമില്ല.

*————————*

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ.കെ.അർഗവാൾ

&

ബഹു. ജസ്റ്റിസ് അഭയ് മനോഹർ സപ്രേ

സിവിൽ അപ്പീൽ നമ്പർ. 883/2018

(എസ്.എൽ.പി. (സി) നമ്പർ 14306/2015-ൽ നിന്നും ഉത്ഭവിച്ചത്)

ജയപ്രകാശും മറ്റുള്ളവരും

*Vs*

റ്റി.എസ്. ഡേവിഡും മറ്റുള്ളവരും

2018 ജനുവരി 25-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

അപ്പീൽവാദികൾക്ക് വ്യവഹാരത്തിൽ ഉൾപ്പെട്ട വസ്തുക്കൾ വിൽക്കുന്നതിന് ഉള്ള കരാർ അപ്പീൽ പ്രതികൾ പാലിക്കുവാൻ നിർദ്ദേശം നൽകണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് വ്യവഹാരം സമർപ്പിച്ചത്. അപ്പീൽ വാദികളുടെ വാദം അപ്പീൽ പ്രതികൾ അഡ്വാൻസായി തുക കൈപ്പറ്റിയിട്ടും വ്യവഹാര വസ്തുക്കൾ അവർക്ക് വിൽക്കുന്നതിന് പകരം മൂന്നും,നാലും പ്രതികൾക്ക് വിറ്റു എന്നാണ്. വാദികളുടെ ഹർജിയിന്മേൽ പ്രതികൾ ഹാജരാവാത്തതിനെ തുടർന്ന് അവർക്കെതിരെ എക്സ്പാർട്ടി വിധി പുറപ്പെടുവിക്കുകയും മൂന്ന്-ഉം, നാല്-ഉം പ്രതികളുടെ അപേക്ഷയിൽ ഉത്തരവ് റദ്ദു ചെയ്യുകയും ഒന്നും, രണ്ടും പ്രതികൾക്ക് അറിയിപ്പ് നൽകാതെ വ്യവഹാരം പുനഃസ്ഥാപിച്ച് വീണ്ടും വിചാരണയ്ക്ക് എടുക്കുകയും ഒന്നും, രണ്ടും പ്രതികളുടെ അസാന്നിധ്യത്തിൽ വീണ്ടും എല്ലാ പ്രതികൾക്കുമെതിരെ വിധി പുറപ്പെടുവിക്കുകയും ചെയ്തു. മൂന്നും. നാലും പ്രതികൾ കീഴ്ക്കോടതി വിധിക്കെതിരെ ഹൈക്കോടതിയെ സമീപിക്കുകയും ആയതിൽ കോടതി ഉത്തരവ് റദ്ദു ചെയ്യുകയും ഒന്നും, രണ്ടും പ്രതികൾക്ക് വ്യവഹാരത്തിന്റെ അറിയിപ്പ് നൽകി പുതിയതായി വിചാരണയ്ക്ക് എടുക്കുവാൻ ഉത്തരവിട്ടു. ഈ ഹൈക്കോടതി ഉത്തരവ് ചോദ്യം ചെയ്തു കൊണ്ടാണ് അപ്പീൽ സമർപ്പിച്ചിട്ടുളളത്. ഒന്നും, രണ്ടും പ്രതികൾക്ക് അറിയിപ്പ് നൽകാതെ വ്യവഹാരം പുനഃസ്ഥാപിച്ച് വീണ്ടും വിചാരണയ്ക്ക് എടുത്ത് പുറപ്പെടുവിച്ച വിചാരണകോടതി ഉത്തരവാണ് ഹൈക്കോടതി റദ്ദു ചെയ്തത്. ആയതിനാൽ ഹൈക്കോടതി വിധി ശരിവയ്ക്കുന്നു.

### വിധി ന്യായം

**ജസ്റ്റിസ് അഭയ് മനോഹർ സപ്രേ**

1. അനുമതി നൽകി.

2. ഈ അപ്പീൽ, കേരള ഹൈക്കോടതി 2007-ലെ 541-ാം ആർ.എഫ്.എ.യിൽ 5-11-2014-ൽ പുറപ്പെടുവിച്ച അന്തിമ

വിധിന്യായത്തിലും ഉത്തരവിലും 3-ഉം 4-ഉം പ്രതികൾ (ഇവിടെ രണ്ടും മൂന്നും എതിർകക്ഷികൾ) ഫയൽ ചെയ്ത അപ്പീൽ അനുവദിക്കുകയും 20.02.2007-ൽ കോട്ടയം സബ്-കോടതിയുടെ 2001-ലെ ഒ.എസ്.337-ൽ പുറപ്പെടുവിച്ച ഉത്തരവും വിധിന്യായവും അസാധുവാക്കിയതിനെതിരെയുള്ളതാണ്.

3. അപ്പീലിൽ ഉൾപ്പെട്ട ചെറിയ തർക്കം വിവേചിച്ചറിയുന്നതിനു വേണ്ടി, പ്രസക്തമായ കുറച്ചു വസ്തുതകൾ ഇതിനുശേഷം സൂചിപ്പിക്കേണ്ട ആവശ്യകതയുണ്ട്.

4. അപ്പീൽവാദികൾ വാദികളും, എതിർകക്ഷികൾ പ്രതികളുമായ സിവിൽ വ്യവഹാരത്തിൽ നിന്നാണ് ഈ അപ്പീൽ ഉത്ഭവിച്ചത്.

5. അപ്പീൽവാദികൾ, എതിർകക്ഷികൾക്ക് (പ്രതികൾ) എതിരെ കോട്ടയം പ്രിൻസിപ്പൽ സബ് കോടതിയിൽ, 5,70,000/- രൂപയ്ക്ക് എതിർകക്ഷികൾ (1 മുതൽ 4 വരെയുള്ള പ്രതികൾ), അപ്പീൽ വാദികൾക്ക് വ്യവഹാര വസ്തുക്കൾ വിൽക്കുന്നതിനുവേണ്ടി ഉടമ്പടി പ്രകാരമുള്ള സ്പെസിഫിക് പെർഫോമൻസിന് വേണ്ടി നിർദ്ദേശിക്കുന്നതിന് ഒ.എസ്.നം.337/2001 ആയി ഒരു സിവിൽ വ്യവഹാരം ഫയൽ ചെയ്തു.

6. അപ്പീൽ വാദികൾ പറയുന്നതനുസരിച്ച്, 1-ഉം 2-ഉം പ്രതികൾ (വ്യവഹാര വസ്തുവിന്റെ യഥാർത്ഥ ഉടമസ്ഥർ) കരാറിലെ വ്യവസ്ഥ പ്രകാരം അപ്പീൽ വാദികളിൽ നിന്നും, മുൻകൂർ തുക, വാങ്ങിയിട്ടും അപ്പീൽവാദികൾക്ക് വ്യവഹാര വസ്തുക്കൾ വിൽക്കുന്നതിൽ വീഴ്ച വരുത്തുകയും വ്യവഹാര വസ്തുക്കൾ 3-ഉം 4-ഉം പ്രതികൾക്കു വിൽക്കുകയും, ചെയ്തതിനാൽ, അപ്പീൽവാദികൾ 1 മുതൽ 4 വരെയുള്ള പ്രതികൾക്കെതിരെ കരാർ പ്രകാരമുള്ള സ്പെസിഫിക് പെർഫോമൻസിന് വേണ്ടി 1 ഉം 2 ഉം പ്രതികൾക്കെതിരെ (എഗ്സിബിറ്റ് എ-1) വ്യവഹാരം ഫയൽ ചെയ്തു.

7. പ്രതികളെ (എതിർകക്ഷികളെ) സബ്സ്റ്റിട്യൂറ്റഡ് സർവ്വീസ് മുഖാന്തിരം അറിയിച്ചു. എന്നിരുന്നാലും, അവർ പ്രാരംഭം മുതൽതന്നെ എക്സ്പാർട്ടിയായി നിലകൊണ്ടു. ആയതിനാൽ വിചാരണ കോടതി, 27-2-2004-ൽ പ്രതികൾക്കെതിരെ (എതിർകക്ഷികൾ) കൂട്ടായും ഒറ്റയ്ക്കും ഉള്ള ഒരു എക്സ്പാർട്ടി ഡിക്രി പുറപ്പെടുവിച്ചു.

8. അതിനുശേഷം, 27-2-2004 തീയതിയിലെ എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുന്നതിന് 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ ഓർഡർ 9 ചട്ടം 13-ൻ കീഴിൽ, 3 ഉം 4 ഉം പ്രതികൾ അപേക്ഷ സമർപ്പിച്ചു. വിചാരണക്കോടതി, 20-12-2006-ലെ ഉത്തരവ് മുഖാന്തിരം അപേക്ഷ അനുവദിക്കുകയും എക്സ്പാർട്ടി ഡിക്രി അസ്ഥിരപ്പെടുത്തുകയും യഥാർത്ഥ വ്യവഹാരം വീണ്ടും മെരിറ്റിൽ തീരുമാനിക്കുന്നതിന് തിരികെ അതിന്റെ ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

9. കേസ് പുനർവിചാരണയ്ക്കായി അയച്ചപ്പോൾ, 3-ഉം 4-ഉം പ്രതികൾ പത്രിക സമർപ്പിച്ചു. 1-ഉം 2-ഉം പ്രതികളെ സംബന്ധിച്ചിടത്തോളം, അവർ എക്സ്പാർട്ടിയായി നിലകൊണ്ടു. വിചാരണക്കോടതി 20-2-2007-ലെ വിധിന്യായം/ഡിക്രിയിലൂടെ നാലു പ്രതികൾക്കുമെതിരെ വീണ്ടും കൂട്ടായും ഒറ്റയ്ക്കും ഉള്ള വിധി കല്പിച്ചു.

10. സങ്കടമനുഭവിച്ച 3-ഉം 4-ഉം പ്രതികൾ ഹൈക്കോടതി മുമ്പാകെ ഫസ്റ്റ് അപ്പീൽ സമർപ്പിച്ചു. ദോഷം ആരോപിക്കപ്പെട്ട വിധിന്യായത്തിലൂടെ ഹൈക്കോടതി അപ്പീൽ അനുവദിക്കുകയും, അതേ സമയം വിചാരണക്കോടതിയുടെ വിധിന്യായം/ഡിക്രി അസ്ഥിരപ്പെടുത്തിക്കൊണ്ട് കേസ്സ്

മെറിറ്റിൽ പുനർ വിചാരണയ്ക്കായി വിചാരണകോടതിയിലേക്ക് തിരിച്ചയച്ചു. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, കേസിൽ ഉയർന്നു വന്നിട്ടുള്ള തർക്കങ്ങൾ വിചാരണക്കോടതി ശരിയായ രീതിയിൽ തീരുമാനിച്ചിട്ടില്ലാത്തതും, അതു കൊണ്ട്, കക്ഷികൾക്ക് കൂടുതൽ തെളിവ് ഹാജരാക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തു കൊണ്ട് കേസ് മുഴുവനായി പുതുതായി പരിഗണിക്കേണ്ട ആവശ്യകതയുണ്ട്. കേസ് അപ്രകാരം വിചാരണകോടതിയിലേക്ക് പുനർ വിചാരണയ്ക്ക് തിരിച്ചയച്ചു.

11. ദോഷമാരോപിക്കപ്പെട്ട വിധിന്യായ ത്തിലൂടെ സങ്കടമനുഭവിച്ച വാദികൾ സ്പെഷ്യൽ ലീവ് വഴി ഈ കോടതിയിൽ ഈ അപ്പീൽ ഫയൽ ചെയ്തു.

12. ആയതിനാൽ, ഈ അപ്പീലിൽ പരിഗണനയ്ക്കായി ഉയർന്നു വന്ന ഹ്രസ്വമായ ചോദ്യം, വിചാരണക്കോടതിക്ക് വ്യവഹാരം തുടക്കം മുതലേ അതിന്റെ പുതുവിചാരണയ്ക്ക് ഹൈക്കോടതി തിരികെ നൽകിയത് ന്യായീകരിക്കാമോ എന്നുള്ളതാണ്.

13. അപ്പീൽവാദികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ മുതിർന്ന അഭിഭാഷകൻ സി.എസ്.രാജനെയും, 3-ഉം 4-ഉം എതിർകക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ സീനിയർ അഭിഭാഷകൻ തോമസ് പി.ജോസഫിനേയും, 1-ഉം 2-ഉം എതിർകക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ സി.കെ.ശശിയേയും കേട്ടു.

14. കക്ഷികളുടെ വിദ്വാൻമാരായ അഭിഭാഷകരെ കേൾക്കുകയും കേസിന്റെ രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ നിന്ന് ഞങ്ങൾ ഈ അപ്പീലിൽ ഗുണകരമായി ഒന്നും കാണുന്നില്ല.

15. ഞങ്ങളുടെ അഭിപ്രായത്തിൽ, ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടാത്തതും ഇവിടെ ഉന്നയിച്ചിട്ടില്ലാത്തതുമായ വിശേഷാൽ കാരണങ്ങളിന്മേൽ ഞങ്ങൾ 'റിമാന്റ് ഉത്തരവ്' നിലനിർത്തുന്നുവെങ്കിലും വ്യവഹാരം മെറിറ്റിൽ പുതിയതായി വിചാരണ ചെയ്യുവാൻ, ഹൈക്കോടതിയുടെ തിരികെ നൽകിയ ഉത്തരവ് ശരിയെന്ന് കാണുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ, അതുകൊണ്ട്, വ്യവഹാരം വിചാരണ ചെയ്യുവാൻ വിചാരണ കോടതിക്ക് തിരികെ നൽകിയത് മറ്റു വിധത്തിലും ആവശ്യമാണ്.

16. (1 മുതൽ 4 വരെയുള്ള) എല്ലാ നാല് പ്രതികളെും 27-2-2004-ലെ എക്സ്പാർട്ടി ഉത്തരവ് ഒറ്റയ്ക്കും കൂട്ടായും ബാധിച്ചു എന്നതിന് യാതൊരു തർക്കവുമില്ല. സംഹിതയുടെ ഓർഡർ 9 ചട്ടം 13 പ്രകാരം, വിധി അസ്ഥിരപ്പെടുത്തുന്നതിന് കോടതിയിൽ 3-ഉം 4-ഉം പ്രതികൾ മാത്രമാണ് അപേക്ഷിച്ചത് എന്നുള്ളതിനും യാതൊരു തർക്കവുമില്ല. 20-12-2005-ലെ ഉത്തരവിലൂടെ വിചാരണ കോടതി ഈ അപേക്ഷ അനുവദിക്കുകയും ആയത് 1-ഉം 2-ഉം പ്രതികൾ അത് അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷ നൽകാതിരുന്നിട്ടും അവരുൾ പ്പെടെയുള്ള എല്ലാ പ്രതികൾക്കുമെതിരെ യുള്ള മുഴുവൻ എക്സ്പാർട്ടി വിധിയും അസ്ഥിരമാക്കുന്നതിൽ കലാശിച്ചു. അങ്ങനെ മെറിറ്റിൽ പുതിയതായി വിചാരണ ചെയ്യുന്നതിന് വ്യവഹാരം അതിന്റെ ഫയലിൽ സ്വീകരിച്ചു.

17. ഞങ്ങളുടെ കാഴ്ചപ്പാടിൽ, ഓർഡർ 9 ചട്ടം 13-ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ സംസ്ഥാന സർക്കാർ നടത്തിയ പ്രാദേശിക ഭേദഗതിയുടെ അടിസ്ഥാനത്തിൽ "അവർക്ക് നോട്ടീസ് നൽകിയതിന് ശേഷം" എന്ന് കൂട്ടിച്ചേർത്ത തിനാൽ സംഹിതയുടെ ഓർഡർ 9 ചട്ടം 13 പ്രകാരം നടപടിക്രമങ്ങളുടെ ഒരു നോട്ടീസിന് 1-ഉം 2-ഉം പ്രതികൾ അർഹരാണ്. ഓർഡർ 9 ചട്ടം 13-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ കൊണ്ടു വന്ന ഈ പ്രാദേശിക ഭേദഗതി 1-ഉം 2-ഉം പ്രതികൾക്ക് ബാധകമായിരുന്നു.

അന്വേഷണത്തിൽ, എക്സ്പാർട്ടി വിധി അസ്ഥിരപ്പെടുത്തുന്നതിന് മുമ്പ് 1-ഉം 2-ഉം പ്രതികൾക്ക് യാതൊരു നോട്ടീസും നൽകിയിട്ടില്ല എന്നും അവരുടെ അസാന്നിധ്യത്തിൽ വ്യവഹാരം പുനഃസ്ഥാപിച്ചു എന്നും പറഞ്ഞു. ഇത്, ഞങ്ങളുടെ കാഴ്ചപ്പാടിൽ 1-ഉം 2-ഉം പ്രതികളുടെ ഗുണത്തിനായിരുന്നുവെങ്കിൽപോലും മുഴുവൻ വ്യവഹാരവും പുനസ്ഥാപിക്കുമ്പോൾ വിചാരണകോടതി ഒരു ക്രമരാഹിത്യം നടത്തിയിട്ടുണ്ട്.

18. അത്, അങ്ങനെതന്നെ ആയാലും, ഞങ്ങളുടെ പരിഗണിതമായ അഭിപ്രായത്തിൽ, മൂന്നും, നാലും പ്രതികളുടെ അപേക്ഷയിന്മേൽ വ്യവഹാരം പുനഃസ്ഥാപിച്ചതിനു ശേഷം, 1-ഉം 2-ഉം പ്രതികൾക്ക് വ്യവഹാരത്തെ സംബന്ധിച്ച പുതിയ നോട്ടീസ് നൽകാത്തിടത്തോളം വിചാരണക്കോടതിക്ക് വീണ്ടും മറ്റൊരു പിഴവ് കൂടി സംഭവിച്ചു. മറ്റു വിധത്തിൽ പറഞ്ഞാൽ, വ്യവഹാരത്തിന്റെ ആദ്യ റൗണ്ട് വിസ്താര വേളയിലും ഓർഡർ 9 ചട്ടം 13-ലെ നടപടികളിലും അവർ ഹാജരായിരുന്നില്ലെങ്കിലും ഒരിക്കൽ പുനഃസ്ഥാപിച്ച വ്യവഹാരത്തിന്റെ പുതിയ നോട്ടീസിന് 1-ഉം 2-ഉം പ്രതികൾക്ക് അർഹതയുള്ളതാണ്.

19. എന്നിരുന്നാലും, വിചാരണക്കോടതി, 20-2-2007 തീയതിയിലെ വിധിന്യായം/ഡിക്രിയിലൂടെ, 3-ഉം 4-ഉം പ്രതികളെ മാത്രം കേട്ടതിനു ശേഷം 1-ഉം 2-ഉം പ്രതികൾക്കെതിരെ എക്സ്പാർട്ടി ഡിക്രി പുറപ്പെടുവിച്ചു. ഈ വിധിന്യായത്തിനും ഡിക്രിയ്ക്കുമെതിരെ 3-ഉം 4-ഉം പ്രതികൾ അപ്പീൽ ഫയൽ ചെയ്യപ്പെടുകയും ആയത് വീണ്ടും ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ അസ്ഥിരപ്പെടുത്തുകയും കേസ് മെറിറ്റിൽ പുതുതായി വിചാരണയ്ക്ക് വേണ്ടി വിചാരണകോടതിയിൽ തിരിച്ചയച്ചത്, വാദികളാൽ ഈ അപ്പീൽ ഫയൽ ചെയ്യുന്നതിന് ഇടവരുത്തി.

20. മുകളിൽ സൂചിപ്പിച്ചതു പോലെ, ഞങ്ങൾ "തിരിച്ചയച്ച ഉത്തരവ്" ശരിവയ്ക്കുന്നതിനെ അനുകൂലിക്കുന്നുണ്ടെങ്കിലും, പക്ഷെ, ഞങ്ങൾ അങ്ങനെ ചെയ്യുന്നത് മേൽ പ്രസ്താവിച്ച ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട വ്യവഹാരത്തിലെ നടപടികളിലും ഓർഡർ 9 ചട്ടം 13-ന്റെ നടപടികളിലുമുള്ള രണ്ട് കാരണങ്ങളുടെ അടിസ്ഥാനത്തിലാണ്. നിയമാനുസരണം മെറിറ്റിൻ മേൽ സിവിൾ വ്യവഹാരത്തിന്റെ പുതിയ ന്യായനിർണ്ണയത്തിനായി വിചാരണ കോടതിയിൽ തിരിച്ചയച്ച നടപടികളിൽ നിയമപരമായ രണ്ട് പോരായ്മകൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

21. മുൻപ് നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ അപ്പീൽ പരാജയപ്പെടുന്നതും അതിൻപ്രകാരം തള്ളുകയും ചെയ്തു.

22. വ്യവഹാരത്തിലെ 1-ഉം 2-ഉം പ്രതികൾക്ക് വിചാരണക്കോടതി പുതിയ നോട്ടീസ് സ്വാഭാവിക രീതിയിൽ ഇപ്പോൾ നൽകേണ്ടതും പിന്നീട് ആവശ്യം ഉണ്ടാകുകയാണെങ്കിൽ സബ്സ്റ്റിട്യൂട്ടഡ് സർവ്വീസ് നൽകേണ്ടതുമാണ്. വ്യവഹാര നോട്ടീസ്, 1-ഉം 2-ഉം പ്രതികളെ സംബന്ധിച്ച് പൂർത്തിയായതിനുശേഷം മാത്രം വിചാരണക്കോടതി, മെറിറ്റിൽ വ്യവഹാരത്തിലെ വിചാരണ തുടരേണ്ടതാണ്.

23. 3-ഉം 4-ഉം പ്രതികളെ സംബന്ധിച്ചിടത്തോളം, അവർക്ക് ഇതിനകം തന്നെ സേവനം നടത്തിയിട്ടുള്ളതിനാൽ, അവർക്ക് ഏതെങ്കിലും നോട്ടീസിനു അർഹതയില്ല.

24. മേൽ നിർദ്ദേശിച്ചതു പ്രകാരം, വിചാരണ തുടർന്നു നടത്തുന്നതിന് വിചാരണക്കോടതിയെ സാദ്ധ്യമാക്കുന്നതിന് വ്യവഹാരത്തിലെ കക്ഷികൾ വിചാരണ ക്കോടതി മുമ്പാകെ 5-2-2018-ൽ ഹാജരാകേണ്ടതാണ്. വിചാരണക്കോടതി ത്വരിത ഗതിയിൽ നിയമാനുസരണം കർശനമായി മെറിറ്റിൽ, വ്യവഹാരം തീർപ്പുകൽപ്പിക്കേണ്ടതാണ്.

## ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് മദൻ ബി ലോക്കൂർ

&

ബഹു. ജസ്റ്റിസ് ദീപക് ഗുപ്ത

മൻജീത് സിംഗ്

*Vs*

നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡും മറ്റുള്ളവരും

സിവിൽ അപ്പീൽ നം. 21552/17

2017 ഡിസംബർ 8-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**അപ്പീൽ ഹർജിക്കാരന്റെ ട്രക്ക് ഇൻഷുറൻസ് പോളിസി നിലവിലിരിക്കെ അയാളുടെ ഡ്രൈവർ ചിലർക്ക് സൗജന്യ യാത്ര അനുവദിക്കുകയും അവർ ഡ്രൈവറെ മർദ്ദിച്ച് ട്രക്ക് തട്ടിക്കൊണ്ടു പോവുകയും ചെയ്തു. ഫൈനാൻസ് കമ്പനിക്ക് തുക ഇൻഷുറൻസ് കമ്പനിയുടെ പക്കൽ നിന്ന് ലഭിക്കുന്നതിനായി അധികാരപ്പെടുത്തുന്ന കത്ത് വാഹന ഉടമ നൽകിയിരുന്നെങ്കിലും വിഷയം സംബന്ധിച്ച് തീർപ്പിലെത്താൻ സാധിച്ചില്ല. പോളിസി ചട്ടങ്ങൾ ലംഘിച്ചതിന്റെ പേരിൽ പോളിസി, കമ്പനി റദ്ദു ചെയ്യുകയും ചെയ്തു. പോളിസി ചട്ടങ്ങൾ ലംഘിച്ചുവെങ്കിലും പോളിസിയുടെ അടിസ്ഥാന ലംഘനം ഉണ്ടാവാത്തതിനാൽ തുക നൽകുവാൻ ഇൻഷുറൻസ് കമ്പനി ബാദ്ധ്യസ്ഥമാണ്.**

### വിധി ന്യായം

ജസ്റ്റിസ് ദീപക് ഗുപ്ത

1. അനുമതി നൽകുന്നു.

2. സർവ്വീസ് നടത്തിയെങ്കിലും രണ്ടാം എതിർ കക്ഷിക്ക് വേണ്ടി ആരും ഹാജരായില്ല. അതിനാൽ രണ്ടാം എതിർ കക്ഷിയുടെ വിദ്വാനായ അഭിഭാഷകന്റെ അസാന്നിദ്ധ്യത്തിൽ വിഷയം കേൾക്കുകയായിരുന്നു.

3. കേസിന്റെ വസ്തുതകൾ ചുരുക്കത്തിൽ, അപ്പീൽ വാദി മൻജീത് സിങ്ങ് ഒരു സെക്കന്റ് ഹാന്റ് ടാറ്റാ ഓപ്പൺ ട്രക്ക് 13-10-2003 തീയതിയിലെ ഒരു ഹയർ പർച്ചേസ് ഉടമ്പടി പ്രകാരം രണ്ടാം എതിർകക്ഷിയിൽ നിന്നും 8,57,000/- രൂപയ്ക്ക് വാങ്ങിച്ചു. വാഹനം രണ്ടാം എതിർകക്ഷിയുടെ പേരിൽ പണയപ്പെടുത്തുകയും ചെയ്തു. അത് 7,28,000/- രൂപയുടെ മൂല്യത്തിന് ഇൻഷ്വർ ചെയ്യുകയും 25-9-2004 മുതൽ 24-9-2005 വരെ ഇൻഷുറൻസ് പോളിസിക്ക് സാധുതയുള്ളതും ആയിരുന്നു. 12-12-2004-ൽ കർണാലിന് സമീപമുള്ള ദേശീയ പാതയിൽ സഞ്ജയ്കുമാർ വാഹനം ഓടിച്ചു കൊണ്ട് ഇരിക്കുകയായിരുന്നു. കുറച്ച് ആൾക്കാർ വാഹനം നിർത്തുന്നതിന് ഡ്രൈവർക്ക് സിഗ്നൽ കൊടുത്തു. അയാൾ നിർത്തിയതിനുശേഷം, മറ്റു രീതിയിലുള്ള ഗതാഗതം ലഭ്യമല്ലാത്തതിനാൽ യമുനാ നഗർ വരെ സൗജന്യ യാത്ര അനുവദിക്കണം എന്ന് അവർ ഡ്രൈവറോട് അഭ്യർത്ഥിച്ചു. തണുത്ത

കാറ്റുളള രാത്രയായതിനാൽ ഡ്രൈവർ ഇവർക്ക് സൗജന്യയാത്ര നൽകി. കുറച്ചു കഴിഞ്ഞപ്പോൾ യാത്രക്കാരിൽ ഒരാൾ ടോയ്‌ലെറ്റിൽ പോകണമെന്ന കപട ന്യായം പറഞ്ഞ് വണ്ടി നിർത്തണം എന്ന് ഡ്രൈവറോട് ആവശ്യപ്പെട്ടു. ട്രക്ക് ഡ്രൈവർ ട്രക്ക് നിർത്തിയപ്പോൾ, മൂന്ന് യാത്രക്കാരും കൂടെ ഡ്രൈവറെ മർദ്ദിച്ച് അയാളുടെ കൈയ്യും കാലും കയറ് കൊണ്ട് കെട്ടിയിട്ട് അയാളെ അടുത്തുളള പറമ്പിലേക്ക് എറിഞ്ഞിട്ട് വാഹനവുമായി കടന്നുകളഞ്ഞു.

4. 13-12-2004-ൽ ലാഡ്വ പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ സമർപ്പിക്കുകയും രണ്ടാം എതിർ കക്ഷി ഫൈനാൻസ് കമ്പനിയെ മോഷണത്തെക്കുറിച്ച് അറിയിക്കുകയും ചെയ്തു. ഇൻഷുറൻസ് കമ്പനിയുമായി ധാരണയിലെത്തി ക്ലെയിം തീർപ്പാക്കുന്നതിന് വേണ്ടി പരാതിക്കാരൻ അധികാര പത്രം ഫിനാൻസ് കമ്പനിക്ക് നൽകിയിട്ടുമുണ്ടായിരുന്നു. എന്നിരുന്നാലും യാതൊരു തീർപ്പിലും എത്തിച്ചേരാതിരിക്കുകയും ക്ലെയിം തീർപ്പാക്കാതെ പോളിസി വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ 11-11-2005-ലെ കത്ത് മുഖാന്തിരം നിരാകരിക്കുകയും ചെയ്തു. ഉടമസ്ഥനായ പരാതിക്കാരൻ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം (ചുരുക്കത്തിൽ ജില്ലാ ഫോറം) മുമ്പാകെ ട്രക്ക് മോഷ്ടിച്ചതു കൊണ്ടുണ്ടായ നഷ്ടം നികത്തുന്നതിന് ഇൻഷുറൻസ് കമ്പനി ബാദ്ധ്യസ്ഥമാണ് എന്ന് ആരോപിച്ചുകൊണ്ട് ക്ലെയിം പെറ്റിഷൻ ബോധിപ്പിച്ചു. രണ്ടാം എതിർ കക്ഷി ഇൻഷുറൻസ് കമ്പനിയുടെ പ്രതിവാദം, വാഹനത്തിന്റെ ഡ്രൈവർ യാത്രക്കാർക്ക് സൗജന്യയാത്ര അനുവദിച്ചവഴി പോളിസി വ്യവസ്ഥകൾ ലംഘിച്ചു എന്നും അപ്രകാരം പോളിസിയുടെ ലംഘനം ഉണ്ടായതിനാൽ ഇൻഷുറൻസ് കമ്പനി ബാദ്ധ്യസ്ഥമല്ല. ഈ വാദം ജില്ലാ ഫോറത്തിന് സ്വീകാര്യമായി. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ (ചുരുക്കത്തിൽ സംസ്ഥാന കമ്മീഷൻ) മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ നിരാകരിക്കുകയും അപ്രകാരം ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ (ചുരുക്കത്തിൽ ദേശീയ കമ്മീഷൻ) മുമ്പാകെ റിവിഷൻ ഫയൽ ചെയ്തു. ജില്ലാഫോറം, രണ്ടാം എതിർകക്ഷി, ഫൈനാൻസ് കമ്പനി പരാതിക്കാരനെതിരെ ആർബിട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടായിരുന്നു എന്നും അവ അന്തിമ ഘട്ടത്തിലായിരുന്നു എന്നുമുളള കാരണത്താൽ ക്ലെയിം നിരാകരിച്ചു.

5. ഒന്നാമത്തെ വാദം സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ പരിഗണിതമായ അഭിപ്രായം എന്തെന്നാൽ ജില്ലാ ഫോറം ശരിയായ രീതിയിൽ പോളിസിയുടെ ലക്ഷ്യവും പരിധിയും വിവേചിച്ചറിഞ്ഞില്ല. നിബന്ധനയുടെ ലംഘനം അങ്ങനെയുളള ഒരു അടിസ്ഥാനപരമായ ലംഘനം ആകേണ്ടതും, അവകാശവാദിക്ക് യാതൊരു തുകയും എന്തു തന്നെയായാലും അവകാശപ്പെടാനാവില്ല. യാത്രക്കാരെ വഹിച്ചതുമായി ബന്ധപ്പെട്ട ലംഘനം സംബന്ധിച്ച്, ഇത് അടിസ്ഥാനപരമായ ലംഘനമല്ല എന്ന് ആവർത്തിച്ച് വിധിച്ചിട്ടുളളതാണ്, ഇതിലേക്കായി, ഞങ്ങൾ ഈ കോടതിയുടെ നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് *Vs* സ്വരൺ സിങ്ങ്, (2004)3 എസ്.സിസി. 297, നാഷണൽ ഇൻഷുറൻസ് ലിമിറ്റഡ് കമ്പനി *Vs* നിതിൻ ഖണ്ഡേൽവാൾ (2008) 11 എസ്സിസി. 259, ലക്ഷ്മിചന്ദ് *Vs* റിലയൻസ് ജനറൽ ഇൻഷുറൻസ് (2016) 3 എസ്സിസി.100 ഉം, ബി.വി.നാഗരാജു *Vs* ഓറിയന്റേഷൻ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (1996) 4 എസ്സിസി.647 എന്നീ കേസുകളിലെ വിധിന്യായം ആണ് പരാമർശിച്ചത്.

6. ലക്ഷ്മി ചന്ദ് കേസിൽ (മുകളിലെ), ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കാൻ ഇൻഷുറൻസ് കമ്പനി പോളിസി ലംഘനം

നടന്നിട്ടുണ്ടായിരുന്നു എന്ന പ്രതിവാദം സ്ഥാപിച്ചാൽ മാത്രം പോര എന്നാൽ പോളിസിയുടെ ലംഘനം അടിസ്ഥാനപരമായ സ്വഭാവത്തിലുള്ളതാണെന്നും ആയത് കരാർ അവസാനിപ്പിക്കുന്നതരത്തിൽ ഉള്ളതാകണമെന്ന് ഈ കോടതി വിധിച്ചിട്ടുണ്ട്.

7. നിലവിലെ കേസിൽ, അപ്പീൽവാദി, ഉടമസ്ഥൻ, തെറ്റുകാരനല്ല. അയാളുടെ ഡ്രൈവർ ചില യാത്രക്കാർക്ക് സൗജന്യ യാത്ര അനുവദിച്ചു. അങ്ങനെ യാത്രക്കാരെ വഹിക്കുന്നത്, പോളിസിയുടെ ഒരു ലംഘനമായിരിക്കാം എന്നാൽ അത് ഇൻഷുറൻസ് പോളിസി അവസാനിപ്പിച്ച് റദ്ദു ചെയ്യേണ്ടതിലേക്കായുള്ള അങ്ങനെയുള്ള ഒരു അടിസ്ഥാനപരമായ ലംഘനം ആയി പറയുവാൻ കഴിയില്ല. തണുത്ത കാറ്റുള്ള ഒരു രാത്രിയിൽ റോഡിൽ നിന്നിരുന്ന കുറച്ച് ആളുകൾക്ക് ഡ്രൈവർ സൗജന്യയാത്ര അനുവദിച്ചു. അത് മനുഷ്യത്വപരമായ ഒരു ഭാവപ്രകടനം ആയിരുന്നു. അത് പോളിസി റദ്ദാക്കത്തക്ക ലംഘനം ആണ് എന്ന് പറയുവാൻ കഴിയില്ല. ഒരു സംശയവുമില്ല, ഡ്രൈവർക്കെതിരെ ഈ യാത്രക്കാർ തിരിയുകയും ട്രക്ക് മോഷ്ടിക്കുകയും ചെയ്യുമെന്ന് ഡ്രൈവർക്ക് അനുമാനിക്കാൻ കഴിയില്ല. മുകളിൽ പറഞ്ഞ കേസുകളിൽ, പോളിസിയുടെ ലംഘനമുള്ള അങ്ങനെയുള്ള ക്ലെയിമുകൾ ഉള്ളിടത്ത്, ക്രമപ്രകാരമല്ലാത്ത ക്ലെയിമുകൾ ആയി പരിഗണിക്കേണ്ടതും 75% നിരക്കിൽ തീർപ്പാക്കുവാനും നിർദ്ദേശിച്ചു.

8. രണ്ടാം വാദത്തെ സംബന്ധിച്ചിടത്തോളം ഫൈനാൻസിയറും പരാതിക്കാരനും തമ്മിലുള്ള വായ്പാത്തുകയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട ആർബിട്രേഷൻ നടപടികൾ ഇൻഷുറൻസ് കമ്പനിക്ക് എതിരായി അവകാശങ്ങളെ എങ്ങനെ നിഷേധിക്കുന്നു എന്ന് മനസിലാക്കുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല.

9. മുകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ, ഞങ്ങൾ അപ്പീൽ അനുവദിക്കുന്നു. കീഴ്ക്കോടതികളുടെ ഉത്തരവുകൾ അസാധുവാക്കി കൊണ്ട് ഒന്നാം എതിർ കക്ഷിയായ ഇൻഷുറൻസ് കമ്പനി ഇൻഷുർ ചെയ്ത തുകയായ 7,28,000/- രൂപയുടെ 75 ശതമാനവും ക്ലെയിം സമർപ്പിച്ച തീയതി മുതൽ തുക നിക്ഷേപിക്കുന്നതുവരെ, പ്രതിവർഷം 9% നിരക്കിൽ പലിശസഹിതം നൽകുവാൻ നിർദ്ദേശിക്കുന്നു. ഇതിനുപുറമേ, ഇൻഷുറൻസ് കമ്പനി 1,00,000/- രൂപയുടെ മറ്റൊരു തുക കൂടി നഷ്ട പരിഹാരം നൽകുവാനും നിർദ്ദേശിക്കുന്നു. ഫൈനാൻസിയറു കൂടി ഈ പെറ്റിഷനിലെ ഒരു കക്ഷിയായതിനാൽ, ജില്ലാ ഫോറത്തിന് മുമ്പാകെ തുക കെട്ടിവയ്ക്കേണ്ടതും ആർബിട്രേഷൻ അവാർഡിലെ നിബന്ധനകൾക്കനുസൃതമായി ഫൈനാൻസിയറുടെ ക്ലെയിം ഒത്തുതീർപ്പാക്കാത്തിടത്ത്, ഉടൻ, കെട്ടിവച്ച തുക, ആദ്യം അവാർഡ് തുക നൽകുന്നതിന് ഉപയോഗിക്കേണ്ടതും, ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ, അപ്പീൽ വാദിയ്ക്ക് കൊടുക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകളോടെ അപ്പീൽ തീർപ്പാക്കുന്നു. തീർപ്പാക്കാത്ത അപേക്ഷകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതും തീർപ്പാക്കിയതായി നിലകൊള്ളുന്നു.

*————*



GPM. 5/267/2018-5

# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആന്റണി ഡൊമിനിക്

ബഹു. ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു

മെസ്സേഴ്സ് ഹോട്ടൽ ഡെലിസ റസിഡൻസി

*Vs*

കേരള സർക്കാരും മറ്റുള്ളവരും

റിട്ട് അപ്പീൽ നം. 1427/2017

2017 ആഗസ്റ്റ് 9-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഹർജിക്കാരനായ അപ്പീൽ വാദി 2017-18 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിനുവേണ്ടി അപേക്ഷിച്ചു. പരമോന്നത കോടതിയുടെ തമിഴ്നാട് സംസ്ഥാനവും മറ്റുള്ളവരും *Vs* ബാലുവും മറ്റൊരാളും എന്നതിന്റെ വീക്ഷണത്തിൽ സർക്കാർ ലൈസൻസ് പുതുക്കിയില്ല. അപേക്ഷ നിരസിച്ച ഉത്തരവ് സിംഗിൾ ജഡ്ജി സ്ഥിരീകരിച്ചുവെങ്കിലും ഉത്തരവ് അസാധുവാക്കി കൊണ്ട് അപേക്ഷ പുതിയതായി പരിഗണിക്കുവാൻ നിർദ്ദേശിച്ചു. വാദിയുടെ ഭാഗത്തുനിന്ന് വാദിച്ചത്, വിദേശമദ്യം ചട്ടത്തിലെ ചട്ടം 13 (1) -ന്റെ കുറിപ്പ്-2-ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിധികൾ നടപ്പാക്കുമ്പോൾ അകലത്തിന്റെ അളവ് ശരിവെച്ചതിൽ പാളിച്ച സംഭവിച്ചു എന്നാണ്.

മദ്യവിൽപ്പനശാല ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയുടെ അല്ലെങ്കിൽ സർവ്വീസ് പാതയുടെ അരുകിൽ നിന്നും 500 മീറ്ററിനുള്ളിൽ അല്ലെങ്കിൽ ഹൈവേയിലൂടെയുള്ള സർവ്വീസ് ലെയ്നിലോ പാടില്ല എന്നാണ് സുപ്രീം കോടതി വിധി. പരമോന്നത കോടതിയുടെ വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുമ്പോൾ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 13(1) കുറിപ്പ്-2 അവലംബിക്കുവാൻ സംസ്ഥാനം ബാദ്ധ്യതപ്പെട്ടിരിക്കുന്നുണ്ടോ എന്നതാണ് ഇവിടെ വിഷയം. ചട്ടം 13 (1) കുറിപ്പ്-2-ന്റെ ഉദ്ദേശം മദ്യ വിൽപ്പന തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളുടെയോ സ്ഥലങ്ങളുടെയോ 200 മീറ്ററുകൾക്കുള്ളിൽ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക എന്നതാണ്. പരമോന്നത കോടതി നിശ്ചയിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുന്നതിൽ ഈ അളവുകോലുകൾ യോജിക്കുന്നില്ല. അത്തരം നിർദ്ദേശത്തിൽ നേടിയെടുക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യം തികച്ചും വ്യത്യസ്തമാണ്.

പരമോന്നത കോടതി നിർദ്ദേശിച്ചിട്ടുള്ളതുപോലെ മദ്യശാലകൾ ഉണ്ടായിരിക്കരുതെന്നുള്ള എന്തെങ്കിലും നിർദ്ദേശം അബ്കാരി നിയമത്തിലോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഇല്ലാത്തതാകുന്നു. പരമോന്നത കോടതി നിർദ്ദേശിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുമ്പോൾ, കുറിപ്പ്-2-ലെ പരിധികൾ ബാധകമാക്കുകയാണെങ്കിൽ അത് പരിഹാസാത്മകമായ പരിണിത ഫലങ്ങളിൽ എത്തിച്ചേരുകയും ആയതുകൊണ്ട് അംഗീകരിക്കാൻ പറ്റാത്തതുമാണ്. സംസ്ഥാനത്തിനോ അതിന്റെ

**കീഴിലുള്ള ഒരു അധികാരസ്ഥാനത്തിനോ വിദേശമദ്യ ചട്ടങ്ങളിൻ കീഴിലുള്ള ഒരു ലൈസൻസിനുവേണ്ടിയുള്ള ഒരു അപേക്ഷ കന്റെ യോഗ്യത നിർണ്ണയിക്കുന്നതിനായി ചട്ടം 13(1) കുറിപ്പ്-2-ലെ നിബന്ധനകളെ അവലംബിക്കാൻ സാധിക്കില്ല. വിദ്വാനായ സിംഗിൾ ജഡ്ജിയുടെ കണ്ടെത്തൽ അസാധു വാക്കികൊണ്ട് അപ്പീൽ തീർപ്പാക്കുന്നു.**

വിധി ന്യായം

**ജസ്റ്റിസ് ആന്റണി ഡൊമിനിക്**

റിട്ട് ഹർജി (സിവിൽ) നം. 16847/2017-ലെ ഹർജിക്കാരനായ അപ്പീൽവാദി വടക്കാ ഞ്ചേരിയിൽ ഒരു ത്രീസ്റ്റാർ ഹോട്ടൽ സ്ഥാപിച്ചിട്ടുള്ള ഒരു പാർട്ട്ണർഷിപ്പ് ഫേം ആണ്. 31-3-2015 വരെ ഹോട്ടലിന് ഒരു FL-3 ലൈസൻസ് ഉണ്ടായിരുന്നതും, അതിനുശേഷം, 1953-ലെ വിദേശമദ്യ ചട്ടങ്ങൾക്കനുസൃതമായി 13 (11) ചട്ടപ്രകാരം FL-11 ലൈസൻസ് നൽകിയിട്ടുള്ളതുമാണ്. ലൈസൻസ് 31.03.2017 വരെ പുതുക്കിയിട്ടുണ്ട്. പിന്നീട്, അപ്പീൽവാദി 2017-18 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിനുവേണ്ടി അപേക്ഷിച്ചു.

2. എന്നാൽ, ***തമിഴ്നാട് സംസ്ഥാനവും മറ്റുള്ളവരും Vs കെ. ബാലുവും മറ്റൊരാളും*** (2017 (1) കെ.എച്ച്.സി 26 എസ്സി)-ലെ പരമോന്നത കോടതിയുടെ വിധിന്യായ ത്തിലെ വീക്ഷണത്തിൽ സർക്കാർ ലൈസൻസ് പുതുക്കിയില്ല. ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതയിൽ നിന്നുള്ള അകലം 503 മീറ്ററുകൾ ആണെന്ന് തർക്കിച്ചുകൊണ്ട് അപ്പീൽവാദി വീണ്ടും എഗ്സിബിറ്റ് പി-4 അപേക്ഷ സമർപ്പിച്ചു. ആ അവകാശവാദം തെളിയിക്കുന്നതിനായി അപ്പീൽവാദി എഗ്സിബിറ്റ് പി-8 റിപ്പോർട്ട് അവലംബിച്ചു. എന്നിരുന്നാലും 503 മീറ്ററിൽ ഉൾപ്പെട്ടു വരുന്ന 45 മീറ്റർ നടപ്പാത പൊതുജനം സാധാരണ ഉപയോഗിക്കാത്ത ഒരു നടപ്പാതയായതിനാൽ ആയത് പരിഗണിക്കാൻ സാധ്യമല്ല എന്നു പറഞ്ഞു കൊണ്ട് എഗ്സിബിറ്റ് പി-10 ഉത്തരവിലൂടെ 3-ാം എതിർകക്ഷി അപേക്ഷ നിരസിച്ചു. ഈ സാഹചര്യങ്ങളിൽ, അപ്പീൽവാദി റിട്ട് ഹർജി സമർപ്പിച്ചു.

3. അപ്പീലിന് വിധേയമായ വിധിന്യായ ത്തിലൂടെ, വിദ്വാനായ സിംഗിൾ ജഡ്ജി ഉത്തരവ് നിലനിർത്തുകയും 1953-ലെ വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13 (1), കുറിപ്പ്-2-ൽ ഉൾപ്പെടുന്ന പരിധികൾ അകലം അളക്കുന്നതിന് ശരിയായ രീതിയിൽ പ്രയോഗിച്ചിട്ടുള്ളതായി വിധിക്കുകയും ചെയ്തു. എന്നിട്ടും, വിദ്വാനായ സിംഗിൾ ജഡ്ജി എഗ്സിബിറ്റ് പി-10 ഉത്തരവ് റദ്ദാക്കുകയും എഗ്സിബിറ്റ് പി-7 പ്ലാനിന്റെ വെളിച്ചത്തിൽ അപ്പീൽവാദിയുടെ അപേക്ഷ വീണ്ടും പരിഗണിക്കുന്നതിന് 3-ാം എതിർ കക്ഷിയോട് നിർദ്ദേശിക്കുകയും ചെയ്തു. ഈ വിധിന്യായമാണ് ഞങ്ങൾക്ക് മുൻപിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്.

4. അപ്പീൽവാദിക്കു വേണ്ടിയുള്ള വിദ്വാനായ മുതിർന്ന അഭിഭാഷകൻ ഉന്നയിച്ചിട്ടുള്ളതും വാദിച്ചിട്ടുള്ളതുമായ ഒരേയൊരു വിഷയം, വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13 (1)-ന്റെ കുറിപ്പ്-2-ൽ ഉൾപ്പെടുന്ന പരിധികൾ നടപ്പിലാക്കുമ്പോൾ അകല ത്തിന്റെ അളവ് നിലനിർത്തുന്നതിൽ വിദ്വാനായ സിംഗിൾ ജഡ്ജിക്ക് തെറ്റ് പറ്റി എന്നതായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ, വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13(1) കുറിപ്പ്-2-ൽ, അകലം അളക്കുന്ന രീതിയുടെ ഉദ്ദേശം, യാതൊരു വിദേശമദ്യ ഷോപ്പും ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനം, ക്ഷേത്രം, പള്ളി, മുസ്ലീം പള്ളി മുതലായവ യിൽ നിന്നും നിരോധിച്ചിട്ടുള്ള 200 മീറ്റർ ചുറ്റളവിനുള്ളിൽ സ്ഥാപിച്ചിട്ടില്ല എന്നുറപ്പാ

ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. അങ്ങനെ നിർണ്ണയിച്ചിട്ടുള്ള 200 മീറ്റർ അകലം നിശ്ചയിക്കുന്നതിനുവേണ്ടി മാത്രം കുറിപ്പ്-2 പ്രസക്തമാണ്, എന്തെന്നാൽ, ആ അകലം മാത്രം കണക്കാക്കുന്നതിനായി ഗേറ്റിൽ നിന്നും ഗേറ്റിലേക്ക് അളക്കുന്നത് പൊതുജനം സാധാരണ ഉപയോഗിക്കുന്ന ചെറിയ ഊടുവഴി/ലെയിൻ/തെരുവ്/റോഡ് എന്നിവയെ അടിസ്ഥാനമാക്കിയിരിക്കണമെന്നാണ് ആ കുറിപ്പിൽ വ്യവസ്ഥ ചെയ്യുന്ന മാനദണ്ഡങ്ങൾ.

5. മറ്റൊരു വശത്ത്, വിദ്വാനായ സർക്കാർ അഭിഭാഷകൻ യാതൊരു മദ്യശാലയും ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയുടെ അല്ലെങ്കിൽ ഹൈവേയോട് ചേർന്നുള്ള സർവ്വീസ് പാതയുടെ പുറത്തേ അരുകിൽ നിന്നും 500 മീറ്ററുകൾക്കുള്ളിൽ അല്ലെങ്കിൽ ഹൈവേയോടൊപ്പമുള്ള സർവ്വീസ് ലെയ്നിലോ പാടില്ലെന്നു സുപ്രീം കോടതി *ബാലൂസ് കേസിൽ* (മുകളിലെ) നിർദ്ദേശിച്ചിട്ടുണ്ടെന്ന് വാദിച്ചു. 500 മീറ്റർ അകലം നിശ്ചയിക്കുന്നതിനു വേണ്ടി മറ്റൊരു മാനദണ്ഡവും നിർണ്ണയിച്ചിട്ടില്ലായെങ്കിൽ, വിദേശമദ്യ ചട്ടങ്ങളിലെ ചട്ടം 13 (1)-ലെ കുറിപ്പ്-2 അവലംബിക്കാൻ സംസ്ഥാനത്തിന് അർഹതയുണ്ടെന്ന് അദ്ദേഹം വാദിച്ചു. ആയതിനാൽ, ചട്ടം 13(1)-ലെ കുറിപ്പ്-2 പ്രയോഗിച്ചുകൊണ്ട് അളന്നത് നിലനിർത്തിയ വിദ്വാനായ സിംഗിൾ ജഡ്ജിന്റെ വിധി അദ്ദേഹം പൂർണ്ണമായും ന്യായീകരിച്ചു.

6. ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങൾ ഞങ്ങൾ പരിഗണിച്ചു.

7. ദേശീയ, സംസ്ഥാന ഹൈവേകളുടെ അരുക് വശങ്ങളിൽ നിന്ന് നിർണ്ണയിച്ചിട്ടുള്ള ഒരു അകലത്തിനുള്ളിൽ, മദ്യഷാപ്പുകളുടെ സ്ഥാനം തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ **ബാലു**വിന്റെ കേസിൽ (മുകളിലെ), പരമോന്നത കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. അത് എത്രത്തോളം പ്രസക്തമായത് ആണെന്ന് മറ്റു കാര്യങ്ങൾക്കിടയിൽ, വിധിന്യായത്തിന്റെ 24-ാം ഖണ്ഡികയിൽ ഇപ്രകാരം ഉത്തരവായിട്ടുണ്ട്:

"24. XXXXX

(i) XXXXX

(ii) XXXXX

(iii) XXXXX

(iv) XXXXX

(v) മദ്യം വിൽക്കുന്നതിനുള്ള യാതൊരു സ്ഥാപനവും (i) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നും ദൃഷ്ടി ഗോചരമാകരുത്. (ii) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നും നേരിട്ടു എത്താവുന്നതാകാത്തതും (iii) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയുടെ പുറം അരുകിൽ അല്ലെങ്കിൽ ഹൈവേയോടൊപ്പമുള്ള ഒരു സർവ്വീസ് ലെയ്നിൽ 500 മീറ്റർ അകലത്തിനുളളിൽ സ്ഥിതി ചെയ്യാൻ പാടില്ല."

8. പരമോന്നത കോടതി പുറപ്പെടുവിച്ചിട്ടുള്ള മുകളിലത്തെ നിർദ്ദേശത്തിന്റെ ഒരു വായന കാണിക്കുന്നത്, യാതൊരു മദ്യഷോപ്പും (i) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നും ദൃഷ്ടി ഗോചരമാകരുത് (ii) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയിൽ നിന്നും നേരിട്ട് എത്താവുന്നതാകാത്തതും, (iii) ഒരു ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയുടെ പുറം അരുകിൽ അല്ലെങ്കിൽ ഹൈവേയോടൊപ്പമുളള ഒരു സർവ്വീസ് ലെയ്നിൽ 500 മീറ്റർ അകലത്തിനുള്ളിൽ സ്ഥിതി ചെയ്യാൻ പാടില്ല. പരമോന്നത കോടതി അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ ഉദ്ദേശങ്ങൾ വിധിന്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടനയുടെ 142-ാം അനുച്ഛേദപ്രകാരമുളള അധികാരം വിനിയോഗിച്ച് പരമോന്നത

കോടതി മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും സംസ്ഥാനവും മറ്റ് അധികാരസ്ഥാനങ്ങളും ആയത് നടപ്പാക്കുന്നത് ഉറപ്പാക്കാൻ ബാദ്ധ്യസ്ഥരുമാണ്.

9. ഈ കേസിൽ പരിഗണിക്കേണ്ട ചോദ്യം, പരമോന്നത കോടതിയുടെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുമ്പോൾ, വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 13(1) കുറിപ്പ്-2 ആശ്രയിക്കുവാൻ സംസ്ഥാനത്തിന് അവകാശമുണ്ടോ എന്നതാണ്. ട്രാവൻകൂർ-കൊച്ചിൻ സ്റ്റേറ്റ് അഡ്മിനിസ്ട്രേഷൻ ആന്റ് ആപ്ലിക്കേഷൻ ഓഫ് ലാസ് (1125-ലെ 41-ാം ആക്റ്റ്) വഴി അതിനുശേഷം ഭേദഗതി വരുത്തുകയും പ്രാബല്യത്തിൽ തുടരുകയും ചെയ്ത പ്രകാരമുള്ള കൊച്ചിൻ അബ്കാരി ആക്റ്റിലെ (1077ലെ 1) 10, 24-ഉം 29-ഉം വകുപ്പുകൾ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഉണ്ടാക്കിയതാണ് 1953-ലെ വിദേശമദ്യ ചട്ടങ്ങൾ. വിദേശമദ്യം കൈവശം വയ്ക്കുന്നതിനുള്ള ലൈസൻസും, ഉപയോഗവും അല്ലെങ്കിൽ വിൽപ്പനയും അങ്ങനെയുള്ള ലൈസൻസുകളുടെ വിവരണവും ഫാറങ്ങളും 13-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. 13(1) ചട്ടം എഫ്എൽ-1 ലൈസൻസിനു വ്യവസ്ഥ ചെയ്യുന്നു. മറ്റ് സംഗതികൾക്കിടയിൽ, അങ്ങനെയുള്ള യാതൊരു ഷോപ്പും ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനം, ക്ഷേത്രം, പള്ളി, മുസ്ലീംപള്ളി, ശ്മശാനം അല്ലെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ കോളനി എന്നിവിടങ്ങളിൽ നിന്നും 200 മീറ്ററിനുള്ളിൽ സ്ഥാപിക്കുവാൻ പാടുള്ളതല്ല എന്ന് ചട്ടം 13 (1)-ൽ വ്യവസ്ഥ ചെയ്യുന്നു. ഈ ചട്ടത്തിലെ കുറിപ്പ്-2 ൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു:

"കുറിപ്പ്.-(2) അകലം കണക്കാക്കുന്നതിന്, ചെറിയ ഊടുവഴി/ഇടവഴി/തെരുവ്/ പൊതുജനം സാധാരണയായി ഉപയോഗിക്കുന്ന റോഡ് എന്നിവയുടെ അടിസ്ഥാനത്തിലാകേണ്ടതും ആയത് ഗേറ്റിൽ നിന്നും ഗേറ്റിലേക്ക് അളക്കേണ്ടതുമാണ്."

10. എഫ് എൽ 3 ഹോട്ടൽ (റസ്റ്റോറന്റ്) ലൈസൻസിന് വേണ്ടി വ്യവസ്ഥ ചെയ്യുന്ന ചട്ടം 13(3) ലും സമാന നിർദ്ദേശം അടങ്ങുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാം എഫ് എൽ11 ബിയർ/വൈൻ പാർലർ ലൈസൻസുകൾക്കും ബാധകമാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥാപനങ്ങൾ/സ്ഥലങ്ങൾ-ൽ നിന്നും 200 മീറ്റർ നിരോധിത അകലമായി വ്യവസ്ഥ ചെയ്യുന്നതിന്റെ ഉദ്ദേശവും ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയുടെ പുറം അരുകിൽ അല്ലെങ്കിൽ ഹൈവേയോടൊപ്പമുള്ള ഒരു സർവീസ് ലെയ്നിൽ 500 മീറ്റർ അകലത്തിനുള്ളിൽ യാതൊരു മദ്യഷോപ്പുകളും സ്ഥാപിക്കാൻ പാടില്ല എന്ന നിർദ്ദേശത്തിന്റെ ഉദ്ദേശവും പൂർണ്ണമായും വ്യത്യസ്തമാണെന്നു കരുതുന്നതിന് കൂടുതൽ വിശദീകരണം ആവശ്യമില്ല. 13-ാം ചട്ടം കുറിപ്പ്-2 വ്യവസ്ഥകളുടെ ലക്ഷ്യമായ, നിർദ്ദിഷ്ട സ്ഥാപനങ്ങൾ/സ്ഥലങ്ങളിൽ നിന്നും 200 മീറ്ററിനുള്ളിൽ മദ്യവില്പന നടത്തില്ലെന്നു ഉറപ്പാക്കുമ്പോൾ, 500 മീറ്ററുകളുടെ നിർദ്ദേശത്തിന്റെ ലക്ഷ്യം പരമോന്നത കോടതിയുടെ വിധിന്യായത്തിൽ തന്നെയുള്ള ഖണ്ഡിക 10, 11-ലും വ്യക്തമാണ്. ആയതിനാൽ, അതിന്റെ പ്രസക്ത ഭാഗം ഇവിടെ പരാമർശിക്കുന്നു-

"10. രേഖകളിൽ ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്, ധാരാളമായിട്ടുണ്ടാകുന്ന റോഡ് അപകടങ്ങൾ നാഷണൽ ഹൈവേകൾക്ക് മാത്രമായിട്ടുള്ള ഒരു പ്രതിഭാസമല്ലെന്നും അപകട മരണങ്ങൾ ഉൾപ്പെടെ

യുള്ള റോഡ് അപകടങ്ങൾ വ്യാപകമല്ലാത്തതും നാഷണൽ ഹൈവേകൾക്ക് മാത്രമായി പരമിതമായിരിക്കുന്നതുമാണ്. നാഷണൽ ഹൈവേകളും സംസ്ഥാന ഹൈവേകളും അസ്വീകാര്യമായ ഉയർന്ന തോതിലുള്ള റോഡപകടങ്ങൾക്കും മുറിവുകളുടെ വ്യാപ്തിക്കും അപകടമരണങ്ങൾക്കും ഒരു പ്രധാന കാരണം മദ്യപിച്ചുള്ള വാഹനമോടിക്കലാണെന്ന് ഒരു പൊതു അനുഭവം പങ്കുവയ്ക്കുന്നു. ആയതിനാൽ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉപദേശങ്ങളുടെ ഉള്ളടക്കവും അതേപോലെ അതിന്റെ ആധാരവും മൂലകാരണവും, അടിസ്ഥാനവും ഒരേപോലെതന്നെ സംസ്ഥാന ഹൈവേകൾക്കും ബാധകമാണ്. മനുഷ്യജീവൻ വിലപ്പെട്ടതാണ്. ഭാരതത്തിലെ റോഡ് നെറ്റുവർക്കുകൾ വികസിച്ചിട്ടുള്ളതിനാൽ, റോഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ സാമ്പത്തിക വികസനത്തിന് ഒരു അവിഭാജ്യ ഘടകമായതിനാൽ അപകടങ്ങൾ സാധാരണ പൗരന്റെ ജീവിതത്തിൽ അഗാധമായി സ്വാധീനിക്കുന്നു. ഒരു രാജ്യത്തിന് സാമ്പത്തികവികസനത്തിന്റെ അറ്റത്ത്, ലോകത്തിലെ അപകടമൂലധനത്തിന്റെ തലസ്ഥാനമെന്നുള്ള ഉപനാമം ഒഴിവാക്കാൻ കഴിയും. എക്സ്പ്രസ്സ് വഴികളെപ്പോലെ നമ്മുടെ ഹൈവേകൾ വിസ്തൃതമാക്കുന്നു. വ്യാപാരത്തിന്റേയും വ്യവസായത്തിന്റേയും വളർച്ചയ്ക്കും ചരക്കുകളുടേയും ആളുകളുടേയും മൂലധനത്തിന്റേയും പ്രയാണത്തിനും തടസ്സമില്ലാതെ ബന്ധിപ്പിക്കുന്നതിനും മുൻകൂട്ടി അറിയിക്കാത്ത അവസരങ്ങളും അവ നൽകുന്നു. അവ ഭരണഘടനയുടെ അനുച്ഛേദം 301-ൽ ഉറപ്പാക്കിയിരിക്കുന്ന വ്യാപാരത്തിനും വാണിജ്യത്തിനും ഉള്ള സ്വാതന്ത്ര്യത്തിന്റെ പ്രധാന അവലംബമാണ്. വേഗതയും മദ്യവും കൂടിച്ചേരുമ്പോഴുണ്ടാകുന്ന അപകടങ്ങളെപ്പറ്റി മുന്നറിയിപ്പു നൽകുന്ന ചൂണ്ടുപലകകളാൽ നമ്മുടെ ദേശീയപാതകൾ പുള്ളികുത്തിയിരിക്കുന്നു. ഒരുമിച്ച്, അവ ഒരു ലഹരിയുള്ള മിശ്രമദ്യം രൂപവത്കരിക്കുന്നു. ഹൈവേയിലുട നീളമുള്ള മദ്യത്തിന്റെ ലഭ്യത കുടിക്കാനുള്ള ഒരു അവസരം ആകുന്നു. അവരുടെ സ്വയം സംരക്ഷണത്തിനും മറ്റുള്ളവരുടെ സംരക്ഷണത്തിനും ഹൃദയശൂന്യമായ അവഗണന നൽകിക്കൊണ്ട് മദ്യഷോപ്പുകളിലേക്കുള്ള അനായാസമായ പ്രവേശനം വാഹനങ്ങളുടെ ഡ്രൈവർമാരെ മദ്യത്തിന്റെ ഭാഗഭാക്കാകുവാൻ അനുവദിക്കുന്നു. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ ഉപദേശം നൽകുന്നവർ യുക്തിപരവും കാരണവിചാരണങ്ങളും അടിസ്ഥാനമാക്കിയവരാണ്.

11. നാഷണൽ ഹൈവേകളിലുള്ള മദ്യഷോപ്പുകൾ തുടരാതിരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നയം, മദ്യപിച്ചുള്ള ഡ്രൈവിംഗ് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാവുന്നതല്ല എന്ന വസ്തുതയിൽ ഞങ്ങൾ ബോധവാന്മാരാണ്. ഒരു മോട്ടോർ വാഹനത്തിന്റെ ഡ്രൈവർക്ക്, ഒരു യാത്ര ആരംഭിക്കുന്നതിന് മുൻപോ അല്ലെങ്കിൽ ഒരു ദേശീയ-സംസ്ഥാന ഹൈവേ അല്ലാതെയുള്ള ഒരു സ്ഥലത്തുകൂടി യാത്ര ചെയ്യുമ്പോഴോ, മദ്യം കൈക്കലാക്കാൻ സാധിക്കും. മദ്യപിച്ച് വാഹനമോടിക്കൽ തടയുന്നതിനുള്ള നിയമത്തിന്റെ ശരിയായ നടപ്പാക്കൽ ആവശ്യമാണ്. ഇങ്ങനെ പറഞ്ഞുകൊണ്ട്, ഒന്നിൽ കൂടുതൽ കാരണങ്ങളാൽ കോടതി കേന്ദ്ര സർക്കാരിന്റെ നയം സ്വീകരിക്കേണ്ടതാണ്. ആദ്യമായും പരമ പ്രധാനമായും, നയത്തിന്റെ സംഗതികളിൽ, ഇത് പഴഞ്ചൻ നിയമവും, സുരക്ഷിതത്വത്തിൻമേലുള്ള ഒരു നയത്തിന്റെ സംഗതിയിൽ കോടതി, വേറൊരു അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഒരു വിദഗ്ധ സംഘം രൂപീകരിച്ചിട്ടുള്ള പരിഗണനാത്മകമായ നയം സ്വീകരിക്കേണ്ടതുമാണ്. രണ്ടാമത്, നമ്മൾ കണ്ടതുപോലെ, കേന്ദ്ര സർക്കാരിന്റെ ഈ

വീക്ഷണം, സ്ഥിതിവിവരക്കണക്കിനേയും ഡാറ്റായേയും അടിസ്ഥാനമാക്കിയുള്ളതും ഒരു സ്ഥിരമായ മാതൃക ഓരോ വർഷത്തിനു ശേഷവും സഫലമാക്കുകയും ചെയ്യുന്നു. മൂന്നാമത്, ഹൈവേകളിലുള്ള മദ്യവിൽപ്പനകൾ ചാരായം എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള ഒരു ശക്തിയേറിയ ഉറവിടമായി നിലകൊള്ളുന്നു. മദ്യശാലകളുടെ നിലനിൽപ്പും, പ്രത്യേകിച്ച് വലിയ വാഹനങ്ങളിലെ ദുഷ്കരമായ ഡ്രൈവിംഗും, മദ്യലഭ്യത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടുള്ള പരസ്യങ്ങളും അടയാള ബോർഡുകളും കൂടിച്ചേരുമ്പോൾ മനുഷ്യജീവന്റെ സംരക്ഷണത്തിനായി, കേന്ദ്ര സർക്കാരിന്റെ നയം വിപുലമായി നടപ്പാക്കേണ്ടത് ആവശ്യമാണ്. അങ്ങനെ ചെയ്യുന്നതുകൊണ്ട്, കോടതി, സ്വന്തം നയം രൂപപ്പെടുത്തുന്നില്ല, എന്നാൽ വിദഗ്ധ സമിതികളുടെ പരിഗണനാത്മകക്കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി ഭരണഘടനയുടെ അനുച്ഛേദം 21-ൻ കീഴിലുള്ള ജീവിക്കാനുള്ള അവകാശം നടപ്പിലാക്കുന്നു."

12. നിർദ്ദിഷ്ഠ സ്ഥലങ്ങൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നിരോധിക്കപ്പെട്ട അകലമായ 200 മീറ്ററിനപ്പുറത്തേക്ക് മദ്യം വിൽക്കുന്നില്ലെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, അകലം അളക്കുന്നതിനു പൊതുജനം ഉപയോഗിക്കുന്ന ഏറ്റവും ചെറിയ വഴി/ഇടവഴി/തെരുവ്/റോഡ് എന്നിവയിൽകൂടിയും അതുവഴി ഗേറ്റിൽ നിന്നും ഗേറ്റിലേക്ക് ആകേണ്ടതും ആവശ്യമാണ്. എന്നാൽ, പരമോന്നത കോടതി നിർണ്ണയിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുന്നതിൽ ഈ അളവു കോലുകൾ യോജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, അത്തരം നിർദ്ദേശത്താൽ നേടിയെടുക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യം തികച്ചും വ്യത്യസ്തമാണ്. ഈ രണ്ടു നിർദ്ദേശങ്ങളാലും നേടിയിട്ടുള്ള ഉദ്ദേശം തികച്ചും വ്യത്യസ്തമാണെങ്കിൽ, 1953-ലെ വിദേശ മദ്യചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ പരമോന്നത കോടതിയുടെ വിധിന്യായത്തിൽ നിർണ്ണയിച്ചിട്ടുള്ള 500 മീറ്റർ എന്ന അർത്ഥം കൽപ്പിക്കാൻ സാധിക്കില്ല.

13. ഇതു കൂടാതെ, മദ്യവിൽപ്പന, ഏതെങ്കിലും ഒരാളുടെ മൗലികാവകാശമല്ലെങ്കിലും, സംസ്ഥാനം പൗരൻമാർക്ക് മദ്യവിൽപ്പനയ്ക്കുള്ള വിശേഷാധികാരം കുത്തകാവകാശമായി കൊടുക്കുമ്പോൾ, അങ്ങനെയുള്ള ഒരു വിശേഷാധികാരത്തിന്റെ ആസ്വാദനം നിയന്ത്രണാധീനമാണ്. ഈ നിയന്ത്രണങ്ങൾ, അബ്കാരി ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും അടങ്ങുന്നു. ഇതുകൂടാതെ, ഭരണഘടനയുടെ അനുച്ഛേദം 142-ൻ കീഴിൽ പരമോന്നത കോടതി അതിന്റെ അധികാരങ്ങൾ വിനിയോഗിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. പരമോന്നത കോടതി ഉത്തരവായിട്ടുള്ളതുപോലെ 500 മീറ്ററുകൾക്കുള്ളിൽ മദ്യശാലകൾ ഉണ്ടായിരിക്കരുതെന്നുള്ള ഏതെങ്കിലും നിർദ്ദേശം അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഇല്ലാത്തതാകുന്നു. പരമോന്നത കോടതിയ്ക്ക് ഇതിനെപ്പറ്റി ബോധ്യമുള്ളതും, ആയതിനാൽ, നിർദ്ദേശങ്ങൾ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 142-ൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണെന്ന് അത് അതിന്റെ വിധിന്യായത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

14. ചട്ടം 13 (3) ന്റെ കുറിപ്പ്-2 ബാധകമാക്കിക്കൊണ്ടോ സംസ്ഥാന സർക്കാരുകൾ എഴുതിയുണ്ടാക്കിയിട്ടുള്ള മറ്റേതെങ്കിലും ചട്ടത്തിലോ 500 മീറ്റർ അകലം നിർണ്ണയിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശം വിധിന്യായത്തിൽ പ്രത്യക്ഷമായി അടങ്ങുന്നില്ല. സംസ്ഥാനവും ഏതെങ്കിലും രീതിയിൽ വിദേശ മദ്യചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടില്ല. മറ്റൊരു തരത്തിൽ,

കുറിപ്പ്-2 ബാധകമാക്കിക്കൊണ്ട് അകലം അളക്കുന്നെങ്കിൽ അത് മുൻകൂട്ടി കാണാൻ സാധിക്കാത്തതും വിനാശകരവുമായ അനന്തര ഫലങ്ങളിലേക്ക് നയിക്കും.

15. ഉദാഹരണത്തിന്: ഒരു ആഡംബര ഹോട്ടലോ ഒരു റിസോർട്ടോ ദേശീയ അല്ലെങ്കിൽ സംസ്ഥാന ഹൈവേയ്ക്ക് സമീപത്തുള്ള 100 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ളത്. അകലം അളക്കേണ്ടത്, ഹൈവേയുടെ ഏറ്റവും പുറമേയുള്ള അരുകിൽനിന്നും വസ്തുവിന്റെ ഗേറ്റ് വരെയാണെങ്കിൽ, ഷോപ്പോ, വിൽപ്പന കേന്ദ്രമോ വസ്തുവിന്റെ മറ്റേ അറ്റത്താണ് സ്ഥിതി ചെയ്യുന്നതെങ്കിൽ പോലും ലൈസൻസ് നൽകുന്നതിന് സാധ്യമാകുന്നില്ല. അതുപോലെ, വസ്തുവിനുള്ളിൽ വിൽപ്പന കേന്ദ്രത്തിനു നൽകിയിട്ടുള്ള ഏതെങ്കിലും വഴി പൊതുജനം സാധാരണയായി ഉപയോഗിക്കുന്ന ഊടുവഴി/ഇടവഴി/തെരുവ്/റോഡ് എന്നിവ ആയിരിക്കരുത്. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചപ്പോൾ സുപ്രീം കോടതി അങ്ങനെയുള്ള പരിണിതഫലങ്ങൾ ഉദ്ദേശിച്ചിട്ടുണ്ടാവില്ലെന്നതിൽ നമുക്ക് സംശയമില്ലാത്തതാണ്. അതുകൊണ്ട്, പരമോന്നത കോടതി നിർദ്ദേശിച്ചിട്ടുള്ള 500 മീറ്റർ അകലം അളക്കുമ്പോൾ, കുറിപ്പ്-2-ലെ പരിധികൾ പ്രയോഗിക്കുകയാണെങ്കിൽ, അത്, പരിഹാസജനകമായ പരിണിതഫലങ്ങളിൽ എത്തിച്ചേരുകയും ആയതുകൊണ്ട് അംഗീകരിക്കാൻ പാടില്ലാത്തതുമാണ്.

16. മൊത്തത്തിൽപ്പറയുകയാണെങ്കിൽ, ഹൈവേയുടെ അരുകിൽ നിന്നും അകലം അളക്കുകയാണെങ്കിലും, മദ്യശാലയോ വിൽപ്പനകേന്ദ്രമോ സ്വയമേവ 500 മീറ്ററിനപ്പുറമാണെങ്കിലും ന്യായസംഗ്രഹം അത് കടക്കുകയും, സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള അകലത്തിനപ്പുറമാണ് വിൽപ്പന കേന്ദ്രമെന്ന് ഇവിടെ കണക്കാക്കേണ്ടതുമാണ്.

17. അതുകൊണ്ട്, സംസ്ഥാനത്തിനോ അതിന്റെ കീഴിലുള്ള അധികാരികൾക്കോ വിദേശ മദ്യചട്ടങ്ങളിൻ കീഴിലുള്ള ഒരു ലൈസൻസിനു വേണ്ടി ഒരു അപേക്ഷകന്റെ യോഗ്യത നിർണ്ണയിക്കുന്നതിന് ചട്ടം 13-(1) കുറിപ്പ്-2-ലെ നിബന്ധനകളെ അവലംബിക്കുവാൻ സാധിക്കില്ല. അതുകൊണ്ട്, ചട്ടം 13 (1)-ലെ കുറിപ്പ്-2 ബാധകമാക്കിക്കൊണ്ട് അപ്പീൽ വാദിയുടെ കെട്ടിടത്തിലേക്കുള്ള അകലം അളക്കുന്നതു നിലനിർത്തിക്കൊണ്ടുള്ള വിദ്വാനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായം നിലനിൽക്കുന്നതല്ലാത്തതും ആയതിനാൽ ആ പരിധിവരെ അസ്ഥിരപ്പെടുത്തുന്നു.

18. നമ്മുടെ പരിഗണനയ്ക്കായി ഉയർന്നുവന്ന ഒരേ ഒരു വിവാദവിഷയം ഇതായിരിക്കെ, മുകളിലെ പരിധിവരെ വിദ്വാനായ സിംഗിൾ ജഡ്ജിയുടെ കണ്ടെത്തൽ അസാധുവാക്കിക്കൊണ്ട് അപ്പീൽ തീർപ്പാക്കുന്നു.

അപ്പീൽ അപ്രകാരം തീർപ്പാക്കുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബി. കമാൽ പാഷ**

**ക്രിമിനൽ എം.സി. നമ്പർ 5988/2016**

**അർഷാദും മറ്റുള്ളവരും**

*Vs*

**കേരള സംസ്ഥാനവും മറ്റൊരാളും**

**2017 നവംബർ 21-ന് ഉത്തരവ് പുറപ്പെടുവിച്ചത്**

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**ഒന്നാം ഹർജിക്കാരൻ "ചോരത്തിളപ്പ്" എന്ന തലക്കെട്ടോടെ പ്രസിദ്ധീകരിച്ച ലേഖനം മതസ്പർദ്ധ ഉണ്ടാക്കുന്നതും ഹിന്ദുമതത്തേയും ഇന്ത്യൻ സൈന്യത്തേയും ആക്ഷേപിക്കുന്നതാണെന്ന് ആരോപിച്ച് കേസ് രജിസ്റ്റർ ചെയ്തു. ലേഖനം, ഡോക്ടർ എം.എം. അക്ബർ എന്നയാൾ എഴുതിയ "ഫാസിസം വളരുന്ന വഴി" എന്ന പുസ്തകത്തിൽ നിന്നെടുത്തതാണെന്നും ലേഖനത്തിലെ ഉളളടക്കം ഹിന്ദുമതത്തേയോ ഹിന്ദുമത ആചാരാനുഷ്ഠാനങ്ങളെയോ അപമാനിക്കുന്നതുമല്ല. ലേഖനം കോടതി പരിശോധിച്ചതിൽ ആരോപണങ്ങൾ യാതൊന്നും തന്നെ ശരിയാണെന്ന് കണ്ടെത്തിയില്ല. പുസ്തകം എഴുതിയ എം.എം. അക്ബറിനെ പ്രതിയാക്കിയിട്ടില്ല. പൗരന്മാരുടെ വായടിപ്പിക്കാനുളള ഒരു ശ്രമവും സംസാരിക്കുന്നതിനും ആശയ പ്രകടനത്തിനുമുളള അവകാശത്തിന് എതിരായുളള പ്രവർത്തിയാണിത്. തൽഫലമായി ഹർജിക്കാർക്കെതിരെ നിലമ്പൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത സിസി 1033/2016 നമ്പർ കേസ്സിലെ നടപടിക്രമങ്ങൾ റദ്ദാക്കുന്നു.**

ജസ്റ്റിസ് ബി.കമാൽ പാഷ

**ഉത്തരവ്**

ഇന്ത്യൻ ശിക്ഷാ നിയമം 153എ (1) എ വകുപ്പ് 149-ാം വകുപ്പുമായി കൂട്ടിവായിച്ച പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് ഇടക്കര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 333/2011-ൽ ഫയൽ ചെയ്ത അനുബന്ധം-സി അന്തിമ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, നിലമ്പൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലെ സിസി നം.1033/2016-ലെ പ്രതികളാണ് ഹർജിക്കാർ. പാലമൂട് ശ്രീ.വിവേകാനന്ദ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നു പേരുളള ഒരു കോളേജിലെ വിദ്യാർത്ഥികളാണ് 1-ഉം 3 മുതൽ 11 വരെയും ഹർജിക്കാരും രണ്ടാം ഹർജിക്കാരൻ കോളേജിന്റെ പ്രിൻസിപ്പലുമാണ്.

(2) 13-7-2011-ൽ കോളേജ് യൂണിയൻ 2011 വർഷത്തേക്കുളള കോളേജ് മാഗസിൻ പ്രസിദ്ധപ്പെടുത്തുകയും, ആയതിൽ 1-ാം ഹർജിക്കാരൻ "ചോരത്തിളപ്പ്" എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയും, ആയത് ഡോക്ടർ എം.എം. അക്ബർ എന്ന പേരുളള ഒരു വ്യക്തി

എഴുതിയ "ഫാസിസം വളരുന്ന വഴി" എന്നു പേരുള്ള പുസ്തകത്തിന്റെ ഒരു ഭാഗത്തിന്റെ പദാനുപദ പകർപ്പ് ആയിരുന്നതും ആകുന്നു.

(3) ലേഖനത്തിലെ വസ്തുതകൾ, വർഗ്ഗീയ വിദ്വേഷം സൃഷ്ടിക്കുന്നതിന് ഇടവരുത്തുമെന്നും കൂടാതെ ഇത് ഹിന്ദുമത വിശ്വാസികളെയും ഇന്ത്യൻ മിലിറ്ററിയെയും അപകീർത്തിപ്പെടുത്തിയെന്നുമാണ് ഇവിടെ ആരോപിച്ചിരിക്കുന്നത്. ഹിന്ദു ആചാരാനുഷ്ഠാനങ്ങളെ ഇത് അവഹേളിക്കുന്നു എന്നു കൂടി ആരോപിക്കുന്നു.

(4) ഹർജിക്കാർക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകനെയും വിദ്വാനായ പബ്ലിക്ക് പ്രോസിക്യൂട്ടറെയും കേട്ടു.

(5) ഹർജിക്കാർക്കു വേണ്ടിയുള്ള വിദ്വാനായ അഭിഭാഷകൻ പ്രസ്തുത ലേഖനം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആയതിനെ അനുബന്ധം-എ ആയി ഹാജരാക്കിയിട്ടുള്ളതുമാണ്. ഡോക്ടർ എം.എം. അക്ബർ എന്ന പേരുള്ള ഒരു വ്യക്തി എഴുതിയ "ഫാസിസം വളരുന്ന വഴി" എന്ന പുസ്തകത്തിൽനിന്നും എടുത്തിട്ടുള്ളതാണ് പ്രസ്തു ലേഖനമെന്ന് അനുബന്ധം വെളിപ്പെടുത്തുന്നു. ലേഖനത്തിൽ വസ്തുതകളുടെ നൂലിഴകീറിയുള്ള പരിശോധനയിൽ വർഗ്ഗീയ വിദ്വേഷം പ്രോത്സാഹിപ്പിക്കുന്ന യാതൊന്നും ഇതിൽ അടങ്ങുന്നില്ലെന്ന് ഇവിടെ വെളിവായിട്ടുള്ളതാണ്. പ്രസ്തുത ലേഖനത്തിലെ വസ്തുതകൾ ഹിന്ദുമത വിശ്വാസികളെയോ ഹിന്ദു ആചാരാനുഷ്ഠാനങ്ങളെയോ അവഹേളിക്കുമെന്നോ അപകീർത്തിപ്പെടുത്തുമെന്നോ പറയുന്നതും ശരിയല്ല. ഇത് ഇന്ത്യൻ മിലിറ്ററിയെ അപകീർത്തിപ്പെടുത്തുമെന്ന് പറയുന്നത് ശരിയല്ല.

(6) മുകളിലത്തേത് കൂടാതെ, പ്രസ്തുത ലേഖനം ഡോക്ടർ എം.എം. അക്ബർ എന്ന പേരുള്ള ഒരു വ്യക്തി എഴുതിയ പുസ്തകത്തിലെ വസ്തുതകളുടെ പദാനുപദ പകർപ്പാണെന്ന് ഇവിടെ തെളിയുന്നു. യഥാർത്ഥ ഗ്രന്ഥകർത്താവെന്നു പറയുന്ന ഡോക്ടർ എം.എം. അക്ബറിനെ കുറ്റകൃത്യത്തിൽ ഒരു പ്രതിയായി ചേർത്തിട്ടില്ല. പ്രസ്തുത വ്യക്തിക്കെതിരെ യാതൊരു നടപടിയും ആരംഭിച്ചിട്ടില്ല. പ്രസ്തുത പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ട ഒന്നാണെന്ന് അനുബന്ധം 3-ൽ നിന്നും തെളിയുന്നു. പുസ്തകം എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്ത വ്യക്തിക്കെതിരെ ഒരു ചെറുവിരലെങ്കിലും ഉയർത്താതെ ഒരു കോളേജിലെ ഹതഭാഗ്യരായ വിദ്യാർത്ഥികൾക്കും പ്രിൻസിപ്പലിനും എതിരെ അവരുടെ വീക്ഷണത്തിൽപോലും ഇല്ലാത്ത ഒരു കുറ്റത്തിന് അനാവശ്യമായി നടപടി എടുത്തിരിക്കുകയാണ്.

(7) ഹിന്ദുക്കളുടെ അവകാശങ്ങളെ സംരക്ഷിക്കുമെന്ന നാട്യത്തിൽ ഹർജിക്കാർക്കെതിരെ അനാവശ്യമായി നടപടിയെടുത്തിട്ടുള്ളതാണ്. ഈ ഉദ്യമം ഒന്നുമല്ലാത്തതും, എന്നാൽ, പൗരന്മാരുടെ വായടയ്ക്കാനുള്ളതും, സംസാരത്തിനും ആശയപ്രകടനത്തിനും വേണ്ട സ്വാതന്ത്ര്യത്തിനെതിരെയുള്ള ഒരു പ്രവർത്തിയുമാണ്. ഒരു കുറ്റവും വെളിപ്പെട്ടിട്ടില്ലെങ്കിൽ നിലമ്പൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ സിസി നം. 1033/2016-ലെ എല്ലാ തുടർനടപടികളും തികച്ചും 'അനാവശ്യമായിട്ടുളതും ആയത് റദ്ദാക്കാൻ ബാദ്ധ്യസ്ഥവുമാണ്.

ഫലത്തിൽ, ഈ ക്രിമിനൽ എം.സി. അനുവദിക്കുകയും, ഇടക്കര പോലീസ് സ്റ്റേഷന്റെ ക്രൈം നമ്പർ 333/2011-ലെ അനുബന്ധം-സി അന്തിമ റിപ്പോർട്ടും ഹർജിക്കാർക്കെതിരെയുള്ള നിലമ്പൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ സിസി നമ്പർ 1033/2016-ലെ എല്ലാ തുടർനടപടികളും റദ്ദുചെയ്തിരിക്കുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ചിദമ്പരേഷ്

&

ബഹു. ജസ്റ്റിസ് സതീഷ് നൈനാൻ

റിട്ട് ഹർജി (ക്രിമി) നം. 313/2017,

2017 ലെ ഐ.എ. നമ്പരുകൾ 15973 & 15979, 15980

കൂടെ

ക്രിമിനൽ എം.സി. നം. 2017-ലെ 5684

2017 ഒക്ടോബർ 19-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 93, 97, 323, 342 ഉം 482-ാം വകുപ്പുകളും ഇൻഡ്യൻ ഭരണഘടനയുടെ 25(1), 226 എന്നീ അനുച്ഛേദ പ്രകാരവും അന്യായ തടങ്കലിൽ ബന്ദിയാക്കപ്പെട്ട ഭാര്യ ശ്രുതിയെ സ്വതന്ത്രയാക്കുവാൻ നിർദ്ദേശം നൽകണം എന്ന് ആവശ്യം ഉന്നയിച്ചു. 226-ാം അനുച്ഛേദ പ്രകാരം നൽകിയ ഹർജിയിൽ ശ്രുതി തന്നെ പാർപ്പിച്ച യോഗാകേന്ദ്രത്തിൽ വച്ച് നേരിട്ട പീഡനത്തെ കുറിച്ച് നൽകിയ മൊഴി-സ്വമേധയാ കൊച്ചി സിറ്റി പോലീസ് കമ്മീഷണറെയും, തൃപ്പൂണിത്തുറ പോലീസ് സർക്കിൾ ഇൻസ്പെക്ടറെയും കക്ഷി ചേർത്തു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുവാൻ നിർദ്ദേശം നൽകി. കേസിൽ കക്ഷിചേരാൻ ചില വ്യക്തികൾ നൽകിയ അപേക്ഷയിലെ വിഷയങ്ങൾ വ്യക്തിസ്വാതന്ത്ര്യം ആയി ബന്ധപ്പെട്ട വിഷയത്തിൽ പരിഗണിക്കാനാവില്ല. നിലവിൽ അന്വേഷണം നടത്തുന്ന പോലീസ് മുമ്പാകെ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാവുന്നതാണ്. സിംഗിൾ ബെഞ്ച് കേട്ട് വിധി നിർണ്ണയിക്കാവുന്ന കേസുകൾ ഡിവിഷൻ ബെഞ്ചിന് കേൾക്കാവുന്നതും വിധി പറയാവുന്നതുമാണ്. ശ്രുതിയെ സ്വതന്ത്രയാക്കാനും, ശ്രുതിയുടെ മാതാപിതാക്കളുടെയോ മറ്റു ഭാഗത്തുനിന്നോ യാതൊരു വിധത്തിലുള്ള സമ്മർദ്ദത്തിന് വിധേയമാകാതെ ദമ്പതികൾ ഭാവിജീവിതം തീരുമാനിക്കുന്നത് പോലീസ് ഉറപ്പു വരുത്തണം. ദേശീയ താൽപ്പര്യം ഉയർത്തിപ്പിടിക്കുന്ന ഒന്നാണ് മിശ്രവിവാഹങ്ങൾ. എല്ലാ മിശ്ര വിവാഹങ്ങളെയും മതവികാരവുമായി കലർത്തി ദൈവത്തിന്റെ സ്വന്തം നാട്ടിൽ ശേഷിച്ച മതസൗഹാർദ്ദത്തിൽ വിള്ളലുകൾ വീഴ്ത്തരുത്.

### വിധിന്യായം

ജസ്റ്റീസ് ചിദമ്പരേഷ്.

"പ്രേമത്തിന് അതിരുകളില്ല എന്ന് തിരിച്ചറിയുന്നു. ആശകൾ നിറഞ്ഞ അതിന്റെ ലക്ഷ്യത്തിലെത്താൻ അത് പ്രതിബന്ധങ്ങളെ മറികടക്കും, വിലക്കുകൾ ലംഘിക്കും, കോട്ടകൾ തുളച്ചു കയറും" എന്നാണ് അമേരിക്കൻ കവിയും, ആത്മകഥാകാരനും, പൗരാവകാശ പ്രവർത്തകനുമായ മായാ ആഞ്ജലെയോ പറഞ്ഞിട്ടുള്ളത്.

2. ശ്രുതി മേലേടത്ത് (ചുരുക്കത്തിൽ ശ്രുതി) പിലാത്തറ കോ-ഓപ്പറേറ്റീവ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ ബി.എസ്.സി (ഫിസിക്സ്) കോഴ്സിന് പഠിക്കുന്ന കാലത്ത് സഹപാഠിയായ അനീസ് ഹമീദുമായി (ചുരുക്കത്തിൽ അനീസ്) പ്രണയത്തിലായി. ശ്രുതി എം.എസ്.സി (ഫിസിക്സ്) കോഴ്സ് ചെയ്തുകൊണ്ടിരിക്കെ അനീസ് എൻഡിറ്റി & പൈപ്പിംഗ് ഡിസൈൻ & എഞ്ചിനീയറിംഗിൽ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കുകയും, വിദൂര വിദ്യാഭ്യാസം വഴി എം.ബി.എ (മാർക്കറ്റിംഗിന്) ചേരുകയും ചെയ്തു. ശ്രുതി അനീസിനെ വിവാഹം ചെയ്യുവാൻ താല്പര്യം പ്രകടിപ്പിച്ചപ്പോൾ അവർ വ്യത്യസ്ത മത സമുദായത്തിൽപ്പെട്ടവരായതിനാൽ ഹിന്ദുവും, മുസ്ലീമും എന്ന കാരണത്താൽ അവളുടെ മാതാപിതാക്കൾ ശക്തമായി എതിർത്തു. 16-5-2017-ൽ അനീസിനോടൊപ്പം ശ്രുതി ആരോടും പറയാതെ പിതൃഭവനത്തിൽ നിന്ന് ന്യൂഡൽഹിക്ക് പുറപ്പെടുകയും ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യുകയും അവിടെ വച്ച് വ്യാജവിവാഹം ചെയ്തു എന്നും പറയുന്നു. ദമ്പതികൾ, ആദ്യം ന്യൂഡൽഹിയിൽ ഒരു മാസവും പിന്നീട് അനീസ് ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോൾ ഹരിയാനയിലെ സൊനേപട്ടിലും താമസിക്കുകയുമായിരുന്നു.

3. ശ്രുതിയുടെ അച്ഛൻ മകളെ കാൺമാനില്ല എന്ന് ഒരു പരാതി നൽകുകയും അത് പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 329/2017 ആയി രജിസ്റ്റർ ചെയ്തതായും കാണുന്നു. ഇതിനുശേഷം മാതാപിതാക്കൾ ഈ കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജി (ക്രിമിനൽ) നമ്പർ 206/2017-ൽ 'അന്വേഷണം ശരിയായ' നിലയിൽ പുരോഗമിക്കുന്നു എന്ന നിരീക്ഷണത്തോടെ തീർപ്പാക്കി. പിന്നീട് 20-6-2017-ൽ ദമ്പതികളെ സൊനേപട്ടിലെ അവരുടെ വാസസ്ഥലത്തുനിന്ന് പോലീസ് കസ്റ്റഡിയിൽ എടുക്കുകയും അവരെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ മംഗലാപുരം വഴി വിമാനത്തിൽ എത്തിക്കുകയും ചെയ്തു. അവരുടെ മൊഴികൾ രേഖപ്പെടുത്തുമ്പോൾ ഒരാളെ മറ്റൊരാളിൽ നിന്നും വ്യക്തമായി കാണുന്നതു മറയ്ക്കുന്നതിനുവേണ്ടി അനീസിനേയും ശ്രുതിയെയും 21-6-2017 പയ്യന്നൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ വെവ്വേറെ ഹാജരാക്കി. ശ്രുതിയെ മാതാപിതാക്കൾക്ക് കൈമാറുകയും അവർ അവളെ എറണാകുളത്തെ ഉദയംപേരൂരിലുള്ള യോഗാ കേന്ദ്രത്തിലേക്ക് എത്തിക്കുകയും അവിടെ ഹതഭാഗ്യരായി കഴിയുന്ന നാൽപതിൽ കവിയുന്ന യുവതികളുടെ കൂടെ അവർ അവളെ അവിടെ അന്തേവാസിയായി പ്രവേശിപ്പിക്കുകയും ചെയ്തു. ശ്രുതിയെ കുറിച്ച് യാതൊരു വിവരവും ഇല്ലാതിരുന്ന അനീസ് പയ്യന്നൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 4727/2017-ാം നമ്പർ സി.എം.പി ഫയൽ ചെയ്തു. 27-6-17-ലെ ഉത്തരവ് പ്രകാരം പയ്യന്നൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മാതാപിതാക്കൾ ഒളിപ്പിച്ച ശ്രുതിയെ കണ്ടുപിടിക്കുന്നതിനു സെർച്ച് വാറന്റ് സി.ആർ.പി.സി. 97-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചു. നിരാശനായ അനീസ് അന്യായ തടങ്കലിൽനിന്നും ശ്രുതിയെ സ്വതന്ത്രയാക്കുവാൻ നിർദ്ദേശിക്കുന്നതിനായി ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കുന്നതിന് ഈ കോടതി മുമ്പാകെ റിട്ട് ഹർജി (ക്രിമി) നം. 313/2017 സമർപ്പിച്ചു.

4. ശ്രുതിയുടെ മാതാപിതാക്കൾ പയ്യന്നൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ 4728/2017-ാം നമ്പർ സി.എം.പിയിൽ

പുറപ്പെടുവിച്ച സെർച്ച് വാറന്റ് റദ്ദു ചെയ്യുന്നതിനുവേണ്ടി ഈ കോടതി മുമ്പാകെ 5684/2017-ാം നമ്പർ ക്രിമി.എം.സി. സമർപ്പിച്ചു. അവർ അവരുടെ സ്വന്തം ഇഷ്ടപ്രകാരം 18-8-2017-ൽ 5684/2017-ാം നമ്പർ ക്രിമിനൽ എം.സി. യുടെ വാദത്തി നിടയിൽ ശ്രുതിയെ ഈ കോടതിയിൽ ഹാജരാക്കുകയും വിദ്വാനായ സിംഗിൾ ജഡ്ജി അവളുമായി സംസാരിക്കുകയും ചെയ്തു. ഭയന്നുപോയ ശ്രുതി ആ സമയം മാതാപിതാക്കളോടൊപ്പം പോകുകയും അവളെ യോഗാ കേന്ദ്രത്തിൽ താമസിപ്പിച്ചിരി ക്കുന്നതിനെക്കുറിച്ചോ അവിടെ അവൾ നേരിട്ട പീഡനത്തെ കുറിച്ചോ വെളിപ്പെടു ത്തിയില്ല. മാതാപിതാക്കൾ ശ്രുതിയെ അനീസിൽ നിന്ന് അകറ്റുന്നതിന് മാത്രമല്ല ഹിന്ദുവായി എല്ലാ കാലവും തുടരുന്നതിന് പ്രേരിപ്പിക്കുന്നതിന് ശ്രുതിയെ യോഗ കേന്ദ്രത്തിൽ തിരികെ എത്തിച്ചു. എന്നാൽ 22-8-2017-ൽ 2017-ലെ 313-ാം നമ്പർ റിട്ട് ഹർജി (ക്രിമി) കേട്ടുകൊണ്ടിരിക്കെ ശ്രുതിയെ ഹാജരാക്കിയപ്പോൾ അനീസിന്റെ കൂടെ പോകണം എന്ന് വിശ്വാസപൂർവ്വം ബോധ്യപ്പെടുത്തിയപ്പോൾ മുൻ ഡിവിഷൻ ബെഞ്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

5. "6-ഉം 7-ഉം എതിർകക്ഷികൾക്കു വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ 6-ഉം 7-ഉം എതിർകക്ഷികൾ സമർപ്പിച്ച 2017-ലെ 5684-ാം നമ്പർ ക്രിമി. എം.സി-യിൽ ഈ കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി മുമ്പാകെ ബന്ദിയെ ഹാജരാക്കുകയും അവളുടെ മാതാപിതാക്കളുടെ കൂടെ പോകുവാനാണ് താല്പര്യം എന്ന് അവൾ മൊഴി നൽകുകയും ചെയ്തു.

6. ഞങ്ങൾ ബന്ദിയുമായി സംസാരിച്ചു. അവൾ പറഞ്ഞ പ്രകാരം ഈ കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി മുമ്പാകെ അവൾ അങ്ങനെയുള്ള ഒരു മൊഴി നൽകിയെങ്കിലും അത് കടുത്ത സമ്മർദ്ദം കൊണ്ടായിരുന്നു. അവളുടെ മുത്തച്ഛൻ നാലു ദിവസം മുമ്പ് മരിച്ചു പോയിട്ടുള്ളതും പ്രസ്തുത തീയതിയ്ക്ക് മുൻപ് ഏകദേശം രണ്ട് മാസക്കാലം അവൾ അവളുടെ വീട്ടുതടങ്കലിൽ ആയിരുന്നു. അവളുടെ മാതാപിതാക്കളോടൊപ്പം പോകുവാൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്റെ ഭാഗത്തു നിന്നും സമ്മർദ്ദം ഉണ്ടായിരുന്നു. അവൾ പറഞ്ഞ പ്രകാരം അവൾക്ക് ഹർജിക്കാരനുമായി നിയമാനസൃതമായ ഒരു വിവാഹം നടത്തുവാൻ താൽപര്യപ്പെടുന്നു വെന്നും അവൾക്ക് മതം മാറുന്നതിന് താൽപര്യമില്ലാത്തതുമാണ്."

5. 28-9-2017-ൽ ശ്രുതി വീണ്ടും കോടതിയിൽ ഞങ്ങളുടെ മുമ്പാകെ ഹാജരാകുകയും, 22-6-2017 മുതൽ 22-08-2017-ന് ഈ കോടതിയിൽ ഹാജരാ ക്കുന്നത് വരെ യോഗ കേന്ദ്രത്തിൽ താമസിക്കുമ്പോൾ അവൾ അവിടെ വച്ച് നേരിട്ട പീഡനത്തെക്കുറിച്ച് വിവരിച്ചു. യോഗാകേന്ദ്രത്തിൽ സമാനമായ മറ്റ് പെൺകുട്ടികൾ ഉണ്ടെന്നും എല്ലാ ദിവസവും വെളുപ്പിന് 4 മണിക്ക് എഴുന്നേൽപ്പിക്കുകയും ദിനം മുഴുവനും പട്ടാള ചിട്ടയിലുള്ള ദിനചര്യയ്ക്കു വിധേയമാക്കിയിട്ടുണ്ടെന്നും അവൾ ബോധിപ്പിച്ചു. മറ്റു ദിനചര്യകൾക്കു പുറമെ ഭക്ഷണം പാകം ചെയ്യുവാനും വൃത്തിയാക്കലിനും പെൺകുട്ടികളെ നിർബന്ധിക്കുകയും, കൂടാതെ, യോഗ ചെയ്യുവാനും ദിവസത്തിന്റെ മറ്റു സമയങ്ങളിൽ പ്രഭാഷണ ക്ലാസുകൾ (സത്സംഗം) കേൾക്കു വാനും നിർബന്ധിച്ചു. അവർ യോഗാകേന്ദ്ര ത്തിലെ നിർദ്ദേശങ്ങൾ അനുസരിക്കാതിരി ക്കുന്ന അന്തേവാസികളുടെ കവിളത്ത് അടിയ്ക്കുകയും അവരുടെ അടിവയറ്റിൽ തൊഴിക്കുകയും ചെയ്യുമെന്ന് പറഞ്ഞുകൊണ്ട്

ശ്രുതി തുറന്ന കോടതിയിൽ വിതുമ്പി. അവരുടെ മനോവ്യഥയ്ക്ക് ഉപരിയായി, അവൾ അനീസിന്റെ കൂടെ പോകാനുള്ള അവളുടെ ആഗ്രഹം വെളിപ്പെടുത്തിക്കൊണ്ട് വിലപിക്കുമ്പോൾ അവളെ നിശബ്ദയാക്കാൻ വേണ്ടി ഒരു കഷണം തുണി അവളുടെ വായിൽ തിരുകി കയറ്റിയ സംഭവം, അവൾ കൂട്ടിച്ചേർത്തു. ശ്രുതി നൽകിയ ചിത്രം അനുസരിച്ച് യോഗാകേന്ദ്രത്തിന്റെ നടത്തിപ്പുകാർ അത് നടത്തുന്നത് അന്തേവാസികളെ ബലാൽക്കാരമായി സ്വന്തം മതത്തിലേക്ക്-ഹിന്ദു മതം, തിരികെ കൊണ്ടുവരുവാൻ വേണ്ടിയാണ്.

6. ഞങ്ങൾ, സ്വമേധയാ 2017-ലെ 313-ാം നമ്പർ റിട്ട് ഹർജി (ക്രിമിനൽ)-ൽ കൊച്ചി പോലീസ് കമ്മീഷണറെയും തൃപ്പൂണിത്തുറ പോലീസ് സർക്കിൾ ഇൻസ്പെക്ടറെയും കൂടുതൽ എതൃകക്ഷികളായി ചേർക്കുകയും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തു. യോഗാകേന്ദ്രത്തിന്റെ പ്രസിഡന്റിനും അയാളെ സഹായിക്കുന്ന മറ്റ് എട്ട് പേർക്കും എതിരെ 2017-ലെ 1557-ാം നമ്പർ ക്രൈം ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി പോലീസ് കമ്മീഷണർ ബോധിപ്പിച്ചു. കൊച്ചി സിറ്റി, ഉദയംപേരൂർ പോലീസ് സ്റ്റേഷന്റെ ഫയലിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 323, 342-ഉം, 506 (1)-ഉം വകുപ്പുകൾ 34-ാം വകുപ്പുമായി കൂട്ടി വായിച്ച പ്രകാരമാണ് ക്രൈം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത്, പോലീസ് സ്റ്റേഷനിൽ ഇതേ പ്രതികൾക്കെതിരെ രജിസ്റ്റർ ചെയ്ത 2017-ലെ 1536-ാം നമ്പർ ക്രൈം, പീഡനത്തിന്റെ ഭീതിജനകമായ കഥ പറയാനുണ്ടായിരുന്ന മറ്റൊരു അന്തേവാസി നൽകിയ പരാതിക്ക് പുറമേയാണ്. ശ്രുതിയുടെ മാതാപിതാക്കൾ, അവർ ഫയൽ ചെയ്ത തീർപ്പാക്കാത്ത 2017-ലെ 5684-ാം നമ്പർ ക്രിമി.എം.സിയും വിദ്വാനായ സിംഗിൾ ജഡ്ജി മുമ്പാകെയുള്ള അവളുടെ നിലപാടും 18-8-2017-ൽ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. അതുകൊണ്ട് ഞങ്ങൾ 2017-ലെ 5684-ാം നമ്പർ ക്രിമി. എം.സിയും 2017-ലെ 313-ാം നം. റിട്ട് ഹർജി (ക്രിമി) യുമായി കൂട്ടിച്ചേർക്കാനും, 10-10-2017-ൽ അന്തിമവാദത്തിനായി കോടതിയിൽ കക്ഷികൾ ഹാജരാകണം എന്ന് കൂടി നിർദ്ദേശിച്ചു.

7. ശ്രുതിയുടെ മാതാപിതാക്കൾ മറ്റു കാര്യങ്ങൾക്കിടയിൽ 2017-ലെ 5684-ാം നമ്പർ ക്രിമി. എം.സി നിലവിലുള്ളതിനാൽ 2017-ലെ 313-ാം നം. റിട്ട് ഹർജി (ക്രിമി) പരിഗണിക്കുന്നത് ഈ കോടതിയുടെ അധികാരിത ഇല്ലാതാക്കുമെന്നുള്ള പ്രാഥമിക എതിർപ്പ് ഉന്നയിച്ചു. എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരം 2017-ലെ 313-ാം നം. റിട്ട് ഹർജി (ക്രിമി) സമർപ്പിച്ചത് 10-8-2017-ലാണെങ്കിലും പിന്നീട് 14-8-2017-ലാണ് 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പ് പ്രകാരം 2017-ലെ 5684-ാം നമ്പർ ക്രിമി എം.സി സമർപ്പിച്ചത്. 2017-ലെ 313-ാം നം. റിട്ട് ഹർജി (ക്രിമി) അനീസ് ഫയൽ ചെയ്യുകയും, എന്നാൽ, 2017-ലെ 5684-ാം നമ്പർ (ക്രിമി) എം.സി ശ്രുതിയുടെ മാതാപിതാക്കൾ ഫയൽ ചെയ്തിട്ടുണ്ടെങ്കിലും, രണ്ടും അന്യായ തടങ്കലോ അല്ലെങ്കിൽ തടഞ്ഞുവെക്കലുമായോ ബന്ധപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും ഈ രണ്ടു കേസിലും അടിസ്ഥാന വിഷയം ശ്രുതിയുടെ അന്യായ തടങ്കലിനെ കുറിച്ചായതുകൊണ്ട് രണ്ടു കേസുകൾ ഒരുമിച്ചു ഗുണദോഷത്തിന്മേൽ വാദം കേട്ടു തീർപ്പാക്കുന്നതിന് നിയമപരമായി തടസ്സമില്ല. ഒരു സിംഗിൾ ജഡ്ജിയ്ക്ക് കേൾക്കാൻ കഴിയുന്നതും തീരുമാനിക്കാവുന്നതുമായ എല്ലാ സംഗതികളും അതേപോലെ ഒരു ഡിവിഷൻ ബഞ്ചിനു കേൾക്കാവുന്നതും തീരുമാനിക്കാവുന്നതുമാണെന്നത് പഴഞ്ചൻ



GPM. 5/267/2018-7

നിയമമാണ്. [*ആർ. രത്തിനം Vs സംസ്ഥാനം* (2000) 2 എസ്.സി.സി 391 കാണുക] ഇത് അങ്ങനെ ആകാൻ കാരണം, 482-ാം വകുപ്പ് പ്രകാരമുള്ള സഹജാധികാരം പ്രയോഗിക്കുന്നതിൽ നിന്ന് ഡിവിഷൻ ബെഞ്ചിനെ നിരോധിക്കുന്ന നിയമം നിയമനിർമ്മാണ സഭ പാസ്സാക്കിയിട്ടില്ലാത്തതിനാലാണ്. സിംഗിൾ ബഞ്ചിൽ നിന്നും ക്രിമിനൽ എം.സി.നമ്പർ 5684/2017 വിളിച്ചു വരുത്തി അതിനെ റിട്ട് പെറ്റീഷൻ (ക്രിമിനൽ) നം.313/2017-മായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അന്തിമ വാദത്തിനു വേണ്ടിയും ഒരു പൊതു വിധിന്യായത്തിലൂടെ തീർപ്പാക്കുന്നതിനും വേണ്ടി ഞങ്ങൾ സ്വീകരിച്ച മാർഗ്ഗത്തിന് യാതൊരു ആക്ഷേപവും എടുക്കാൻ കഴിയുകയില്ല.

8. കൂടാതെ, ഉയർന്ന ഭരണഘടനാ പ്രാധാന്യമുള്ള ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിക്കുന്നത് പരിഗണിക്കുന്നിടത്ത്, ഒരു പൗരന്റെ വ്യക്തി സ്വാതന്ത്ര്യം അപകടത്തിലാകുമ്പോൾ അങ്ങനെയുള്ള സാങ്കേതിക ആക്ഷേപങ്ങൾ അനുവദിക്കുവാൻ പാടില്ല. ഒരു ഹേബിയസ് കോർപ്പസ് റിട്ടിൽ സാങ്കേതികമായി ഉന്നയിക്കപ്പെടുന്ന വാദങ്ങൾക്ക് യാതൊരു പരിഗണനയുമില്ലാത്തതും ഇത് ഞങ്ങൾ *ഉമ്മു സബീന Vs കേരള സംസ്ഥാനം*

[(2011) 10 എസ്സിസി 781]-ൽ ഉറപ്പിച്ചിട്ടുള്ളതും അതിൽ താഴെപറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നതും ആകുന്നു:

15. "ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ അങ്ങനെ പറയുകയാണെങ്കിൽ എക്സിക്യൂട്ടീവിന്റെ കൈകളിൽ നിന്നോ അല്ലെങ്കിൽ സ്വകാര്യ വ്യക്തികൾ മുഖേന ആയിട്ടുള്ളതാണെങ്കിൽകൂടി വ്യക്തി സ്വാതന്ത്രത്തെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനു വേണ്ടി ഇംഗ്ലണ്ടിലെ കോമൺലോ വികസിപ്പിച്ചെടുത്തിട്ടുള്ളതിൽ ഏറ്റവും പഴയ റിട്ടാണ് ഹേബിയസ് കോർപ്പസ്. ഹേബിയസ് കോർപ്പസിന്റെ ഈ തത്വം, നമ്മുടെ ഭരണഘടനാ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും അത് നമ്മുടെ അഭിപ്രായത്തിൽ, ഭാരതം പോലെയുള്ള ഒരു ജനാധിപത്യ റിപ്പബ്ലിക്കിൽ, വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് മൗലികാവകാശങ്ങളുടെ ഒരു അദ്ധ്യായം ഉള്ള ഒരു എഴുതപ്പെട്ട ഭരണഘടനയുടെ കീഴിൽ ജഡ്ജിമാർ പ്രവർത്തിക്കുന്നിടത്ത്, പൗരന്മാരുടെ മാത്രമല്ല ഭാരതത്തിന്റെ ഭൂപ്രദേശത്തിനുള്ളിലെ എല്ലാ വ്യക്തികളുടെയും സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള ഒരു കടമ ജഡ്ജിമാരിൽ നിക്ഷിപ്തമാണ്. ഹേബിയസ് കോർപ്പസ് റിട്ട് പുറപ്പെടുവിച്ചുകൊണ്ട് കോടതി. അധികാരം വിനിയോഗിക്കുന്നത് ആയത് ചെയ്യുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ്.

16. ഏറ്റവും പ്രബലമായ അധികാരിയ്ക്കെതിരെ താഴെക്കിടയിലുള്ള പൗരൻമാർക്ക് ലഭ്യമായ പരിഹാരമായ ഹേബിയസ് കോർപ്പസിന്റെ ഈ മുഖമുദ്രയാണ് ഇതിനെ ഉയർന്ന ഭരണഘടനാ പ്രാധാന്യമുള്ള റിട്ടാക്കി മാറ്റിയിട്ടുള്ളത് [ഹാൽസ്ബറീസ് ലോ ഓഫ് ഇംഗ്ലണ്ട്, നാലാം എഡീഷൻ, വാല്യം 11, ഖണ്ഡിക 1454 കാണുക]. അതുകൊണ്ടാണ് ഹേബിയസ് കോർപ്പസ് റിട്ടിനെ സ്വാതന്ത്ര്യത്തിലേക്കുള്ള വാതിൽ തുറക്കുന്ന താക്കോൽ എന്ന് പറയപ്പെടുന്നത്. [ദി കോമൺ ലോ ഇൻ ഇന്ത്യ 1960 എം.സി. സെതൽവാദ് എഴുതിയ പേജ് 38 (ഊന്നൽ നൽകിയിരിക്കുന്നു.) കാണുക"].

രാജ്യത്തെ താഴെക്കിടയിലുള്ള പൗരൻമാരുടെ പോലും വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിലും അവളെ നിയമപരമല്ലാതെ തടഞ്ഞുവച്ചിട്ടുണ്ടെന്നോ അന്യായ തടങ്കലിലാണെന്നോ ഒരു മങ്ങിയ സംശയമെങ്കിലുമുണ്ടെങ്കിൽ ഈ കോടതി അത്യുത്സാഹത്തിലാകേണ്ടതാണ്.

9. 10-10-2017-ൽ തുറന്ന കോടതിയിൽ വെച്ച് ഞങ്ങൾ ശ്രുതിയോട് 2017-ലെ 5684-ാം നമ്പർ (ക്രിമി) എം.സിയിൽ പ്രാഥമിക വാദം കേട്ടുകൊണ്ടിരിക്കെ എന്തുകൊണ്ട് മാതാപിതാക്കളോടൊപ്പം പോകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു എന്നും 2017-ലെ 313-ാം റിട്ട് ഹർജി (ക്രിമി)യിലെ നിലപാട് മാറ്റത്തെക്കുറിച്ചും ആരാഞ്ഞു. 17-8-2017 അവളുടെ മുത്തച്ഛൻ മരിച്ചപ്പോൾ അവളെ യോഗാകേന്ദ്രത്തിൽനിന്നും കണ്ണൂരിൽ കൊണ്ടുപോകുകയും 18-8-2017 രാവിലെ തന്നെ എറണാകുളത്തു കൊണ്ടു വരുകയും ചെയ്തതായി ശ്രുതി പറഞ്ഞു. ക്രിമിനൽ എം.സി.നമ്പർ 5684/2017ന്റെ വിചാരണയ്ക്കുവേണ്ടി അവളെ കോടതിയിൽ കൊണ്ടു വന്ന അതേ ദിവസം അവൾ മാനസികവും ശാരീരികവുമായി തളർന്നിയിരുന്നതായി അവൾ കൂടുതലായി ബോധിപ്പിച്ചു. അവളെ സിറിയയിലേക്കോ യമനിലേക്കോ കൊണ്ടുപോകും എന്ന് പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചതായി പറയുന്ന നോട്ടീസ് അവളുടെ മനസിൽ ഭയം ഉണ്ടാക്കുന്നതിനായുള്ള യോഗാകേന്ദ്രത്തിന്റെ തന്ത്രമാണ് എന്നും ശ്രുതി കൂട്ടിച്ചേർത്തു. 2017-ലെ 313-ാം റിട്ട് പെറ്റീഷൻ (ക്രിമി) കേൾക്കുന്ന വേളയിലാണ് അനീസുമായ ബന്ധത്തിനെ കുറിച്ച് സത്യം പറയുവാൻ അവൾക്ക് ധൈര്യം ഉണ്ടായതും ഈ കാര്യം 22-8-2017-ലെ ഇടക്കാല ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

10. ഇത് ഒരു "ലൗ ജിഹാദിന്റെ" കേസാണെന്നു ഈ കോടതി ഈ കാര്യത്തിൽ ഒരു ഗൗരവതരമായ കാഴ്ചപ്പാട് എടുക്കണമെന്നും സമർത്ഥിച്ചുകൊണ്ട് അപരിചിതർ അവരെക്കൂടി റിട്ട് പെറ്റീഷൻ (ക്രിമി) നം. 313/2017-ൽ കക്ഷി ചേർക്കുന്നതിനുവേണ്ടി ധാരാളം ഹർജികൾ സമർപ്പിച്ചു. യോഗാകേന്ദ്രത്തിലെ അന്തേവാസി ആയിരുന്നു എന്ന് ആരോപിക്കപ്പെടുന്ന ഒരു ആതിര സമർപ്പിച്ച, 2017-ലെ ഐ.എ. നം. 15973-ൽ 'ഘർവാപ്പസി' യുടെ പ്രവർത്തനങ്ങൾ വ്യക്തമായി വിവരിക്കുന്നതിനുവേണ്ടി ആഗ്രഹിച്ചിരുന്നു. ലൗ ജിഹാദിലൂടെ ഇസ്ലാമിലേക്ക് ക്രിസ്ത്യൻ പെൺകുട്ടികളെ വശീകരിക്കുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയതായി പറയപ്പെടുന്ന ഒരു സംഘടനയായ "ക്രിസ്ത്യൻ ഹെൽപ്പ് ലൈൻ" ഐ.എ. നം. 15979/2017 സമർപ്പിച്ചു. 'വിജ്ഞാനഭാരതി എജ്യുക്കേഷനൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റി' സമർപ്പിച്ച ഐ.എ.നം. 15980/2017-ൽ ശ്രുതിയും മറ്റൊരന്തേവാസിയും ഉന്നയിച്ച പീഡനങ്ങളെ കുറിച്ചുള്ള ആരോപണങ്ങൾ നിഷേധിച്ചുകൊണ്ടാണ് സമർപ്പിച്ചിരിക്കുന്നത്. ഹേബിയസ് കോർപ്പസ് റിട്ടിൽ അന്തിമ തീരുമാനത്തിനായി ഉയരുന്ന ഒരേ ഒരു ചോദ്യം ബന്ദിയുടെ വ്യക്തിസ്വാതന്ത്ര്യം കൂട്ടിലടക്കപ്പെടുകയോ ഉള്ളറയിലാക്കുകയും, ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ സ്വതന്ത്രമാക്കുകയും വേണം എന്നതാണ്. അന്വേഷണം ആരംഭിച്ചു കഴിഞ്ഞ് പോലീസ് മുമ്പാകെ മൊഴി നൽകാൻ കക്ഷി ചേർന്നിട്ടുള്ള ഹർജിക്കാർക്ക് സ്വാതന്ത്ര്യമുള്ളതും റിട്ട് കോടതി അവരുടെ സങ്കടങ്ങൾ പരിശോധിക്കുന്ന ഒരു വേദി അല്ലാത്തതുമാണ്. അവർ അപ്രകാരം തിരഞ്ഞെടുക്കുകയാണെങ്കിൽ ക്രിമിനൽ അന്വേഷണത്തിന്റെ ഭാഗമാകാനുള്ള അവരുടെ അവകാശത്തിനുമേൽ കോട്ടം തട്ടാത്ത രീതിയിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കക്ഷിചേരുന്നതിനുള്ള എല്ലാ ഹർജികളും അതുകൊണ്ട് ഞങ്ങൾ തള്ളിക്കളയുന്നു.

11. ജീവിത പങ്കാളികൾ തമ്മിൽ മുമ്പ് പരിശുദ്ധമായ പ്രേമം ഉണ്ടായിരുന്നിട്ടും മിശ്ര വിവാഹത്തിന്റെ എല്ലാ കേസുകളേയും ഒന്നുകിൽ "ലൗ ജിഹാദ്" അല്ലെങ്കിൽ

"ഘർവാപ്പസി" ആയി ആശ്ചര്യകരമാകുന്ന അവസ്ഥയിലെ പുതിയ പ്രവണത ശ്രദ്ധയിൽപെട്ടത് ഞങ്ങളെ അമ്പരപ്പിക്കുന്നു. ശ്രുതിയുടെ മാതാപിതാക്കൾ ഈ കേസ്സ് "ലൗ ജിഹാദ്" ആയി ഉയർത്തികാണിക്കുന്നിടത്ത് ഹിന്ദുമതത്തിലേക്കു തിരികെ ബലം പ്രയോഗിച്ച് കൊണ്ടുവരുവാൻ ശ്രമിക്കുന്നത് കൊണ്ട് "ഘർ വാപ്പസി" ആണ് എന്ന് അനീസും ആരോപിക്കുന്നു. ഏതെങ്കിലും ഒരു കേന്ദ്രം, നിർബന്ധപൂർവ്വമായ പരിവർത്തനത്തിനോ, പുനഃപരിവർത്തന ത്തിനോ, അത് ഹിന്ദു മുസ്ലിം അല്ലെങ്കിൽ ക്രിസ്ത്യനോ എന്തുതന്നെയായിരുന്നാലും, അത് ഭരണഘടനാ അവകാശത്തെ അതിക്രമി ക്കുന്നില്ലെങ്കിൽകൂടിയും പോലീസ് അതിനെ തകർക്കേണ്ടതാണ്. ഇന്ത്യൻ ഭരണഘടന യുടെ 25(1) അനുച്ഛേദം എല്ലാ പൗരൻമാർക്കും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും, പ്രചരിപ്പിക്കുന്ന തിനുമുള്ള അവകാശം ഉറപ്പാക്കുകയും ആയതിനെ ഒരു വിധ്വംസക ശക്തികൾക്കോ മത സംഘടനകൾക്കോ ചവിട്ടിമെതിക്കാൻ സാധിക്കാത്തതുമാണ്. ശ്രുതി അനീസുമായി ദീർഘകാലമായി പ്രണയത്തിലായിരുന്നു വെന്നും അത് ഒരു ദൃഢബന്ധമായി പുഷ്പിച്ച് വിവാഹബന്ധത്തിലെത്തിയെന്നും ഞങ്ങൾക്ക് മനസ്സിലായി. നെറ്റിയിൽ 'സിന്ദൂരം' ധരിച്ച് വന്ന ശ്രുതി അവൾ മരണം വരെ ഹിന്ദുവായി തുടരുമെന്നും അനീസ് മുസ്ലീമായി തുടരുമെന്നും അവരുടെ വിവാഹം രജിസ്റ്റർ ചെയ്തു എന്നും ബോധിപ്പിച്ചു. തളിപ്പറമ്പ് മാര്യേജ് ആഫീസർ 9-10-17 തീയതിയിൽ 1954-ലെ പ്രത്യേക വിവാഹ നിയമ പ്രകാരം പുറപ്പെടുവിച്ച വിവാഹ സർട്ടിഫിക്കറ്റ് അവൾ നിയമപര മായി വിവാഹിതയായ ഭാര്യ എന്നതിന്റെ മതിയായ തെളിവാകുന്നു. ജീവിക്കാൻ ശ്രുതി കാണിച്ച അസാമാന്യ ധൈര്യത്തെയും ദൃഢവിശ്വാസത്തെയും ഞങ്ങൾ അഭിനന്ദിക്കു കയും വഴിതെറ്റിക്കുന്ന വ്യവഹാരങ്ങളുമായി നീതിനിർവ്വഹണത്തെ വ്യതിചലിപ്പിക്കുന്ന തിനായുള്ള അവളുടെ മാതാപിതാക്കളുടെ ശ്രമങ്ങളെ അപലപിക്കുകയും ചെയ്യുന്നു. ശ്രുതി ഒരു ബിരുദാനന്തര ബിരുദധാരിയും പക്വതയുള്ളവളും അവളുടെ ജീവിത പങ്കാളിയായി അനീസിനെ കണ്ടെത്തിയവളും അവളുടെ ആഗ്രഹങ്ങൾക്ക് എതിരായി അവളെ പിതൃഭവനത്തിലോ യോഗാകേന്ദ്ര ത്തിലോ തടഞ്ഞുവെക്കുവാൻ സാധ്യമല്ലാ ത്തതുമാണ്. ശ്രുതിയെ സ്വതന്ത്രയായി വിടാൻ ഉത്തരവിടുകയും അവളുടെ രക്ഷകർത്താക്കളുടെയോ മറ്റേതെങ്കിലും ഭാഗത്തു നിന്നുമുള്ള ഇടപെടലോ എന്തു തന്നെയായാലും അത് ഇല്ലാതെ അവരുടെ ഭാവി പരിപാടികൾ തീരുമാനിക്കേണ്ടത് ദമ്പതികൾ തന്നെയാണെന്ന് പോലീസ് ഉറപ്പാക്കേണ്ടതാണ്.

12. ഈ വിധിന്യായം ലതാസിംഗ് *Vs* സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് [(2006) 5 എസ്സിസി 475] ഉദ്ധരിക്കാതെ പൂർണ്ണമാകാത്തതും അതിൽ താഴെപറയും പ്രകാരം നിരീക്ഷിച്ചി ട്ടുള്ളതുമാണ്:

"17. ജാതി വ്യവസ്ഥ രാജ്യത്തിന്റെ മുകളിലുള്ള ശാപമാണ്, അതിനെ എത്രയും പെട്ടെന്ന് നശിപ്പിക്കുന്നതാണ് നല്ലത്. യഥാർത്ഥത്തിൽ, എപ്പോഴാണോ നമ്മൾ രാജ്യത്തിനു നേരെയുള്ള വെല്ലുവിളികൾ നേരിടാൻ ഒന്നിക്കുന്നത് ആ സമയത്ത് ഇത് ദേശത്തെ ഭിന്നിപ്പിക്കുന്നു. ആയതിനാൽ മിശ്രവിവാഹങ്ങൾ യഥാർത്ഥത്തിൽ ദേശീയ താൽപര്യത്തിലുള്ളതായാലും ആയത് ജാതിവ്യവസ്ഥ നശിപ്പിക്കുന്നതിൽ എത്തി ച്ചേരുന്നു. എന്നിരുന്നാലും, മിശ്ര വിവാഹ ത്തിൽ ഏർപ്പെട്ട ചെറുപ്പക്കാരായ പുരുഷൻ മാരേയും സ്ത്രീകളേയും ആക്രമിക്കുമെന്ന്

ഭീഷണിപ്പെടുത്തുകയും അവരെ ആക്രമണത്തിന് വിധേയരാക്കുന്നതുമായി രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും അസ്വസ്ഥത യുളവാക്കുന്ന വാർത്തകൾ വരുന്നുണ്ട്. ഞങ്ങളുടെ അഭിപ്രായത്തിൽ, ആക്രമണത്തിന്റെ അത്തരം പ്രവർത്തികളോ ഭീഷണികളോ പീഢനമോ തികച്ചും നിയമപരമല്ലാത്തതും അവ നടത്തുന്നവർ കഠിനമായി ശിക്ഷിക്കപ്പെടേണ്ടതുമാണ്. ഇത് ഒരു സ്വതന്ത്ര-ജനാധിപത്യ രാജ്യമാണ്, ഒരാൾ പ്രായപൂർത്തിയായാൽ അവനോ അവൾക്കോ, അവനോ/അവളോ ഇഷ്ടപ്പെടുന്ന ആരെ വേണമെങ്കിലും വിവാഹം ചെയ്യാം. യുവതിയുടെയോ യുവാവിന്റെയോ മാതാപിതാക്കൾ, ഒരു അന്യജാതിയോ, അന്യമതമോ ആയ വിവാഹത്തെ അംഗീകരിക്കുന്നില്ലെങ്കിൽ, അവർക്ക് പരമാവധി ചെയ്യാവുന്നത് ആ മകനുമായോ മകളുമായോ ഉള്ള സാമൂഹ്യബന്ധം വിച്ഛേദിക്കാമെന്നുള്ളതാണ്, പക്ഷെ, അവരെ ഭീഷണിപ്പെടുത്തുവാനോ ആക്രമണ പ്രവർത്തികൾ ചെയ്യുന്നതിനോ പ്രേരിപ്പിക്കുന്നതിനോ അത്തരം അന്യജാതി അന്യമത വിവാഹം നടത്തിയ വ്യക്തിയെ പീഢിപ്പിക്കുന്നതിനോ സാദ്ധ്യമല്ല."

ഞങ്ങൾ താക്കീത് നൽകുന്നതെന്തെന്നാൽ എല്ലാ മിശ്രമത വിവാഹങ്ങളെയും മതപരമായ പരിശോധനയ്ക്ക് ചിത്രീകരിക്കാതിരിക്കുകയും ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഏതുവിധേനയോ നിലനിന്നു പോകുന്ന സാമുദായിക ഐക്യത്തിൽ പിളർപ്പുകൾ സൃഷ്ടിക്കുകയുമരുത്.

2017-ലെ 313-ാം നമ്പർ റിട്ട് ഹർജി (ക്രിമി) അനുവദിക്കുകയും 2017-ലെ 5684-ാം നമ്പർ ക്രിമി എം.സി തള്ളുകയും ചെയ്യുന്നു. ചെലവൊന്നും തന്നെയില്ല.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി. എൻ. രവീന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് ആർ. നാരായണ പിഷാരടി**

**അംബിക**

*Vs*

**കെ. അരവിന്ദാക്ഷൻ**

**മാട്രിമോണിയൽ അപ്പീൽ നം. 1234/2015**

**2017 ഡിസംബർ 19-ന് വിധി കൽപ്പിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു ഹിന്ദുവായ ഒരുവനോ ഒരുവളോ നിയമാനുസൃതമോ, നിയമപരമല്ലാത്തതോ ആയ വേഴ്ച്ചയിൽ ഉണ്ടായ സന്തതികളെ സംരക്ഷിക്കണമെന്ന് 1956-ലെ ഹിന്ദു ദത്തെടുക്കലും ചെലവിനു നൽകലും ആക്റ്റിലെ 20(1)-ാം വകുപ്പ് നിർദ്ദേശിക്കുന്നു. അവിവാഹിതയായ ഒരു മകളെ സംരക്ഷിക്കുന്നതിനുള്ള നിയമപരമായ ബാദ്ധ്യത, അവൾക്ക് തന്റെ വരുമാനത്തിൽ നിന്നോ വസ്തുവിൽ നിന്നോ അവളെ സ്വയം സംരക്ഷിക്കുവാൻ സാദ്ധ്യമാക്കാത്തിടത്തോളമായി ആക്റ്റിലെ 20(3)-ാം വകുപ്പ് ക്ലിപ്തപ്പെടുത്തുന്നു. ആക്റ്റിലെ 3 (ബി) (ii)-ാം വകുപ്പ് പ്രകാരം അവിവാഹിതയായ ഒരു മകളുടെ സംഗതിയിൽ, അവളുടെ വിവാഹത്തോട് അനുബന്ധമായുള്ള ന്യായമായ ചെലവുകളും 'സംരക്ഷണത്തുക'-യിൽ ഉൾപ്പെടും. പ്രായപൂർത്തിയാകാത്ത ഒരു മകളെ അവളുടെ വിവാഹം വരെ സംരക്ഷിക്കുന്നതിനും, അവളുടെ വിവാഹ ചെലവുകൾ വഹിക്കുന്നതിനും ഉള്ള ഒരു ചുമതല പിതാവിൽ നിക്ഷിപ്തമാണ്.**

### വിധി ന്യായം

**ജസ്റ്റിസ് ആർ.നാരായണ പിഷാരടി**

പാലക്കാട് കുടുംബ കോടതി മുമ്പാകെയുള്ള ഒ.പി.നം.283/2011-ലെ ഹർജിക്കാരൻ ഫയൽ ചെയ്തിട്ടുള്ളതാണ് ഈ അപ്പീൽ.

2. അപ്പീൽവാദിയുടെ അച്ഛനാണ് അപ്പീലിലെ എതിർകക്ഷി. കുടുംബ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.പി.നം.283/2011-ലെ എതിർകക്ഷി അയാളാണ്. കക്ഷികളെ ഇതിനുശേഷം ഹർജിക്കാരിയെന്നും, എതിർകക്ഷിയെന്നും പരാമർശിക്കുന്നതാണ്.

3. ഹർജിക്കാരി, അവളുടെ വിവാഹ ചെലവുകൾക്കായി 5,00,000/- രൂപ എതിർകക്ഷിയിൽ നിന്നും അവകാശപ്പെട്ടുകൊണ്ട് കുടുംബ കോടതിയിൽ 2011-ലെ ഒ.പി.നം.283 ഫയൽ ചെയ്തു. ഹർജിക്കാരിയുടെ മാതാവുമായിട്ടുള്ള വൈവാഹിക ബന്ധം നിഷേധിച്ചു കൊണ്ട് എതിർകക്ഷി എതിർ പത്രിക ഫയൽ ചെയ്തു. കൂടാതെ, അയാൾ ഹർജിക്കാരിയുടെ പിതൃത്വവും, അതോടൊപ്പം ഹർജിക്കാരിയുടെ വിവാഹ ചെലവുകൾ വഹിയ്ക്കുവാനുള്ള ബാദ്ധ്യതയും നിരാകരിച്ചു.

4) കീഴ്ക്കോടതിയിലെ നടപടികൾക്കിടയിൽ ഹർജിക്കാരിയേയും അവരുടെ അമ്മയേയും PW1-ഉം PW2-ഉം ആയി വിസ്തരിക്കുകയും, എഗ്സിബിറ്റ് എ1 മുതൽ എ28 വരെയുള്ള രേഖകൾ ഹർജിക്കാരിയുടെ ഭാഗത്തുനിന്ന് രേഖപ്പെടുത്തുകയും ചെയ്തു. എതിർ കക്ഷിയെ RW1 ആയി വിസ്തരിച്ചു. കക്ഷികൾ സമർപ്പിച്ച തെളിവുകൾ കണക്കിലെടുത്ത്, അപ്പീൽവാദിയുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളിൽ നിന്നും വാടക ലഭിക്കുന്നതിനാൽ വിവാഹത്തിന്റെ ചെലവുകൾ വഹിയ്ക്കാൻ മതിയായ വരുമാനം അവൾക്ക് ഉണ്ടെന്ന് കുടുംബ കോടതി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഹർജികൾ തള്ളുകയും ചെയ്തു.

5) അപ്പീൽവാദി/ഹർജിക്കാരി-യുടെ വിദ്വാനായ അഭിഭാഷകന്റെയും അതോടൊപ്പം എതിർകക്ഷിയുടേയും വാദം ഞങ്ങൾ കേട്ടു.

6) ഹർജിക്കാരി സ്വന്തമായി വരുമാനമുള്ള ഒരു വ്യക്തിയാണെന്നും ആയതിനാൽ എതിർകക്ഷിയിൽനിന്നും തന്റെ വിവാഹത്തിന്റെ ചെലവുകൾ ആവശ്യപ്പെടാൻ അവൾക്ക് അർഹതയില്ല എന്നും എത്തിച്ചേർന്ന കീഴ്ക്കോടതിയുടെ നിഗമനം തെറ്റായിപ്പോയി എന്നും ഹർജിക്കാരിയുടെ വിദ്വാനായ അഭിഭാഷകൻ തർക്കിച്ചു. അതിന് വിരുദ്ധമായി, കീഴ്ക്കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളെ എതിർകക്ഷിയുടെ വിദ്വാനായ അഭിഭാഷകൻ അനുകൂലിക്കുകയും ചെയ്തു. കീഴ്ക്കോടതി ശരിയായ രീതിയിലാണ് ഹർജി തള്ളിയത് എന്ന് അദ്ദേഹം ബോധിപ്പിച്ചു.

7) 1956-ലെ ഹിന്ദു ദത്തെടുക്കലും ചെലവിനു നൽകലും ആക്റ്റിലെ 20(1)-ാം വകുപ്പിൽ (ഇതിനു ശേഷം ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഒരുവന്റേയോ ഒരുവളുടേയോ ജീവിത കാലത്ത് അവന്റേയോ അവളുടേയോ നിയമാനുസൃതമായതോ, നിയമവിരുദ്ധമായ വേഴ്ച്ചയിൽ ഉണ്ടായതോ ആയ സന്തതികളേയും, അവന്റേയോ അവളുടേയോ പ്രായം ചെന്നതും, രോഗബാധിതരുമായ മാതാപിതാക്കളേയും സംരക്ഷിക്കുവാൻ അവർ ബാധ്യസ്ഥരാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. നിയമാനുസൃതമായതോ, നിയമവിരുദ്ധ വേഴ്ചയിൽ ഉണ്ടായതോ ആയ ഒരു സന്തതിയ്ക്ക്, ആ സന്തതി മൈനറായിരിക്കുന്നിടത്തോളം കാലം അവളുടേയോ അവന്റേയോ പിതാവിൽ നിന്നോ മാതാവിൽ നിന്നോ സംരക്ഷണതുക ആവശ്യപ്പെടാവുന്നതാണെന്ന് ആക്റ്റിലെ 20(2)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. ആക്റ്റിലെ 20(3)-ാം വകുപ്പ്, തങ്ങളുടെ സമ്പാദ്യത്തിൽ നിന്നോ മറ്റ് വസ്തുക്കളിൽ നിന്നോ, പ്രായം ചെന്നതും രോഗബാധിതരുമായ മാതാപിതാക്കൾക്കോ അവിവാഹിതയായ മകൾക്കോ, അതത് സംഗതിപോലെ, അവനോ അവൾക്കോ സ്വയം സംരക്ഷിക്കാൻ സാധിക്കാത്തിടത്ത് മാത്രമേ, ഒരു വ്യക്തിക്ക് തന്റെ മാതാപിതാക്കളേയോ അവിവാഹിതയായ മകളേയോ സംരക്ഷിക്കാനുള്ള ബാധ്യതയുള്ളു എന്ന് വ്യവസ്ഥ ചെയ്യുന്നു.

8) ഹർജിക്കാരിയുടെ മാതാവുമായുള്ള വൈവാഹിക ബന്ധം എതിർകക്ഷി നിഷേധിച്ചു. എതിർകക്ഷിയും ഹർജിക്കാരിയുടെ മാതാവും തമ്മിൽ ഏതെങ്കിലും തരത്തിൽ നിയമസാധുതയുള്ള വിവാഹം നടന്നിരുന്നോ എന്നത് ഇവിടെ അപ്രസക്തമാണ്. ആക്റ്റിലെ 20(1)ഉം 20(2)ഉം വകുപ്പുകൾ പ്രകാരം, നിയമാനുസൃതമോ നിയമാനുസൃതമല്ലാത്തതോ ആയ വേഴ്ച്ചയിൽ ഉണ്ടായ തന്റെ മകളെ സംരക്ഷിക്കുവാൻ പിതാവ് ബാധ്യസ്ഥനാണ്.

9) എതിർകക്ഷി സമർപ്പിച്ച എതിർ പത്രികയിൽ ഹർജിക്കാരിയുടെ പിതൃത്വം അയാൾ നിഷേധിച്ചു. എന്നിരുന്നാലും, RW1

ആയി തെളിവു കൊടുത്തപ്പോൾ, ചീഫ് വിസ്താരത്തിന് പകരമായി നൽകിയ സത്യവാങ്മൂലത്തിൽ, ഹർജിക്കാരിയുടെ മാതാവുമായുണ്ടായിരുന്ന വിവാഹേതര ബന്ധത്തിലാണ് അവൾ ജനിച്ചതെങ്കിലും, അയാൾ ഹർജിക്കാരിയുടെ പിതാവാണെന്ന് സമ്മതിച്ചു. കൂടാതെ ഡി.എൻ.എ പരിശോധന യുടെ ഫലം അടങ്ങുന്ന എഗ്സിബിറ്റ് എ1 റിപ്പോർട്ടും, എതിർകക്ഷി ഹർജിക്കാരിയുടെ പിതാവാണെന്ന് തെളിയിക്കുന്നു.

10) ആക്റ്റിലെ 20(1)-ാം വകുപ്പ്, ഒരു ഹിന്ദുവായ ഒരുവനോ ഒരുവളോ നിയമാനു സൃതമോ, നിയമപരമല്ലാത്തതോ ആയ വേഴ്ച്ചയിൽ ഉണ്ടായ സന്തതികളെ സംരക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു. ആക്റ്റിലെ 20(3)-ാം വകുപ്പ്, അവിവാഹിത യായ ഒരു മകളെ സംരക്ഷിക്കുവാനുള്ള നിയമപരമായ ബാദ്ധ്യത, അവൾക്ക്, അവളുടെ വരുമാനത്തിൽ നിന്നോ വസ്തുവിൽനിന്നോ അവളെ സ്വയം സംരക്ഷിക്കുവാൻ സാദ്ധ്യമാക്കാത്തിട ത്തോളമായി ക്ലിപ്തപ്പെടുത്തുന്നു. ചുരുക്ക ത്തിൽ, 20-ാം വകുപ്പ് പ്രകാരം, ഒരു ഹിന്ദു, തന്റെ അവിവാഹിതയായ മകളെ അവൾക്ക് സ്വന്തം വരുമാനത്തിൽനിന്ന് അവളെ സ്വന്തമായി സംരക്ഷിക്കാൻ സാധിക്കാത്ത പക്ഷം, മറ്റുള്ളവരോടൊപ്പം അവളെ സംരക്ഷിക്കാൻ നിയമപരമായി ബാദ്ധ്യസ്ഥ നാണ്. സംരക്ഷണം നൽകുവാനുള്ള ഈ ചുമതല വ്യക്തിപരവും, നിയമപരവുമായ സ്വഭാവത്തോടു കൂടിയതും, കക്ഷികൾ തമ്മിലുള്ള ബന്ധം നിലനിൽക്കുന്നതിൽ നിന്നും ഉടലെടുക്കുന്നതുമാണ് (**കമ്മീഷണർ ഓഫ് ഗിഫ്റ്റ് ടാക്സ് *Vs* ഇന്ദിരാ ദേവി**. 1998 കെഎച്ച്സി 403 ഉം, **വിശ്വംഭരൻ *Vs* ധന്യ** 2005 കെഎച്ച്സി 119). ആക്റ്റിലെ 20(3)-ാം വകുപ്പിൽ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിക്ക് അവളുടെ വിവാഹം കഴിയുന്നതുവരെ മാതാപിതാക്കളിൽനിന്നും സംരക്ഷണതുക ലഭിക്കുവാനുള്ള അവകാശം അംഗീകരിച്ചിട്ടുണ്ട്. (**ജഗദീഷ് ജുഗ്താവത് *Vs* മഞ്ജു ലത** (2002) 5 എസ്സിസി 422). ആക്റ്റിലെ 3 (ബി) (ii)-ാം വകുപ്പ് പ്രകാരം അവിവാഹിതയായ ഒരു മകളുടെ സംഗതിയിൽ, അവളുടെ വിവാഹത്തോട് അനുബന്ധമായുള്ള ന്യായമായ ചെലവുകളും സംരക്ഷണതുക-യിൽ ഉൾപ്പെടും. പ്രായ പൂർത്തിയാകാത്ത ഒരു മകളെ അവളുടെ വിവാഹം വരെ സംരക്ഷിക്കുന്നതിനും, അവളുടെ വിവാഹ ചെലവുകൾ വഹിക്കുന്ന തിനും ഉള്ള ഒരു ചുമതല പിതാവിൽ നിക്ഷിപ്തമാണ്.

11) ഹർജി ഫയൽ ചെയ്യുന്ന സമയം, ഹർജിക്കാരി വിവാഹിതയായിരുന്നില്ല. ഹർജി നിലനിൽക്കുന്ന കാലത്താണ് അവളുടെ വിവാഹം നടന്നത്. ഹർജി ഫയൽ ചെയ്തതിന് ശേഷമാണ് അവളുടെ വിവാഹം നടന്നത് എന്ന വസ്തുത, അവളുടെ അച്ഛനിൽനിന്നും വിവാഹ ചെലവുകൾ ആവശ്യപ്പെടുന്നതിന് യാതൊരു വിധ തടസ്സവും സൃഷ്ടിക്കുന്നില്ല. (**രൂപ *Vs* ജല്ലൂർ മുസ്തൂരപ്പാ** 2006 കെ.എച്ച് സി. 3719: എഐആർ 2006 കർ 196)-ൽ മകൾ അവിവാഹി തയായിരുന്നപ്പോൾ വിവാഹ ചെലവുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അവകാശവാദം ഉന്നയിക്കുകയും, നടപടികൾ ആരംഭിച്ചതിനു ശേഷം അവൾ വിവാഹിതയാകുകയും ചെയ്യുകയാണെങ്കിൽ, അവളുടെ വിവാഹ ചെലവുകൾ വഹിക്കാൻ പിതാവ് ബാദ്ധ്യസ്ഥ നാണെന്ന് കർണ്ണാടക ഹൈക്കോടതി വിധിച്ചു. ഞങ്ങൾ ഈ വീക്ഷണത്തെ ആദരവോടെ അനുകൂലിക്കുന്നു.

12) ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളിൽ ഓരോന്നിൽ നിന്നും പ്രതിമാസം 6000/- രൂപ വീതം വാടകയായി ലഭിക്കുന്നുണ്ടെന്ന കാരണത്താൽ കീഴ്ക്കോടതി

അവളുടെ അവകാശവാദം നിരാകരിച്ചു. രണ്ട് കെട്ടിടങ്ങളിൽനിന്നും വാടകയായി 12,000/- രൂപ പ്രതിമാസം അവൾക്ക് ലഭിക്കുന്നുണ്ടെന്ന് കണ്ടെത്തുവാൻ വിശ്വാസ യോഗ്യമായ തെളിവുകൾ യാതൊന്നും തന്നെ ഇല്ല. PW1 ആയി വിസ്തരിച്ചപ്പോൾ, ഹർജിക്കാരി തന്റെ പേരിലുളള നാലു സെന്റിൽ രണ്ടു വീടുകൾ പണിതിട്ടുണ്ടെന്നും ആ കെട്ടിടങ്ങൾ രണ്ടും വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും എതിർ വിസ്താരം നടന്നപ്പോൾ സമ്മതിച്ചിട്ടുണ്ട്. പ്രതിമാസം വാടകയായി 6000/- രൂപ വീതം ഓരോ കെട്ടിടത്തിൽനിന്നും അവൾക്ക് ലഭിക്കുന്നുണ്ടല്ലോ എന്ന് അവളോട് ഒരു നിർദ്ദേശം വച്ചു. എതിർ വിസ്താരത്തിൽ അവൾക്ക് മുമ്പാകെ വച്ച ഈ നിർദ്ദേശം അവൾ നിഷേധിച്ചില്ല എന്നത് സത്യമാണ്. അതേ പറ്റി അവൾക്ക് യാതൊന്നും അറിയില്ല എന്ന് മാത്രം അവൾ പറഞ്ഞു. എന്നാൽ, തന്റെ മാതാവാണ് കെട്ടിടങ്ങളുടെ വാടക വാങ്ങുന്നതെന്ന് അവൾ പറഞ്ഞു. PW2 ആയി വിസ്തരിച്ചപ്പോൾ, കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തിട്ടില്ല എന്ന് ഹർജിക്കാരിയുടെ അമ്മ മൊഴി നൽകി. ഈ വിഷയത്തെ സംബന്ധിച്ചുളള അവരുടെ മൊഴി, അത് സംബന്ധിച്ച് PW1 മൊഴി നൽകിയ അവസരത്തിൽ അവൾ നടത്തിയ ഏറ്റുപറച്ചിലിന്റെ വെളിച്ചത്തിൽ വിശ്വസിക്കാനാവില്ല. എന്നാൽ, ആ രണ്ടു കെട്ടിടങ്ങളുടെയും വാടക തുകയെ സംബന്ധിച്ച് വിശ്വസനീയമായ തെളിവുകളൊന്നുമില്ല. RW1ആയി വിസ്തരിച്ചപ്പോൾ, രണ്ട് കെട്ടിടങ്ങളിൽ നിന്നും ഹർജിക്കാരിയും അമ്മയും വാടക ഇനത്തിൽ കൈപ്പറ്റുന്ന തുകയെ സംബന്ധിച്ച് എതിർകക്ഷിക്ക് യാതൊരു പ്രത്യേക കേസ്സും ഇല്ലായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്.

13) ഹർജിക്കാരിക്കോ അവളുടെ മാതാവിനോ രണ്ട് കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ പ്രതിമാസം 12,000/- രൂപ ലഭിക്കുന്നുണ്ടെന്ന് അനുമാനിച്ചാൽ കൂടി, അത്, ഹർജിക്കാരിയുടെ അവകാശവാദത്തെ പൂർണ്ണമായി തള്ളിക്കളയാൻ മതിയായ ഒരു കാരണമല്ല. (**കരുണാകരൻ നായർ *Vs* സുശീല അമ്മ**: 1987 (2) കെഎൽറ്റി 666)-ൽ പ്രസ്താവിച്ചതു പോലെ, ഒരു വ്യക്തി ഉപജീവനത്തിന് മാത്രമായി ജീവിക്കുന്നില്ല. ജീവിതത്തിൽ മറ്റ് അടിസ്ഥാന ആവശ്യങ്ങളും ഉണ്ട്. ദൈനംദിന ചെലവുകൾ നിർവ്വഹിച്ച ശേഷം, എന്ത് തുക, ഹർജിക്കാരിയും അവളുടെ മാതാവും സമ്പാദിച്ചുകാണും എന്ന് ഒരാൾക്ക് സങ്കൽപ്പിക്കാവുന്നതേയുളളു. ഹർജിക്കാരിയോ അവളുടെ മാതാവോ ജോലിയുളളവരാണെന്നോ, അവർക്ക് മറ്റ് വരുമാന മാർഗ്ഗം ഉണ്ടെന്നോ എതിർകക്ഷിക്ക് യാതൊരു കേസ്സുമില്ല. ഈ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ ആവശ്യം പൂർണ്ണമായി തള്ളിക്കളഞ്ഞ കീഴ്ക്കോടതിയുടെ ഉത്തരവ് തെറ്റായിപ്പോയെന്നു കണ്ടെത്താൻ ഞങ്ങൾക്ക് യാതൊരു ശങ്കയുമില്ല.

14) മുതിർന്നതും, മാതാവിനോടൊപ്പം താമസിക്കുന്നതും, ജോലിയുളളതും, സ്ഥിര വരുമാനമുളളതുമായ മാതാവിനാൽ സംരക്ഷിച്ചു വരുന്നതുമായ പെൺമക്കളുടെ വിഷയത്തിലും അവരുടെ വിവാഹ സമയത്ത്, അവരുടെ പിതാവിൽനിന്നും സാമ്പത്തിക സഹായം ലഭിയ്ക്കുവാൻ അവർ അർഹരാണെന്ന് **ശ്രീമതി. സ്നേഹ് പ്രഭാ *Vs* രവീന്ദർ കുമാർ** എഐആർ 1995 എസ്സി 2170-ൽ വിധിച്ചിട്ടുണ്ട്. അവിവാഹിതയായ മകൾ ചെറിയ വരുമാനം ഉളളതായ മാതാവിനോടൊപ്പം അവരാൽ സംരക്ഷിക്കപ്പെടുകയും, ആ മാതാവിനോടൊപ്പം ജീവിക്കുകയും ചെയ്യുന്ന ഒരു സംഗതിയിലും, അവളുടെ



GPM. 5/267/2018-8

പിതാവിൽ നിന്നും സംരക്ഷണതുക അവകാശപ്പെടാൻ അവൾക്ക് അർഹതയുണ്ട്, അതിൽ വിദ്യാഭ്യാസ ചെലവുകളും, വിവാഹ ചെലവുകളും ഉൾപ്പെടും. അവിവാഹിതയായ മകളുടെ വിവാഹം നടത്തൽ ഉൾപ്പെടെയുള്ള ആവശ്യങ്ങൾ മാതാവ് നോക്കി നടത്തുന്നു എന്ന കാരണത്താൽ മാത്രം, ആ ആവശ്യത്തിലേക്ക് തന്റെ വീതം നൽകാനുള്ള ഒരു പിതാവിന്റെ നിയമപരവും വ്യക്തിപരവുമായ ബാദ്ധ്യതയിൽനിന്നും അയാളെ ഒഴിവാക്കുന്നില്ല. (**ലീലാമ്മ *Vs* മണി** 2017 (3) കെഎച്ച്സി 340)

15) ഇപ്പോൾ നമ്മൾ വിവാഹ ചെലവുകളുടെ അളവ് എന്ത് എന്ന ചോദ്യത്തിൽ എത്തി നിൽക്കുന്നു. ആക്റ്റിന്റെ 3 (ബി) (ii)-ാം വകുപ്പ് പ്രകാരം, അവിവാഹിതയായ മകളുടെ സംഗതിയിൽ "സംരക്ഷണ തുക" എന്നതിൽ വിവാഹത്തിന്റെ ചെലവുകൾ മാത്രമല്ല, അവളുടെ വിവാഹവുമായി ബന്ധപ്പെട്ട ചെലവുകളും ഉൾപ്പെടും. വിവാഹ ചെലവുകൾ രണ്ടു വിധമാണ്: (1) വിവാഹവുമായി നേരിട്ട് ബന്ധമുണ്ടാകുന്നവ; കൂടാതെ (2) വിവാഹത്തോടൊപ്പം പരോക്ഷമായോ, അനുബന്ധമായോ ഉണ്ടാകുന്നവ.

16) ഹർജിക്കാരി, തന്റെ വിവാഹച്ചെലവുകൾക്കായി 5,00,000/- രൂപ ആവശ്യപ്പെട്ടു. ചീഫ്വിസ്താരത്തിന് പകരമായി അവൾ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, ഓരോ ഇനത്തിലും അവൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ ഹർജിക്കാരി സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും, പല ഇനങ്ങളുമായി ബന്ധപ്പെട്ട് അവൾ ചെലവഴിച്ചതായി അവകാശപ്പെടുന്ന തുക വളരെ കൂടുതലാണ്. ഉദാഹരണത്തിന്, വിവാഹത്തിനുള്ള വസ്ത്രങ്ങൾ വാങ്ങുന്നതിന് അവൾ 1,00,000/- രൂപ ചെലവഴിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. വിവാഹത്തിനായി 5,00,000/- രൂപ വിലമതിക്കുന്ന സ്വർണ്ണാഭരണങ്ങൾ അവൾ വാങ്ങിയതായും പ്രസ്താവിച്ചിട്ടുണ്ട്. ഹർജിക്കാരി അവളുടെ വിവാഹധൂർത്ത് നടത്തി തുക ചെലവഴിച്ചു എന്നത് ആ ബാദ്ധ്യത മൊത്തത്തിൽ വഹിക്കുവാൻ എതിർകക്ഷിയോട് നിർദ്ദേശിക്കാൻ തക്കതായ ഒരു കാരണമല്ല.

17) മാത്രമല്ല, ഹർജിക്കാരിക്ക് അയാളിൽ നിന്നു ലഭിക്കുവാൻ അർഹമായ തുക തിട്ടപ്പെടുത്തേണ്ടത്, എതിർകക്ഷിയുടെ സാമ്പത്തിക ശേഷി കൂടി കണക്കിലെടുത്തുക്കൊണ്ടായിരിക്കണം. ആക്റ്റിലെ 20-ാം വകുപ്പ് പ്രകാരം, കുട്ടിക്ക് സംരക്ഷണം നൽകുക എന്ന അയാളുടെ ഉത്തരവാദിത്തം പിതാവിന് മതിയായ ആസ്തിയില്ല എന്ന നിസ്സാര കാരണം കൊണ്ട് മാത്രം യാതൊരു വിധത്തിലും ഇല്ലായ്മ ചെയ്യപ്പെടുന്നില്ല. എന്നിരുന്നാലും, സംരക്ഷണതുകയുടെ തോത് പരിഗണിക്കുന്നതിൽ അയാളുടെ ആസ്തിയുമായി ബന്ധപ്പെട്ട ചോദ്യം പ്രസക്തമാണ്. (**അനിൽകുമാർ *Vs* ഗോപിക്കുട്ടൻ നായർ**: 1984 കെഎൽറ്റി 900)

18) എതിർകക്ഷിക്ക് 62 വയസ്സായി. അദ്ദേഹം ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. അപ്പീൽ കേൾക്കുന്ന അവസരത്തിൽ, അദ്ദേഹം കോടതിയിൽ ഹാജരുണ്ടായിരുന്നതും, ഞങ്ങൾ അദ്ദേഹവുമായി സംവദിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നുവെന്നും അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചെന്നും, പ്രതിമാസം അദ്ദേഹത്തിന് 30,000/- രൂപ പെൻഷൻ ആയി ലഭിക്കുന്നുണ്ടെന്നും അദ്ദേഹം കോടതിയെ അറിയിച്ചു. അതേസമയം, താൻ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉള്ള ഒരു വ്യക്തിയാണെന്നും അയാൾ കോടതിയെ അറിയിച്ചു. അയാളുടെ ശരീരത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ഒരു പേസ്മേക്കറുമായിട്ടാണ് അയാൾ ജീവിക്കുന്നത്. അക്കാര്യവുമായി ബന്ധപ്പെട്ട രേഖകൾ

ഞങ്ങൾക്ക് പരിശോധനയ്ക്കായി അയാൾ സമർപ്പിച്ചു. എതിർകക്ഷി ഒരു ഹൃദ്രോഗി ആണെന്ന വസ്തുതയിലും അപ്പീൽവാദിയുടെ വിദ്വാനായ അഭിഭാഷകനും തർക്കമില്ല.

19) വസ്തുതകളുടെയും സാഹചര്യങ്ങളുടെയും സമ്പൂർണ്ണതയ്ക്കൊപ്പം, സമൂഹത്തിൽ ഹർജിക്കാരിയുടെ നിലയും, അവൾ ജീവിക്കുന്ന സാമൂഹിക പരിതസ്ഥിതികളും കക്ഷികളുടെ ജീവിതനിലവാരവും കണക്കിലെടുക്കുമ്പോൾ, ഹർജിക്കാരിക്ക് അവളുടെ വിവാഹ ചെലവുകൾക്കായി 2,00,000/- രൂപ നൽകാൻ എതിർകക്ഷിയോട് നിർദ്ദേശിക്കുന്നത് ന്യായമായിരിയ്ക്കും എന്ന് ഞങ്ങൾ കണ്ടെത്തുന്നു.

20) തത്ഫലമായി, അപ്പീൽ അനുവദിക്കുന്നു. 2011-ലെ ഒ.പി.നം.283 തള്ളിക്കൊണ്ടുള്ള കീഴ്ക്കോടതി ഉത്തരവ് ഞങ്ങൾ റദ്ദു ചെയ്യുന്നു. ഹർജിക്കാരിക്ക് അവളുടെ വിവാഹത്തിന് ചെലവായ തുകയിനത്തിലേക്ക് 2,00,000/- രൂപ നൽകുവാൻ എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് മേൽപറഞ്ഞ ഹർജി ഭാഗികമായി അനുവദിച്ചിരിക്കുന്നു. ഹർജി ഫയൽ ചെയ്യുന്ന തീയതി മുതൽ ഈടാക്കിയെടുക്കുന്ന തീയതിവരെ ഈ തുകയ്ക്ക് 6% നിരക്കിൽ പലിശ വഹിക്കുന്നതുമായിരിക്കും. കക്ഷികൾ തമ്മിലുള്ള ബന്ധം പരിഗണിച്ച് ഇരു കക്ഷികളും തങ്ങൾക്ക് ചിലവായ തുക ഉടനീളം സഹിയ്ക്കുവാൻ നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞങ്ങൾ കണ്ടെത്തുന്നു.

*————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ദാമാ ശേഷാദ്രി നായിഡു

ലക്ഷ്മി വി. പി.

*Vs*

കേരള സർക്കാരും മറ്റുള്ളവരും

2017 ഏപ്രിൽ 10-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

ഒരു വ്യക്തിയെ, താൽക്കാലികമായോ അല്ലെങ്കിൽ ശാശ്വതമായോ, വസ്തുവകകൾ കൈമാറ്റം ചെയ്യുവാൻ അനുവദിക്കാതിരിക്കാൻ ഒരു സാധുതയുള്ള ജുഡീഷ്യൽ നിർദ്ദേശത്താൽ സാധിക്കും എന്നത് ശരിയാണ്. ഏതെങ്കിലും പ്രകൃതത്തിലുള്ള വ്യവഹാരം നിലനിൽക്കുന്നു എന്ന കാരണം കൊണ്ടുമാത്രം ഒരു കാരണവശാലും ഒരു വ്യക്തിയുടെ, വസ്തു കൈമാറ്റം ചെയ്യാനുള്ള അവകാശത്തെ ബാധിക്കുന്നില്ല. വസ്തു കൈമാറ്റ ആക്റ്റിലെ 52-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും ഒരു വ്യവഹാരം നിലനിൽക്കെ, ഒരു വസ്തു വില്പന വന്നാൽ ഒരു ലിസ്പെൻഡൻസ് വില്പനയേ ആകുന്നുള്ളൂ. ഒരു കേസ് നിലനിൽക്കെയുള്ള വില്പനയിൽ വാങ്ങുന്നയാൾക്ക്, വില്ക്കുന്നയാൾക്ക് ഉണ്ടായിരുന്നതിനേക്കാൾ കുറ്റമറ്റതോ, മെച്ചപ്പെട്ടതോ ആയ ഉടമസ്ഥാവകാശം നൽകാൻ സാധിക്കുകയില്ല. കൂടാതെ വാങ്ങുന്നയാൾക്ക് വസ്തുവിലുള്ള അവകാശം എല്ലായ്പ്പോഴും നിലവിലുള്ള വ്യവഹാരത്തിന്റെ പരിണതഫലത്തെ ആശ്രയിച്ചിരിക്കും. അതുമാത്രവുമല്ല, വ്യവഹാരം നിലനിൽക്കുന്ന വിവരം അറിവില്ലായിരുന്നാൽ തന്നെയും ഉത്തമ വിശ്വാസത്തോടെ വാങ്ങിയ വ്യക്തി എന്ന പ്രതിവാദവും അയാൾക്ക് ഉന്നയിക്കാൻ സാധിക്കില്ല.

കെയ്വിയാറ്റ്-എമ്പ്റ്റർ-വാങ്ങുന്നയാൾ സൂക്ഷിക്കുക എന്നതാണ് പശ്ചാത്തലം. വസ്തു കൈമാറ്റ ആക്റ്റിലെ 52-ാം വകുപ്പ് എതിർകക്ഷികളുടെ താത്പര്യം സംരക്ഷിച്ചിട്ടുള്ളതിനാൽ, തീർപ്പാക്കാത്ത വ്യവഹാരത്തിന്റെ പരിണിത ഫലത്തിന് വിധേയമാണ് വിൽപ്പന എന്നിരിക്കെ, ലക്ഷ്മി, വസ്തു വിലയ്ക്ക് കൊടുക്കുന്നതിൽ തടസ്സങ്ങൾ ഒന്നും കാണാൻ സാധിക്കുന്നില്ല.

എഗ്സിബിറ്റ് പി.6 റദ്ദു ചെയ്തു. ഹർജി അനുവദിച്ചു.

### വിധിന്യായം

ഒരു പട്ടികഗോത്ര വർഗ്ഗ യുവതിയായ, പരാതിക്കാരി ലക്ഷ്മി. വി.പി, അവരുടെ ഉടമസ്ഥതയിൽ, മണ്ണാർക്കാട് താലൂക്കിൽ അട്ടപ്പാടി, പുഡൂർ വില്ലേജിൽ 1.46 സെന്റ് വസ്തു ഉള്ളതായി അവകാശപ്പെടുന്നു. അവർ ആ വസ്തു വിൽക്കുന്നതിനുള്ള അനുവാദത്തിനായി 1999-ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റിന്റെ (ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. ജില്ലാ കളക്ടർ എഗ്സിബിറ്റ് പി 6 മുഖേന താഴെപ്പറയുന്ന കാരണങ്ങളാൽ അനുമതി നിഷേധിച്ചു.

• 5 മുതൽ 9 വരെയുള്ള എതിർകക്ഷികൾ, ലക്ഷ്മിയുടെ കൂടപ്പിറപ്പുകൾ, ഫയൽ ചെയ്ത ഒരു ക്രിമിനൽ കേസ്-2012-ലെ സി.എം.പി.നം. 3732, മണ്ണാർക്കാട്, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ നിലനിൽക്കുന്നു;

ഒരു ശാശ്വത നിരോധന ഉത്തരവിനു വേണ്ടി ലക്ഷ്മി സ്വയം അവളുടെ കൂടപ്പിറപ്പുകൾക്കെതിരെ, മണ്ണാർക്കാട്, മുൻസിഫ് കോടതി മുമ്പാകെ ഒ.എസ്.നം. 30/2011 ഫയൽ ചെയ്തിട്ടുണ്ട്. സങ്കടമുളള ഹർജിക്കാരി ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നു.

2. ഹർജിക്കാരിയുടെ വിദ്വാനായ അഭിഭാഷകൻ ശ്രീ. യു. ബാലഗംഗാധരൻ, 5 മുതൽ 9 വരെയുള്ള എതിർകക്ഷിക്കൾക്ക് വേണ്ടി ഹാജരാകുന്ന വിദ്വാനായ അഭിഭാഷകൻ ശ്രീ. ശ്രീഹരി, വിദുഷിയായ സർക്കാർ അഭിഭാഷക ശ്രീമതി എ.സി. വിദ്യ, എന്നിവരേയും കേട്ടു.

3. തീർച്ചയായും, ഒരേ കുടുംബത്തിലെ അംഗങ്ങൾ, ലക്ഷ്മി ഒരു വശത്തും അവളുടെ കൂടപ്പിറപ്പുകൾ-സഹോദരൻമാരും സഹോദരികളും-മറുവശത്തും, ഉൾപ്പെട്ടു വരുന്ന തർക്കങ്ങൾ വസ്തുവിനെക്കുറിച്ച് ഉണ്ട്. കൂടപ്പിറപ്പുകൾ ഫയൽ ചെയ്ത ഒരു ക്രിമിനൽ കേസും, ലക്ഷ്മി, നിരോധന ഉത്തരവിനായി ഫയൽ ചെയ്ത കേസും നടന്നുകൊണ്ടിരിക്കുന്നു. ലക്ഷ്മി വിലയാധാരം കെട്ടിച്ചമച്ചു എന്നതാണ് ക്രിമിനൽ കേസിലെ ആരോപണം. മറുവശത്ത്, 2011-ലെ ഒ.എസ്.നം.30-ൽ ലക്ഷ്മി, അവരുടെ സഹോദരൻമാർക്കും സഹോദരിമാർക്കും എതിരെ ഒരു ശാശ്വത നിരോധന ഉത്തരവ് ആവശ്യപ്പെട്ടു. ഒരു ഇടക്കാല നിരോധന ഉത്തരവും കൂടി അവർ നേടിയെടുത്തു.

4. ഈ കേസുകൾ ഒന്നുംതന്നെ നേരിട്ട് വസ്തുവിൻമേൽ ലക്ഷ്മിക്കുള്ള ഉടമസ്ഥാവകാശത്തെ ബാധിക്കുന്നില്ല. കൃത്രിമമായി പ്രമാണം ചമച്ചു എന്നാരോപിച്ച് ഒരു ക്രൈം ലക്ഷ്മിക്കെതിരെ നിലവിലിരിക്കുന്നുണ്ട് എന്നത് ശരിയാണ്. പക്ഷേ, വിദ്വാനായ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന് 2012-ലെ സി.എം.പി.നം.3732 എന്ന കേസിൽ ഉടമസ്ഥാവകാശത്തെപ്പറ്റി തീരുമാനിക്കുന്നതിന് സാധിക്കുന്നില്ല, അതിൽ കൂടുതലും ആരോപിച്ചിട്ടുളളത് ക്രിമിനൽ കുറ്റകൃത്യമായ വ്യാജരേഖ ചമക്കലിനെ സംബന്ധിച്ചാണ്. തർക്കത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇരുകക്ഷികളുടെയും അവകാശ വാദങ്ങൾക്ക് മുൻവിധി കൽപ്പിക്കാതെ തന്നെ ഫോറൻസിക് കണ്ടെത്തലുകൾ ലക്ഷ്മിയെ പ്രതികൂലമായി ബാധിക്കുമെന്ന് ഞാൻ അനുമാനിച്ചാൽ, പിന്നീട് എന്തായിരിക്കും തുടർന്ന് വരുന്നത്? എന്നിരിക്കിലും, എതിർ അവകാശവാദികൾക്ക്, ക്ഷമതയുള്ള ഒരു സിവിൽ കോടതിയിൽ നിന്നും ഒരു അനുകൂല വിധിപ്രസ്താവന നേടേണ്ടതായിവരും. ഫോറൻസിക് കണ്ടെത്തലുകൾ ഒരു പ്രേരക ശക്തി ആയിരുന്നേക്കാം. മറ്റൊരു കേസ്, വ്യവഹാരം, ലക്ഷ്മിയുടെ തന്നെ നിർദ്ദേശ പ്രകാരമാണ്.

5. **അജിത് കുമാർ *Vs* കേരള സർക്കാർ-ൽ** [റിട്ട് ഹർജി നം. 29422/2015ലെ 6-11-2015ലെ വിധിന്യായം] ഈ കോടതി ഇപ്രകാരം നിരീക്ഷിച്ചു: വസ്തു കൈമാറ്റ ആക്റ്റ് പോലെയുള്ള പ്രസക്തമായ നിയമങ്ങൾ ആണ് വസ്തു വിൽപനയെ നിയന്ത്രിക്കുന്നത് എന്നത്, സ്വതസിദ്ധമായ രീതിയാണ്. രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം, ഭാവിയിൽ വാങ്ങുന്നയാൾ ഉടമസ്ഥാവകാശം പരിശോധിക്കുന്നത് ഒരു പ്രധാന ഘടകമാണ്. ആധാരം ഒത്തുനോക്കലിനോടൊപ്പം ബാദ്ധ്യത ഉറപ്പുവരുത്തുക എന്നത്, വസ്തു

കൈവശം വച്ച് അനുഭവിക്കുന്നത് ഒരു കൂട്ടം അവകാശങ്ങളെ സൂചിപ്പിക്കുന്നതാണെന്നും അതിൽ സുപ്രധാനമായിട്ടുള്ളത് വസ്തു കൈമാറ്റം ചെയ്യാനുള്ള അവകാശമാണ് എന്നും **അജിത്കുമാറിൽ** പ്രസ്താവിക്കുന്നു. വസ്തുവകകൾക്കുള്ള അവകാശം ഒരു ഭരണഘടനാവകാശം മാത്രമല്ല, ഒരു മനുഷ്യാവകാശം കൂടി ആണെന്ന് കോടതികൾ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതും, അതിൻ മേലുള്ള വിലക്കിന് ഭരണഘടനയുടെ 300-എ അനുച്ഛേദത്തിൽ സ്പഷ്ടമായ നിയമപരമായ അനുമതി ആവശ്യമാണ്.

6. ഒരു വ്യക്തിയെ, താൽക്കാലികമായോ അല്ലെങ്കിൽ ശാശ്വതമായോ, വസ്തുവകകൾ കൈമാറ്റം ചെയ്യുവാൻ അനുവദിക്കാതിരിക്കാൻ ഒരു സാധുതയുള്ള ജുഡീഷ്യൽ നിർദ്ദേശത്താൽ സാധിക്കും എന്നത് ശരിയാണ്. ഏതെങ്കിലും പ്രകൃതത്തിലുള്ള വ്യവഹാരം നിലനിൽക്കുന്നു എന്ന കാരണം കൊണ്ടു മാത്രം ഒരു വ്യക്തിയുടെ, വസ്തു കൈമാറ്റം ചെയ്യാനുള്ള അവകാശത്തെ ബാധിക്കുന്നില്ല. വസ്തു കൈമാറ്റ ആക്റ്റിലെ 52-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും ഒരു വ്യവഹാരം നിലനിൽക്കെ, ഒരു വസ്തു വില്പന വന്നാൽ ഒരു ലിസ്പെൻഡൻസ് വില്പനയേ ആകുന്നുള്ളൂ. ഒരു കേസ് നിലനിൽക്കെയുള്ള വില്പനയിൽ വാങ്ങുന്നയാൾക്ക്, വില്ക്കുന്നയാൾക്ക് ഉണ്ടായിരുന്നതിനേക്കാൾ കുറ്റമറ്റതോ, മെച്ചപ്പെട്ടതോ ആയ ഉടമസ്ഥാവകാശം നൽകാൻ സാധിക്കുകയില്ല. കൂടാതെ വാങ്ങുന്നയാൾക്ക് വസ്തുവിലുള്ള അവകാശം എല്ലായ്പ്പോഴും നിലവിലുള്ള വ്യവഹാരത്തിന്റെ പരിണതഫലത്തെ ആശ്രയിച്ചിരിക്കും. അതുമാത്രവുമല്ല, വ്യവഹാരം നിലനിൽക്കുന്ന വിവരം അറിവില്ലായിരുന്നാൽ തന്നെയും ഉത്തമവിശ്വാസത്തോടെ വാങ്ങിയ വ്യക്തി എന്ന പ്രതിവാദവും അയാൾക്ക് ഉന്നയിക്കാൻ സാധിക്കില്ല. കെയ്വിയാറ്റ്-എമ്പ്റ്റർ- വാങ്ങുന്നയാൾ സൂക്ഷിക്കുക എന്നതാണ് പശ്ചാത്തലം. വസ്തു കൈമാറ്റ ആക്റ്റിലെ 52-ാം വകുപ്പ് എതിർകക്ഷികളുടെ താത്പര്യം സംരക്ഷിച്ചിട്ടുള്ളതിനാൽ, തീർച്ചയായും തീർപ്പാക്കാത്ത വ്യവഹാരത്തിന്റെ പരിണിത ഫലത്തിന് വിധേയമാണ് വിൽപ്പന എന്നിരിക്കെ, ലക്ഷ്മി വസ്തു വിലയ്ക്ക് കൊടുക്കുന്നതിൽ എനിക്ക് തടസ്സങ്ങൾ ഒന്നും കാണാൻ സാധിക്കുന്നില്ല.

7. ഈ സാഹചര്യങ്ങളിൽ, ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം ജില്ലാ കളക്ടർ വസ്തു വിൽക്കുന്നതിനുള്ള അനുമതി ലക്ഷ്മിക്ക് നിരസിച്ചതിനെ അനുകൂലിക്കാൻ സാധിക്കില്ല.

ആയതിനാൽ, ഞാൻ, എഗ്സിബിറ്റ് പി 6 റദ്ദ് ചെയ്യുന്നു. കൂടാതെ ഹർജിക്കാരിക്ക് വസ്തു കൈമാറ്റം ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നും, എന്നാൽ അത് തർക്കിക്കുന്ന എതിർകക്ഷികൾക്ക് അവരുടെ വസ്തുവകകൾക്ക് മേൽ ഏതെങ്കിലും അവകാശങ്ങൾ ഉണ്ടെങ്കിൽ അതിനെ ബാധിക്കില്ല എന്നും ഞാൻ വ്യക്തമാക്കുന്നു. കൂടാതെ, വിൽപന, നിലനിൽക്കുന്ന കേസിന് വിധേയമായിരിക്കും എന്ന് പ്രസ്താവിക്കേണ്ട ആവശ്യകത ഇല്ല.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്

റിട്ട് ഹർജി (സി) നം. 6730/2018

കെ. ആർ. സിനിമോൾ

*Vs*

1. (പൊതു) വിവാഹങ്ങളുടെ പ്രാദേശിക രജിസ്ട്രാർ (ജനന മരണങ്ങളുടെ രജിസ്ട്രാർ),നായരമ്പലം ഗ്രാമപഞ്ചായത്ത്.
2. സെക്രട്ടറി, നായരമ്പലം ഗ്രാമപഞ്ചായത്ത്, നായരമ്പലം, പി.ഒ. പിൻ-682 509.
3. (പൊതു) വിവാഹങ്ങളുടെ രജിസ്ട്രാർ ജനറൽ, റീജിയണൽ അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ, കാക്കനാട്, കൊച്ചി, പിൻ-682 030.
4. (പൊതു) വിവാഹങ്ങളുടെ ചീഫ് രജിസ്ട്രാർ ജനറൽ, പഞ്ചായത്ത് ഡയറക്ടർ, പബ്ലിക്ക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം-695 033.

2018 മാർച്ച് 2-ന് ഉത്തരവ് പുറപ്പെടുവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിഡിയോ കോൺഫറൻസിംഗ് എന്ന മാധ്യമം മുഖേന വ്യക്തിയെ തിരിച്ചറിയുവാൻ യാതൊരു ബുദ്ധിമുട്ടും ഇല്ലാത്ത പക്ഷം തീർച്ചയായും അത് അവലംബിക്കാവുന്നതാണ്. ആളിനെ തൃപ്തികരമായി തിരിച്ചറിയുന്നപക്ഷം, രജിസ്ട്രാറിന് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തിയുടെ മുക്ത്യാർകാരനെ, അനുവദിച്ചിട്ടുളള നിശ്ചിത സ്ഥലത്ത് ഒപ്പ് രേഖപ്പെടുത്താൻ അനുവാദം നൽകാവുന്നതാണ്.**

### വിധിന്യായം

ഇപ്പോൾ കുവൈറ്റിൽ ജോലി ചെയ്യുന്ന പി.പി.സുധീറിനെ ഹർജിക്കാരി വിവാഹം ചെയ്തു. 26-5-2002-നാണ് വിവാഹം നടന്നത്. 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ, പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യാൻ ഹർജിക്കാരി ആഗ്രഹിക്കുന്നു. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി ഹർജിക്കാരി, രജിസ്ട്രാർ ജനറൽ ഓഫ് മാര്യേജസിനെ സമീപിച്ചു. എന്നാൽ, അവരുടെ ഭർത്താവിന്റെ വ്യക്തിപരമായ അഭാവത്തിൽ അത് രജിസ്റ്റർ ചെയ്യാൻ കഴിയില്ല എന്ന് പറഞ്ഞ് കൊണ്ട് രജിസ്ട്രാർ, രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ചു. വീഡിയോ കോൺഫറൻസിലൂടെ വിവാഹം രജിസ്റ്റർ ചെയ്യുന്ന ഉദ്ദേശത്തിലേക്ക്, 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങളുടെ, 11-ാം ചട്ടത്തിൽ യോജിച്ച ഭേദഗതി വരുത്താത്തതിനാൽ ഈ കോടതിയുടെ ഡബ്ള്യു. പി.സി. നം. 37100/2017-ലെ തീരുമാനം പിൻതുടരാൻ കഴിയില്ല എന്നു കൂടി പ്രസ്താവിച്ചു. വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതിനുളള സൗകര്യം പ്രാദേശിക അധികാരസ്ഥാനത്തിന് ഉണ്ടോ എന്ന് എതിർകക്ഷികളുടെ വിദ്വാനായ സ്റ്റാന്റിംഗ് കൗൺസിൽ മുഖേന ഈ കോടതി ആരാഞ്ഞറിഞ്ഞു. അവർക്ക് അത്തരമൊരു സൗകര്യം ഉണ്ടെന്ന രീതിയിൽ എതിർകക്ഷികളുടെ വിദ്വാനായ സ്റ്റാന്റിംഗ് കൗൺസിൽ ഉറപ്പിച്ചു പറഞ്ഞു.

2. ഈ കേസിൽ കക്ഷികൾ നേരത്തെ തന്നെ ഹാജരായിട്ടുണ്ട്. എന്നിരുന്നാലും, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി നിശ്ചിത സ്ഥലത്ത് കക്ഷികൾ ഒപ്പ് ഇടേണ്ടതായിട്ടുണ്ട്. ഈ ചട്ടത്തിന്റെ ഉദ്ദേശ്യം ആളിനെ തിരിച്ചറിയുന്നതിനും അതുപോലെ തന്നെ അത്തരം ഒരു വിവാഹം നടന്നു എന്ന് ഉറപ്പ് വരുത്തുക എന്നതുമാണ്. വീഡിയോ കോൺഫറൻസിംഗ് എന്ന മാധ്യമം മുഖേന വ്യക്തിയെ തിരിച്ചറിയുവാൻ യാതൊരു ബുദ്ധിമുട്ടും ഇല്ലാത്തപക്ഷം തീർച്ചയായും അത് അവലംബിക്കാവുന്നതാണ്. ആളിനെ തൃപ്തികരമായി തിരിച്ചറിയുന്നിടത്ത്, രജിസ്ട്രാറിന് വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തിയുടെ മുക്ത്യാർ കാരനെ, അനുവദിച്ചിട്ടുള്ള നിശ്ചിത സ്ഥലത്ത് ഒപ്പ് രേഖപ്പെടുത്താൻ അനുവാദം നൽകാവുന്നതാണ്.

3. മേൽപറഞ്ഞ സാഹചര്യങ്ങളിൽ, ദോഷമാരോപിക്കപ്പെട്ട ഉത്തരവ് റദ്ദ് ചെയ്യുന്നു. ഒരു വീഡിയോ കോൺഫറൻസ് നടത്തുന്നതിനും വ്യക്തിയെ തിരിച്ചറിയുന്നതിനും, തൃപ്തിപ്പെടുന്നപക്ഷം, മുക്ത്യാർ കാരൻ മുഖേന അത് രജിസ്റ്റർ ചെയ്യാനും രജിസ്ട്രാറോട് നിർദ്ദേശിക്കുന്നു. ഇത് രണ്ടാഴ്ച്ചയ്ക്കകം ചെയ്യേണ്ടതാണ്.

റിട്ട് ഹർജി മേൽപറഞ്ഞ പ്രകാരം തീർപ്പാക്കുന്നു.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ**

**മഞ്ജുലാൽ**

*Vs*

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും**

**റിട്ട് ഹർജി (സിവിൽ) നം. 34501/2017**

**2017 നവംബർ 29-ന് വിധി കൽപിച്ചത്**

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**നിലവിലെ സ്ഥിതിയിൽ സിവിൽ കോടതിയുടെ ഉത്തരവിനെ അടിസ്ഥാനമാക്കി ജനന തീയതിയിൽ തിരുത്തൽ വരുത്തുന്നതിന് ആഫീസ് മെമ്മോറാണ്ടത്തിൽ വ്യവസ്ഥയില്ല. റിട്ട് ഹർജി പരാജയപ്പെട്ടു.**

### വിധിന്യായം

എഗ്സിബിറ്റ് പി3 പ്രകാരം അപേക്ഷിച്ചിരുന്ന പാസ്പോർട്ടിലെ ജനനതീയതി തിരുത്തലുമായി ബന്ധപ്പെട്ടിരിക്കുന്നു ഈ ഹർജിക്കാരൻ.

2. ഹർജിക്കാരന്റെ ജനന തീയതി പാസ്പോർട്ടിൽ 25-5-1962 എന്നാണ് കാണിച്ചിരിക്കുന്നത്. വാസ്തവത്തിൽ അയാളുടെ ജനന തീയതി ബോർഡ് ഓഫ് ഗവൺമെന്റ് എക്സാമിനേഷൻസ് നൽകിയ എഗ്സിബിറ്റ് പി2 രേഖ മുഖാന്തിരം തെളിയുന്ന 25-5-1968 ആണെന്നാണ് അയാൾ ബോധിപ്പിക്കുന്നത്. ജനന സർട്ടിഫിക്കറ്റിലും തീയതി കാണിക്കുന്നത് 25-5-1968 എന്നതാണെന്ന് ഹർജിക്കാരൻ വീണ്ടും ബോധിപ്പിക്കുന്നു. എന്നാൽ അത് ഈ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല.

3. ഈ തർക്കം ജയകുമാർ *Vs* റീജിയണൽ പാസ്പോർട്ട് ഓഫീസർ 2015(3) കെ.എൽ.റ്റി. 159 എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഈ കോടതിയുടെ വിധിന്യായത്തിൽ ഉൾപ്പെട്ടു വരുന്നതും ഹർജ്ജി കക്ഷിക്ക് എതിരുമാണ്.

4. ഹർജ്ജി കക്ഷിക്ക് വേണ്ടി ഹാജരാവുന്ന വിദ്വാനായ അഭിഭാഷകൻ ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് തീരുമാനമായ യൂണിയൻ ഓഫ് ഇന്ത്യ *Vs* സുനിൽകുമാർ (2015 (3) കെ.എൽ.റ്റി. 501)-ൽ ഊന്നൽ നൽകുന്നു. 29-10-2007-ലെ, നേരത്തെയുള്ള VI/401/2/5/2001-ാം നമ്പർ പരിപത്രത്തിലെ ഒരു നിയന്ത്രണത്തിനെതിരെ ഫയൽ ചെയ്ത അപ്പീലിൽ നിന്നും റിട്ട് ഹർജി ഉയർന്നിട്ടുള്ളതും; അതിൽ പാസ്പോർട്ട് ആഫീസർക്ക് രണ്ടു വർഷങ്ങൾക്ക് ശേഷം ജനന തീയതി തിരുത്തുന്നതിന് നൽകുന്ന ഏതൊരപേക്ഷയും നിരസിക്കുന്നതിന് അധികാരം നൽകിയിട്ടുമുണ്ട്. വിദ്വാനായ സിംഗിൾ ജഡ്ജി, പരിമിതപ്പെടുത്തുന്ന നിബന്ധനയ്ക്ക് നിയമസാധുതയില്ലാത്തതും നിലവിലില്ലാത്തതുമാണെന്നും പ്രഖ്യാപിച്ചു. അപ്പീലിൽ ഡിവിഷൻ ബഞ്ച് ഈ വിധിന്യായം അസ്ഥിരപ്പെടുത്തുകയും റിട്ട് ഹർജിക്കുള്ള പരിഹാരം ആ തീയതിയിൽ നിലവിലിരിക്കുന്ന പരിപത്രത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സിവിൽ കോടതിയെ സമീപിക്കുവാൻ നിർദ്ദേശിച്ചിട്ടുമുണ്ട്.

5. പിന്നീട്, പ്രസ്തുത പരിപത്രം പിൻവലിക്കുകയും ജയകുമാറിന്റെ വിധിന്യായത്തെ അടിസ്ഥാനമാക്കി ഒരു പുതിയ ആഫീസ് മെമ്മോറാണ്ടം [26-11-2001-ലെ ഒ.എം.നം. VI/401/2/5/2001] പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ആഫീസ് മെമ്മോറാണ്ടത്തിൽ ജനന തീയതിയിലെ വ്യത്യാസത്തെ സംബന്ധിച്ച് യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല; എന്നാൽ എങ്ങനെയായാലും പാസ്പോർട്ട് നൽകിയതിന് അഞ്ച് വർഷത്തിന് ശേഷം ജനന തീയതി തിരുത്തുന്നതിനായി പാസ്പോർട്ട് ആഫിസറെ സമീപിക്കുന്നതിന് ഒരു നിയന്ത്രണമുണ്ട്. ഇതും ജയകുമാറിലെ ഈ കോടതിയുടെ തീരുമാനത്തെ അടിസ്ഥാനമാക്കിയാണ്, അതിൽ 20 വർഷത്തെ വ്യത്യാസമാണ് തിരുത്താൻ ആവശ്യപ്പെടുന്നതെങ്കിലും ഒരു വ്യക്തി പാസ്പോർട്ട് കിട്ടിയ ഉടൻതന്നെ സമീപിക്കുന്നുവെങ്കിൽ അതൊരു ഉത്തമവിശ്വാസത്താലുള്ള തെറ്റാണെന്ന രീതിയിൽ തിരുത്തൽ അനുവദിക്കേണ്ടതാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ സിവിൽ കോടതിയുടെ ഉത്തരവിനെ അടിസ്ഥാനമാക്കി തിരുത്തൽ വരുത്തുന്നതിന് ഈ ആഫീസ് മെമ്മോറാണ്ടത്തിൽ യാതൊരു വ്യവസ്ഥയുമില്ലെന്ന് കേന്ദ്രസർക്കാർ അഭിഭാഷകൻ ബോധിപ്പിക്കുകയും ചെയ്തു.

മേൽ സാഹചര്യങ്ങളിൽ, ഈ റിട്ട് ഹർജി പരാജയപ്പെടുകയും അത് നിരസിച്ചതായി നിലകൊള്ളുകയും ചെയ്യുന്നു. ചെലവില്ല.

*——————*

FORM IV

Statement about ownership and other particulars about newspaper (NIYAMA DWANI) to be published in the first issue every year after the last day of February.

| | | | |
|---|---|---|---|
| 1. | Place of publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | FMLY |
| 3. | Printer's Name | : | SUPERINTENDENT OF GOVT. PRESSES |
| | Nationality | : | Indian |
| | Address | : | Government Press, Mannanthala, Thiruvananthapuram. |
| 4. | Publisher's Name | : | LAW SECRETARY |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 5. | Editor's Name | : | Law Secretary |
| | Nationality | : | Indian |
| | Address | : | Law Department, Government Secretariat, Thiruvananthapuram. |
| 6. | Name and address of individual who own the newspapers and partners or share holders holding more than one percent of the total capital | : | B.G. Harindranath, Law Secretary, Law Department, Government of Kerala on behalf of Government of Kerala. |

I, B.G. Harindranath hereby declare that the particulars given above are true to the best of my knowledge and belief.

Date: 6-12-2017.

(Sd.)

*Signature of Publisher.*

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ നിയമ വകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.



RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
പേജ് 64
വാല്യം 2

ഏപ്രിൽ 2018
APRIL 2018
DATE OF PUBLICATION
11-6-2018
ഇഷ്യു - 1



PRINTED BY K.P. MUHAMMED KUTTY, THE SUPERINTENDENT OF GOVERNMENT PRESSES, THIRUVANANTHAPURAM
PUBLISHED BY B.G. HARINDRANATH, SECRETARY, LAW DEPARTMENT, GOVERNMENT SECRETARIAT, THIRUVANANTHAPURAM-695001
ON BEHALF OF GOVT. OF KERALA AND PRINTED AT GOVT. PRESS, MANNANTHALA, THIRUVANANTHAPURAM
AND PUBLISHED AT LAW DEPARTMENT, SECRETARIAT, THIRUVANANTHAPURAM-695001, EDITOR: B.G. HARINDRANATH